# കോവിഡ് 19
# ഉന്നതവിദ്യാഭ്യാസത്തിലുണ്ടാക്കുന്ന മാറ്റം

## സർക്കാരിനു സമർപ്പിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലു തയാറാക്കിയ നയോപദേശ രേഖ

**ചുരുക്കം**

ഈ നയരേഖക്കു നാലുഭാഗങ്ങളുണ്ട്. ആദ്യത്തെ മൂന്നു ഭാഗങ്ങളും പശ്ചാത്തല വിവ രണമാണ്. ചെയർമാനാണതു തയാറാക്കിയത്. ഒന്നാംഭാഗം കോവിഡ് 19 മൂലധന വ്യവസ്ഥക്കേല്പ്പിച്ച ആഘാതം സംക്ഷിപ്തമായി വിലയിരുത്തുകയും മഹാമാരി യുടെ ഫലമായി ഒരുസാമ്പത്തിക ബദലു രൂപം കൊള്ളുന്നതിന്റെ സൂചനകളുണ്ടോ എന്ന ത്വരിതാന്വേഷണം നടത്തുകയും ജനകീയ സാമ്പത്തിക വ്യവസ്ഥയുടെ ഇന്ത്യയിലെ സാദ്ധ്യതയെപ്പറ്റി ചെറുതായൊന്നു പരാമർശിക്കുകയും കേരളത്തിലെ സ വിശേഷാവിഷ്കാരങ്ങളെപ്പറ്റി ചർച്ച ചെയ്യുകയുമാണ്. മഹാമാരിയുടെ മാറ്റിമറിക്കാനുള്ള ശക്തി മനസ്സിലാക്കുന്നതിനുവേണ്ടിയാണിത്. രണ്ടാം ഭാഗം മൂലധനവ്യവസ്ഥ യുടെ പരിണാമത്തെക്കുറിച്ചുള്ള ഊഹങ്ങളാണ്. ഉന്നതവിദ്യാഭ്യാസ സംവിധാനം നിർണ്ണയിക്കുന്ന ആഗോള സാമ്പത്തിക വ്യവസ്ഥയുടെ ഗതിയെപ്പറ്റി ഒരേകദേശ ധാരണയെങ്കിലും ഉണ്ടാക്കുന്നതിനു അത്യന്താപേക്ഷിതമാണവ. ഉന്നതവിദ്യാഭ്യാസ മേഖലയെ മുൻകാല മഹാമാരികളെങ്ങനെ സ്വാധീനിച്ചുവെന്നതിന്റെ ചരിത്രാവ ലോകനമാണു മൂന്നാം ഭാഗം. ഒടുവിലത്തെ ഭാഗം ഉന്നതവിദ്യാഭ്യാസമേഖലയിലെ സമകാലീന വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചയും തയാറെടുപ്പിന്റെ ഭാഗമായി സ്വീക രിക്കേണ്ട നടപടികളുടെയും ശുപാർശയുമാണ്.

***

**പശ്ചാത്തലം: ചെയർമാന്റെ അവലോകനം**

# ഭാഗം ഒന്ന്
# ആഗോള സാമ്പത്തിക വ്യവസ്ഥക്കേറ്റ കോവിഡ് 19 ന്റെ ആഘാതം

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള ഒരാകസ്മിക നയരേഖ എന്ന നിലക്ക് മഹാമാരിയുടെ മാറ്റിമറിക്കാനുള്ള ശക്തിയും പ്രത്യാഘാതങ്ങളും വിലയിരുത്തിക്കൊണ്ടേ അതിനു തുടങ്ങാനാവു. മഹാമാരി ആഗോള സാമ്പത്തിക വ്യവസ്ഥയുടെ ആകപ്പാടെയുള്ള പരിവർത്തനത്തിലേക്കു നയിക്കുമോ എന്ന ചോദ്യം ആദ്യം ചർച്ച ചെയ്യണം. കാരണം ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാവാനിടയുള്ള മാറ്റങ്ങളെ ന്തെല്ലാമായിരിക്കുമെന്നു യുക്തിപൂർവ്വം നിരൂപിക്കുന്നതിനു ആ ചോദ്യവും ഉത്തരവും പകരുന്ന അറിവ് അത്യന്താപേക്ഷിതമാണ്.

കോവിഡാനന്തര നഷ്ടങ്ങളുടെ തീവ്രത കാണിക്കുന്ന കണക്കുകളും വസ്തുതകളും വ്യാഖ്യാനങ്ങളും പുറത്തുവന്നിരിക്കുന്നു. ഏതാണ്ടെല്ലാംതന്നെ മൂലധനവളർച്ച നേരിടുന്ന അജ്ഞാത വെല്ലുവിളികളും നിർബ്ബന്ധ കൈമാറ്റങ്ങളും സൃഷ്ടിക്കുന്ന അസ്വ സ്ഥതയുടെ കോണിൽനിന്നുള്ളവയാണ്. ഏതായാലും അഭൂതപൂർവ്വമാം വിധം ഗുരു തരമായ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങളാണു വിനാശകാരിയായ ഈ ആഗോള ആരോഗ്യ പ്രതിസന്ധിക്കു പിന്നാലെ എല്ലാവരും ആശങ്കപ്പെടുന്നത്. പലവിദഗ്ദ്ധരും കരുതുന്നതു ലോകത്തെയാകെ ഇതൊരു നൂതന സാങ്കേതിക സാമ്പ ത്തിക സംസ്കൃതിയിലേക്കു നയിക്കുമെന്നാണ്.

ചില്ലറ റിപ്പെയറിലൂടെ അധീശസമ്പൽവ്യവസ്ഥയുടെ പരുക്കു ഭേദമാക്കിയതു കൊണ്ടുമാത്രം ഇനി ഫലമുണ്ടാവില്ലെന്നും വ്യവസ്ഥിതിയെത്തന്നെ മാറ്റുന്ന, പാരിസ്ഥിതിക സുസ്ഥിരതയുള്ള നൂതനവികസനമാർഗ്ഗം വെട്ടിത്തുറക്കാതെ നിർവ്വാഹമില്ലെന്നുമാണു പല ആഗോള സംഘടനകളും അഭിപ്രായപ്പെടുന്നത്. പകർച്ചവ്യാധിയെപ്പോലെ മനുഷ്യരെ പരിഭ്രാന്തരാക്കുകയില്ലെങ്കിലും കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടാവുന്ന ദുരന്തങ്ങളും ആസൂത്രകരെ സംബന്ധിച്ചിടത്തോളം അവഗണിക്കാനാ വാത്തത്ര ഗൌരവമുള്ളതാണ് (Niklas Luhmann, 1989; Owen Jones, 2020). പാരിസ്ഥിതിക പുനരുജ്ജീവനശേഷിപോലുള്ള അനുപേക്ഷണീയ ഘടകങ്ങളെ ഇനിയുള്ള കാലത്തെ വികസനാസൂത്രണത്തില് നിന്നു മാറ്റിനിര്ത്താനാവില്ല.

കോവിഡ് 19 ലോകമാകെ സാമ്പത്തിക വ്യവസ്ഥിതിക്കു ഏറെ വിനാശകാരിയാവു മെങ്കിലും വികസിത രാജ്യങ്ങളിലതിന്റെ ഗതി

താരതമ്യേന തീവ്രത കുറഞ്ഞ തോതിലായിരിക്കും. വിമർശ രാഷ്ട്രീയസമ്പദ് മീമാംസാ വിദഗ്ദ്ധരൊക്കെയും കരുതുന്നത് കോവിഡ് 19 ഉണ്ടാക്കുന്ന തകർച്ച സാധാരണ മൂലധനവ്യവസ്ഥയുടെ തിരിച്ചുവരവ് അസാദ്ധ്യമാക്കുമെന്നാണ്. ഏതു വലിയ പ്രതിസന്ധിയും ദാർശനികരെ സമീപഭാവി യെക്കുറിച്ചുള്ള ചിന്തകളുടെ ചിറകുവിരിക്കാനായി പ്രേരിപ്പിക്കും. മഹാമാരിയെത്തു ടർന്നുണ്ടായ അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ച പെരുമാറ്റച്ചട്ടങ്ങളുംമറ്റും വ്യതി സ്വാതന്ത്ര്യവും തനിമയും നഷ്ടപ്പെടുത്തിയെന്നാരോപിച്ചു പലരും പ്രതികരിക്കുക യുണ്ടായി. മനുഷ്യസ്നേഹികളൊക്കെ ഇന്നത്തെ ചുറ്റുപാടുകളുണര്ത്തുന്ന സൂചനക ളിൽനിന്നു കണക്കാക്കുന്നതു കേന്ദ്രീകൃത അധീശഭരണത്തിന്റെയും ആഗോള മൂലധ നവ്യവസ്ഥയുടെയും മൃഗീയതയുടെയും തിരോധാനവും പാരിസ്ഥിതിക നീതിയിലും സാമൂഹ്യസഹകരണത്തിലും പൊതുവിശ്വസ്തതയിലും അധിഷ്ഠിതമായ ബദലിന്റെ രംഗപ്രവേശവുമാണ്. രൂക്ഷമായ വർഗ്ഗവിഭജനമില്ലാത്തതും ഉപജീവനത്തി മാർഗ്ഗ ങ്ങളിലും വിനിമയബന്ധങ്ങളിലും ഏറക്കുറേ സമത്വമുള്ളതുമായ മൂലധനാനന്തര ഘട്ടമാണു ചിലരൊക്കെ സങ്കൽപ്പിക്കുന്നത്. മൂലധന വ്യവസ്ഥിതി തകർന്ന് ആ ഗോള കമ്മ്യൂണിസം തന്നെ സംജാതമാവുമെന്നുപോലും പ്രവചിപ്പിക്കപ്പെട്ടിരിക്കുന്നു (Slavoj Zizek, 2020).

പക്ഷെ സമ്പൽവ്യവസ്ഥയുടെ മൌലിക വ്യതിയാനം മുകളിൽനിന്നു ഭരണകൂടം പ്രേരണചെലുത്തിയല്ല, താഴെനിന്നുള്ള ജനകീയസമ്മർദ്ദത്തിൻറെ ഫലമായാണു സംഭവിക്കുന്നത്. വ്യാപകമായ മനുഷ്യനാശവും ദുരിതപൂർണ്ണമായ ജീവിത സാഹ ചര്യങ്ങളും ജനങ്ങളെ നിലനില്പ്പിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളിലേക്കു നയിക്കും. അതുകൊണ്ടു മഹാമാരി ആഗോള സാമ്പത്തിക വ്യവസ്ഥയെ മാറ്റിമറിക്കുമോ എ ന്നു തീരുമാനിക്കേണ്ടതു പ്രതിസന്ധിക്കാലത്തു നിലനില്പ്പിനായുള്ള വ്യാപക ജന കീയപ്രക്ഷോഭങ്ങളുടെ സൂചനകളുണ്ടോ എന്നു നോക്കിയാവണം. പിന്നെ പ്രക്ഷോഭത്തിന്റെ ഭാഗമായി രൂപംകൊള്ളുന്ന സാമ്പത്തിക ബദലിന്റെ സൂചനകളുണ്ടോ എന്നും അന്വേഷിക്കണം.

## ചരിത്രാനുഭവം

പ്രതിസന്ധിമൂലം നിലനിൽപ്പിനായി നടത്തിയ പ്രക്ഷോഭങ്ങളുടെയും ഉയർന്നുവന്ന സാമ്പത്തിക ബദലുകളുടെയും ചരിത്രാനുഭവങ്ങളെ അവലോകനം ചെയ്യുന്നത് ഇന്നത്തെ സാഹചര്യം മനസ്സിലാക്കുന്നതിനു സഹായകമാവും.

വടക്കേഅമേരിക്കയിലും പശ്ചിമയൂറോപ്പിലും ആസ്ട്രേലിയയിലും 2008ലെ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തു നിലനിൽപ്പിനുവേണ്ടിയുള്ള പൊരുതലിന്റെ ഭാഗമായി സാധാ രണ ജനങ്ങളെങ്ങിനെയാണ് ഒരുപകര സമ്പൽവ്യവസ്ഥ കരുപ്പിടിപ്പിച്ചതെന്നു ഏതാനും സാമൂഹ്യശാസ്ത്രജ്ഞരുടെ പഠനം അറിവു നൽകുന്നുണ്ട് (Manuel Castells et.al 2017). ധനികാനുകൂല ഭരണകൂടത്തിൽനിന്നു എന്തെങ്കിലും ലഭിക്കുമെന്ന പ്രത്യാശ നഷ്ടപ്പെടുകയും മറ്റാരും സഹായിക്കാനില്ലെന്നു ബോദ്ധ്യമാവുകയും ചെയ്തതോടെ നിലനിൽപ്പിന്റെ ഭാഗമായി തനിയേ ഉരുത്തിരിഞ്ഞ സാമൂഹ്യ സഹായ സഹകരണ കൈമാറ്റ സമ്പ്രദായങ്ങളിലേക്കു പാവപ്പെട്ട ജനങ്ങളെ ല്ലാം എത്തിച്ചേർന്നു. പഴയകാലത്തെ ബാർട്ടറു ശൃംഘലയും പരമ്പരാഗത ധാർമ്മികബാങ്കിങ്ങും പുതിയ സാങ്കേതികവിദ്യയുടെ ഭാഗമായ ഡിജിറ്റലായുള്ള വ്യവസായ വും ഗോപ്യഭാഷയിലുള്ള ഡിജിറ്റലു നാണയങ്ങളും പുതിയ സാമൂഹ്യ ബന്ധങ്ങളും ചേർന്നുള്ള ഒരുസവിശേഷ വിനിമയ സമ്പ്രദായം സാദ്ധ്യമാണെന്നു തെളിയിക്കാനവർക്കു കഴിഞ്ഞു. എങ്കിലും മാർക്കറ്റു സമ്പൽവ്യവസ്ഥ അധികം താമസിയാതെ അധീശത്വത്തിലേക്കു തിരിച്ചുവന്നു. എല്ലാബദലുകളെയും അതു വിഴുങ്ങി. കൊറോ ണ 19 ഉണ്ടാക്കിയ പ്രതിസന്ധിക്കാലത്തു പാവപ്പെട്ട ജനങ്ങളവരുടെ ബദലുകളെ വീണ്ടും കണ്ടെത്താനുള്ള വെപ്രാളത്തിലാണിന്ന്.

2008 ലെ സാമ്പത്തിക പ്രതിസന്ധിയെത്തുടര്ന്നുണ്ടായതുപോലെ പകർച്ചവ്യാധിക്കുശേഷമുണ്ടാകാനിടയുള്ള വീണ്ടെടുപ്പു നടപടികളും സ്വാഭാവികമായി ആഗോളാധീശ സമ്പൽവ്യവസ്ഥയുടെ സടകുടഞ്ഞെഴുന്നേൽപ്പിനായി ചെയ്യാവുന്ന എല്ലാ ഒത്താശകളും ഏറ്റവും മുൻഗണനയോടെ ചെയ്യാനേ അന്താരാഷ്ട്ര ഒത്തുവാങ്ങലിട പാടുകളുടെ കുരുക്കുകളിൽപ്പെട്ട രാഷ്ട്ര ഭരണകൂടങ്ങൾക്കു കഴിയൂ. ആരോഗ്യശുശ്രൂഷാസെസ്സുപോലുള്ള പുതിയ നികുതികളും വരുമാനം വർദ്ധിപ്പിക്കാനുള്ള ശമ്പളം പിടിക്കലും വേതനം കുറയ്ക്കലും സർക്കാരിൻറെ ചിലവു ചുരുക്കലും നഷ്ടപരി ഹാരം പരിമിതപ്പെടുത്തലും ജനക്ഷേമ നിക്ഷേപം പിൻവലിക്കലും പോലുള്ള സാ മ്പത്തിക നടപടികളും വരും. ഗതികെട്ട സാഹചര്യം സ്വാഭാവികമായും ജനങ്ങളെ പ്രക്ഷോഭങ്ങളിലേക്കു നയിക്കും. ആരോഗ്യ സുരക്ഷ ഉറപ്പാക്കാനും സാമ്പത്തിക പുനര്വിതരണം നടപ്പാക്കാനും ഉപഭോഗം വ്യാപിപ്പിക്കാനും നിക്ഷേപം കൂട്ടാനും തൊഴിലു വർദ്ധിപ്പിക്കാനും ജനങ്ങളാവശ്യപ്പെടും. ഈ ആവശ്യങ്ങളെല്ലാം അടിസ്ഥാ നപരമായതുകൊണ്ടു തീർച്ചയായും ഭരണകൂടങ്ങളെ കുറച്ചൊക്കെ സ്വാധീനിക്കും. പക്ഷെ ആനുകൂല്യങ്ങളുടെ കാര്യം തൊഴിലിന്റെയും നഷ്ടപരിഹാരത്തി

ന്റെയും ആരോഗ്യപരിരക്ഷയുടെയും പരിമിതമായ തോതിലൊതുങ്ങും. അതിനപ്പുറം മൂലധന വളര്ച്ചയെ നിയന്ത്രിക്കുന്നതിനോ നീതിയുക്തമായ വിതരണം ഉറപ്പാക്കുന്നതിനോ യാതൊരു നടപടികളും കഴിയില്ല.

ലോകത്തെ വലിയ ജനാധിപത്യങ്ങളിലൊന്നാണെങ്കിലും ഇന്ത്യയുടെ സ്ഥിതിയും വ്യാത്യസ്തമായിരിക്കില്ല. ഇന്ത്യ മാക്രോസാമ്പത്തിക സ്ഥിരതയുള്ള സ്വതന്ത്ര കമ്പോള വ്യവസ്ഥക്കു കീഴിലെ ചടുല സ്വകാര്യമേഖലയുടെ വികസിത ചുറ്റുപാടും ഭീമമായ ആഭ്യന്തര വിപണിയും സാമാന്യം വൈവിദ്ധ്യമാർന്ന സയൻസിക സാ ങ്കേതികാടിസ്ഥാന സെ� കര്യങ്ങളും ബൃഹത്തായ പ്രവാസി സമൂഹവും ആഗോള സോഫ്റ്റുവെയറു ദാതൃ പദവി നേടിയ വികസിത ഐടി മേഖലയും ഉള്ള ഒരുമൂലധന ചങ്ങാത്ത രാജ്യമാണ്. വിവധ സംഘങ്ങളും ബന്ധങ്ങളും താല്പര്യങ്ങളുമുള്ള സമൂഹ ങ്ങളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രം പ്രത്യക്ഷത്തിലൊരു സമ്പൂർണ്ണ ഏകോപന കൃത്യമാണു നിർവ്വഹിക്കുന്നതെങ്കിലും ഭരണകൂടഘടകങ്ങളെ ഉൾക്കൊള്ളുന്ന മദ്ധ്യ വർഗ്ഗത്തിന്റെ ഇച്ഛാനുസരണവും ആത്യന്തിക നിയന്ത്രണച്ചരടു പിടിക്കുന്ന മൂലധ നശക്തികൾക്കാവശ്യമുള്ള രീതിയിലും മാത്രമേ നടക്കുകയുള്ളൂ. കമ്പോളത്തിന്റെ ചൊല്പ്പടിയിലായ ജനങ്ങളാവട്ടെ ഭരണകൂടത്തിനും അർദ്ധഭരണകൂടത്തിനും സ്വകാര്യ ഉടമസ്ഥതക്കും മതങ്ങൾക്കു കുറുകെയുള്ള ജാതി-വർഗ്ഗ സംഗമത്തിനും കീഴെ മേൽക്കീഴു വ്യവസ്ഥയുടെ ഭാഗമായി ഏകീകരിക്കപ്പെട്ടിരിക്കുകയാണുതാനും. ജന സംഖ്യയുടെ നാലിലൊന്നു ഗ്രാമീണരും നിരക്ഷരരും ദരിദ്രരും മിക്കവാറും രാഷ്ട്രീയ തയെക്കാളും വൈകാരികതയിലക പ്പെട്ടവരുമായിരിക്കേ രാഷ്ട്രത്തിനു ജനാധിപത്യവൽക്കരണം പ്രയാസമാണ്. നിലനില്പ്പിനുവേണ്ടിയുള്ള സമരങ്ങളുണ്ടെ ങ്കിലും അവ ഉൾക്കൊള്ളപ്പെട്ടവയും പാർശ്വവൽകൃതവുമാണ്. പഞ്ചായത്തുരാജ് നഗരപാലിക സ്വയംഭരണ സംരംഭം (1992-93) കമ്പോളാധിഷ്ഠിത വികസനം ത്വരിതപ്പെടുത്തുന്നതിനു ഭരണകൂടത്തെ സഹായിച്ചതല്ലാതെ ജനാധിപത്യവല്ക്കരണം സാദ്ധ്യമാക്കിയില്ല. കാരണം പ്രാദേശിക സാമുദായിക ജാതീയ ശൃംഖലയുടെ ഭാഗമായ സാമൂഹ്യാധികാര ബന്ധങ്ങളിലെന്തെങ്കിലും മാറ്റം ഉണ്ടാക്കാനതിനു പ്രയാ സമാണ്.

**കേരളത്തിന്റെ വ്യത്യസ്തത.**

കേന്ദ്രീകൃത ജനാധിപത്യ ഇടതുപക്ഷഭരണകൂടം കേരളത്തിലീ ഭരണഘടനാ ഭേദ ഗതിപ്രകാരമുള്ള നിയുക്ത സ്വയംഭരണ സംരംഭം ജനകീയാസൂത്രണ (1996) സമ്പ്ര ദായമെന്ന നിലയ്ക്കു നടപ്പിലാക്കിയതു തികച്ചും ഭിന്നമായ ഫലമാണുളവാക്കിയത് (Thomas Isaac, 2001; Michael Tharakan, 2001). അതു നാരായവേരുതല സ്ഥാപനങ്ങളുടെ, പ്രത്യേകിച്ചും ദുർബ്ബലവിഭാഗങ്ങൾക്കു പ്രാദേശിക വിഭവങ്ങളിലും അ ധികാരത്തിലും പ്രവേശം നൽകുന്ന ജനകീയ സഹായസഹകരണസംഘങ്ങളുടെ വികസനത്തിനു വഴിയൊരുക്കി.പ്രാദേശികതല വികസന സംരംഭങ്ങൾക്കായി ആ സൂത്രണ ഫണ്ടിന്റെ സുനിശ്ചിത വിഹിതം ലഭിക്കുന്ന ജനകീയ സ്വയംഭരണ സ്ഥാ പനങ്ങളുടെ സാന്നിദ്ധ്യം കേരളത്തെ ഇതര സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്ത മാക്കുകയും സുസ്ഥിര വികസനത്തിലീ സംസ്ഥാനത്തെ ഒന്നാമതാക്കുകയും ചെയ്യു ന്നു.

കോവിഡ് 19പ്രതിസന്ധി വിജയകരമായി നേരിടുന്നതിനു കേരളം സ്വീകരിച്ച മാർഗ്ഗങ്ങളത്രയും ആഗോളശ്രദ്ധയാകർഷിച്ചു. മുഖ്യമന്ത്രിയുടെ അസാമാന്യ നേതൃത്വ വും ആരോഗ്യമന്ത്രിയുടെ അത്മസമർപ്പണത്തോടെയുള്ള ഇടപെടലും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ കർമ്മശേഷിയും ആരോഗ്യശുശ്രൂഷാ കേന്ദ്രങ്ങളുടെ മികവും ലോകത്തെ വിസ്മയിപ്പിച്ചു. പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും പല സഹായസഹകരണ സംഘങ്ങളെയും വിതരണ മാർഗ്ഗങ്ങളെയും കാരുണ്യ കേന്ദ്ര ങ്ങളെയും സാമൂഹ്യസേവന പ്രസ്ഥാനങ്ങളെയും ഏകോപിപ്പിച്ചു യുദ്ധകാലാടിസ്ഥാനത്തിലും സഹാനുഭൂതിയോടെയും പ്രവർത്തിപ്പിച്ച രാഷ്ട്രീയാധികാരമാണു വികസിതരാഷ്ട്രങ്ങളെ അമ്പരപ്പിച്ചത്. പരസ്പരമിണങ്ങാത്ത താൽപര്യക്കാരായ ഏ ജൻസികളെ സാമ്പത്തിക നേട്ടങ്ങൾക്കുമേലെ മാനുഷിക മൂല്യങ്ങൾക്കു പരമപ്രാ ധാന്യമുള്ള ഒരേയൊരു ചുമതലയ്ക്കായി നിയോഗിക്കലാണത്. ഈ പ്രത്യേക സാഹചര്യമാണു വ്യാധിക്കാല അടച്ചിടലിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങളായ ഉപജീവ നമാർഗ്ഗമില്ലാതാവലിനെയും വരുമാനമില്ലാതാവലിനെയും വിളവു വിൽക്കാനാവാ തായതിനെയും തൊഴിലില്ലായ്മയേയും ദാരിദ്ര്യത്തെയും പട്ടിണിയേയും പോലുള്ള പ്രശ്നങ്ങളെയും കാര്യക്ഷമമായി നേരിടാനാനുള്ള കരുത്തു പകരുന്നത്. സ്വമനസ്സാ ലെയുള്ള സ്വത്തു പുനർവിതരണവും സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന അവശ്യ വസ്തുക്കളുടെ ലാഭേച്ഛകൂടാതെയുള്ള വിതരണവും സാദ്ധ്യമാക്കുന്നതിനു ഭരണകൂടത്തെ സ ഹായിക്കുന്നതും അതാണ്. ഗവണ്മെന്റു സാമ്പത്തികവ്യവസ്ഥയെ കേവലം വളർച്ചയിലൂന്നുന്നതിനു പകരം ജനങ്ങൾക്കു സാധനങ്ങളും സേവനങ്ങളും നിക്ഷേപവും പ്രദാനം ചെയ്യുന്നതും

നീതിപൂർവ്വകവും മാറ്റങ്ങളെ ഉൾക്കൊള്ളുന്നതുമായ ബദലായും സ്തംഭനാവസ്ഥയുമായിണങ്ങുന്ന ഒരുസവിശേഷ നിലനില്പ്പുരീതിയായും പുനരാ വിഷ്കരിക്കലാണത്.

ബദലു നൽകുന്ന സൂചനകളെല്ലാം കാണിക്കുന്നതു മറ്റൊരു സമ്പൽവ്യവസ്ഥ സാദ്ധ്യമാണെന്നു തന്നെയാണ്. വികസിതലോകത്തും പിന്നെ അങ്ങിങ്ങായും ചിതറിക്കിടക്കുന്ന സമൂഹങ്ങളുപലതും സ്വന്തം നിലനിൽപ്പിനുവേണ്ടിയുള്ള പൊരുതലിനോടൊപ്പം സ്വാഭാവികമായി ഉരുത്തിരിഞ്ഞ സ്ഥാപനങ്ങളും സംഘങ്ങളും ബന്ധങ്ങളും പ്രയോഗങ്ങളും വഴി ഇതു സാദ്ധ്യമാക്കി. കേരളത്തിനിതു സാദ്ധ്യമായതു ഭര ണഘടനപ്രകാരം നിയുക്തമായ സ്വയംഭരണസ്ഥാപനങ്ങളും സഹകരണസംഘങ്ങളും രാഷ്ട്രീയ നേതൃത്വവും വഴിയാണ്. പ്രതിസന്ധിക്കിടെ ഒരുബദലായി രൂപപ്പെട്ട സാമ്പത്തികക്രമത്തിന്റെ പ്രതികരണങ്ങളായ ജോലിപങ്കിടലും ഭക്ഷ്യസുരക്ഷാ ഏർപ്പാടുകളും അടിസ്ഥാന ധനസഹായ പദ്ധതിയുംമറ്റും മൂലധനവ്യവസ്ഥ യുടെ പതിവു പുനർവിതരണ നടപടികളെ തകിടം മറിച്ചു. കൂടാതെ സാമൂഹ്യ സുരക്ഷാ ശൃംഘലകളുണ്ടാക്കാനും പൊതുജനാരോഗ്യം ശക്തിപ്പെടുത്താനും പ്രാദേശിക സംരംഭങ്ങൾക്കു സാമ്പത്തിക സഹായം ഉറപ്പാക്കാനും വളർച്ചയെ സാമൂഹ്യ നീതിയുമായി ഇണക്കി നിർത്താനും ഗവണ്മെന്റെങ്ങനെയാണു നയരൂപീകരണം നടത്തേണ്ടതെന്നു കേരളം ലോകത്തിനു മാതൃക കാണിക്കുകയും ചെയ്തു.

പ്രതിസന്ധി കടന്നതിനുശേഷവും ഇങ്ങനെ ലാഭേച്ഛയും ഉപഭോഗപരതയുമില്ലാത്ത ഉൽപ്പാദന ഉപഭോഗ വിനിമയ സമ്പ്രദായം നിലനിർത്താനാവും എന്ന് ഇതിനർത്ഥമില്ല. സാദ്ധ്യമാക്കുന്നതാരായാലും ഇവയെല്ലാം പ്രതിസന്ധി ക്കാലത്തേക്കു മാത്രം എന്നതാണനുഭവം. മൂലധനവ്യവസ്ഥയുടെ വികസന ബലതന്ത്രവുമായി ബന്ധപ്പെട്ട പല കാരണങ്ങളാലും ഈവക ബദലു സമ്പ്രദായങ്ങൾക്കൊന്നും വ്യവസ്ഥിതിപരമായ മാറ്റമുണ്ടാക്കും വിധം ഉയർന്നു വരാനാവില്ല (David Ruccio, 2010). ഇതിലെല്ലാറ്റിലുമേറെ നിർണ്ണായകം സാമ്പത്തികവ്യവസ്ഥയുടെ ഉപകരണമെന്ന നിലക്ക് ഭരണകൂടം വഹിക്കുന്ന പങ്കാണ്. പ്രതിസന്ധിക്കാലത്തുപോലും ഭരണകൂടത്തിന്റെ മുൻഗണന സാമ്പത്തിക വളർച്ചയുടെ സംരക്ഷണമായിരിക്കും. പക്ഷെ അതേസമയം കേരളത്തിന്റെ ഭരണകൂടമുന്ഗണന ജനങ്ങളുടെ ഉപജീവന സുരക്ഷയും പൊതുജനാരോഗ്യവും വിദ്യാഭ്യാസ പ്രവേശസമത്വവും നീതിയുമാണ്

## ഭാഗം രണ്ട്
## ആഗോള സാമ്പത്തിക വ്യവസ്ഥയുടെ അവസ്ഥാന്തരം

ആഗോള സാമ്പത്തിക വ്യവസ്ഥ യാതൊരു മാറ്റവുമില്ലാതെ തുടരുമെന്നു പറയാനാര്ക്കുമാവില്ല. ജീവനുഭീഷണി ഉയർത്തി വൈറസും പകർച്ചവ്യാധിയും ലോകമെങ്ങും പടർത്തുന്ന പരിഭ്രാന്തിയും ഭയവും മുതലാക്കി ആഗോള മൂലധനവ്യവ സ്ഥയു ടെ വികാസം തുടരുമെന്നാണു തോന്നുന്നത്. പഴയരൂപത്തി ലായിരിക്കില്ലെങ്കിലും.

### ടെക്നോകാപ്പിറ്റലിസം (നോളജ് ഇക്കോണമി)

2008 തൊട്ടിങ്ങോട്ടു സയൻസിനെയും സാങ്കേതികവിദ്യയെയും ആശ്രയിച്ച് അത്ഭുതകരമാം വിധം മൂലധനസമാഹരണം നടത്തി വരുന്നതു മൂലധനവ്യവസ്ഥയുടെ ഏറ്റവും പരിണിത രൂപമായ ടെക്നൊകാപിറ്റലിസം അഥവാ നോളജ് ഇക്കോണ മിയാണെന്നു പല പഠനങ്ങളും കാണിക്കുന്നു. ജ്ഞാനത്തെ മൂലധനമാക്കുന്നതി നായി സാങ്കേതികവിദ്യയുടെയും സയൻസിന്റെയും ചരക്കുവൽക്കരണത്തെ ആശ്രയിക്കുന്ന ഒരുനൂതന രൂപത്തിലായിരിക്കും മൂലധനവ്യവസ്ഥയുടെ ഇനിയുള്ള വളർച്ചയെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സയൻസും സാങ്കേതികവിദ്യയും ചേർന്നു രൂപപ്പെടുന്ന സങ്കരവിജ്ഞാന മേഖലകളിലെ ജ്ഞാനോൽപ്പാദനമാണതിനു പ്ര ധാനം. ഭീമങ്ങളായ ആഗോള ഗവേഷണ സ്ഥാപനങ്ങളിലൂടെ വമ്പിച്ച മൂലധന സ മാഹരണ സാദ്ധ്യതയുള്ള ചരക്കുകളായ ബൌദ്ധികസ്വത്തും പേറ്റന്റുകളും ഉൽപ്പാദിപ്പിക്കുന്ന കോർപ്പറേറ്റുകളാണു മൂലധനവ്യവസ്ഥയുടെ പ്രസ്തുത പുതിയരൂപം (A. Feenberg, 1991, Luis Suarez-Villa, 2009 & 2012).

ഇത്തരം കോർപ്പറേറ്റുകളിന്നു ലോകമെങ്ങും ഗവേഷണ സ്ഥാപനങ്ങളുണ്ടാക്കി ഹൈപവര്കംപ്യൂട്ടിങ്ങിലും സോഫ്റ്റുവെയറു ഡിസൈനിങ്ങിലും ആയിരക്കണക്കിനു സാ യൻസിക സാങ്കേതിക വിദഗ്ദ്ധരെവെച്ചു പ്രവർത്തിച്ചു വരുന്നു. സ്വാഭാവികമായും ഇതിന്റെ അടിസ്ഥാനാശ്രയം യുവസമൂഹത്തിന്റെ സായൻസിക സാങ്കേതിക സർഗ്ഗ ശേഷിയുടെ ചൂഷണംമായിരിക്കും (Michael Perelman, 2004). ബൌദ്ധികസ്വത്തി ൻറെയും പേറ്റന്റുകളുടെയും വിനിമയത്തിലൂടെ കോർപ്പറേറ്റുകളിന്നു അനേകായിരം കോടി ഡോളറാണു സമാഹരിക്കുന്നത്. അതുപോലെ മൾട്ടിമീഡിയ സോഫ്റ്റുവേറുക ളുടെ കൈമാറ്റം വഴിയും അത്ഭുതകരമായ തോതിലുള്ള മൂലധനത്തുക സമാഹരിക്കുന്നു. അറിവിന്റെ സ്വന്തമാക്കലും

നിയന്ത്രണവും ചരക്കുൽപ്പാദനത്തിന്റെ ആസ്പദ മെന്ന നിലയിലല്ല ചരക്കും ബൌദ്ധികസ്വത്തിന്റെ സ്രോതസ്സും എന്ന നിലയിലാണെന്നർത്ഥം. ഈ സമ്പത്തിനെ ഇൻറലക്ചലസറ്റ് അഥവാ ഇൻറാഞ്ചിബിളസറ്റ് എന്നാണിന്നു വിളിക്കുന്നത്. ചരക്കുകളുടെയും സേവനങ്ങളുടെയും ഇന്നു നിലവിലുള്ള മൊത്തം മൂല്യത്തിന്റെ അഞ്ചിൽനാലുപങ്കും ഇൻറാഞ്ചിബിളസറ്റാണെന്നു കണ ക്കാക്കപ്പെടുന്നു (Luis Suarez-villa, 2009 & 2012).

അറിവു ചരക്കായും മൂലധനമായും പ്രവർത്തിക്കുന്ന സമ്പൽവ്യവസ്ഥയാണിത്. അറിവിന്റെ ചരക്കുവൽക്കരണം സർഗ്ഗാത്മകതയെ ഉടമയിൽനിന്നുമാറ്റി പ്രയോ ക്താക്കൾക്കു കാണാനാവാത്തവിധം നിർത്തുന്നു. ഇതു കമ്മോഡിറ്റി ഫെറ്റിഷിസം മൂലധന ഫെറ്റിഷിസമായിമാറുന്ന പ്രക്രിയയാണ്. രാഷ്ട്രാന്തരസാമ്രാജ്യത്വത്തിലും കോർപ്പറേറ്റുമിലിറ്റൻസിയിലും സാങ്കേതികപരിഷ്കാരത്തിലും വേരൂന്നുന്ന ആഗോളബൌദ്ധികസ്വത്തവകാശ നിയമവ്യവസ്ഥയ്ക്കു കീഴിലൊരു വളരെ സങ്കീർണ്ണമായ വിധത്തിലാണതു പ്രവർത്തിക്കുന്നത്. കൊർപ്പൊറേറ്റു ലബോറട്ടറികളെല്ലാം സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കുന്നത് Xറേ ക്രിസ്റ്റലോഗ്രാഫിയും റൊബോ ട്ടിക് ക്രിസ്റ്റലൈസേഷനും ഹൈഫീൽഡ് NMR സ്പെക്ട്രോസ്കോപ്പിയും മൈക്രോആറെ സാങ്കേതികവിദ്യയും ഓട്ടോമേറ്റഡ് മെത്തേഡുകളുംവഴി പ്രോട്ടീനുകളുടെയും ജീനുകളുടെയും അതിസൂക്ഷ്മ പ്രപഞ്ചവും അതിന്റെ ബലതന്ത്രവുമാണ്. അവയുടെ ഗവേഷണങ്ങളൊട്ടുമുക്കാലും ജെനോമിക്സും ബയോഫാർമക്കോളജിയും ബയോമെഡിസിനും സിന്തെറ്റിക് ബയോ എഞ്ചിനിയറിങ്ങും ബയോഇൻഫർമാറ്റിക്സും റോബോട്ടിക്സും നാനോടെക്നോളജിയും അഗ്രൊ-ബയോ-ടെക്നോളജിയും അടരട രായുള്ള നാനോഫിലിം അസംബ്ലിങ്ങും പോലുള്ള അധുനാതന സയൻസ്-ടെക് സങ്കരവിഷയങ്ങളിലാണ് (Luis Suarez-villa, 2012 & 2015). അവിടെ ബയോ എഞ്ചിനിയേഡ് തന്മാത്രാ പ്രോസസ്സറുകളും തലച്ചോറുമായി നേരിട്ടു ബന്ധപ്പെടുന്ന നാനോടെക് ട്രാൻസ്മിറ്ററുകളും സെൻസറുകളും വികസിപ്പിച്ചു കൊണ്ടിരിക്കുന്നു. എല്ലാം നാളത്തെ കമ്പോളസാദ്ധ്യത ലക്ഷ്യമാക്കിയുള്ള കണ്ടുപിടുത്തങ്ങളും ഉപകരണ നിർമ്മാണവും തന്നെ. കൈവശവും പൈപ്പുലൈനിലുമായി പതിനായിരക്കണക്കിനു ബില്ല്യണോളം ഡോളറു വിലമതിക്കുന്ന ബൌദ്ധികസ്വത്തും പേറ്റന്റുകളും ഉള്ള ടെക്നോകാപ്പിറ്റലിസ്റ്റുകൾക്കു കോവിഡ് 19 പ്രതിസന്ധി മൂലധനസമാഹര ണം വർദ്ധിപ്പിക്കുന്നതിനേ കാരണമാവൂ. ടെക്നോകാപ്പിറ്റലിസ്റ്റു കോർപൊറേഷനു കളാണിന്നു സമകാലീന ലോകത്തു ഏറ്റവും

മൂലധനശേഷിയും അഭൂതപൂർവമായ സ്വാധീനവും **കൈയ്യാളുന്നത്** (Luis Suarez-villa, 2015).

ഈ സംഘടിത അറിവു വ്യവസായത്തിന്റെ പ്രത്യാഘാതങ്ങളെ അദ്ധ്യാപനം വഴി യും ഗവേഷണത്തിലൂടെയും തുറന്നുകാട്ടിയുള്ള അക്കാദമിക ചെറുത്തുനിൽപ്പിനു സർവ്വകലാശാലകൾക്കു കഴിയണം. സുസ്ഥിരപരിഹാരം കാത്തിരിക്കുന്ന പ്രാദേ ശിക പ്രശനങ്ങളിലേക്കു വിദ്യാർത്ഥികളെ ആകർഷിക്കാനുമാവണം. നമ്മുടെ സ്ഥാ പനങ്ങളുടെ സാമൂഹ്യമായ വേരുറപ്പിക്കുന്നതിനു പ്രാപ്തിയുള്ള ജീവിതബന്ധിയായ അക്കാദമിക സംരംഭങ്ങളാസൂത്രണം ചെയ്യുക എന്നതും അങ്ങേയറ്റം പ്രധാനമാണ്.

## ഭാഗം മൂന്ന്
## കോവിഡ് 19 അനന്തര ഉന്നത വിദ്യാഭ്യാസം

ഉന്നതവിദ്യാഭ്യാസത്തിന്റെ ഇന്നത്തെ സവിശേഷതകളെ നന്നായി മനസ്സിലാക്കുന്ന തിനും ഭാവിയിലുണ്ടാവാനിടയുള്ളവയെ സാമാന്യവൽക്കരിക്കുന്നതിനും മുൻകാല അനുഭവങ്ങള വലോകനം ചെയ്യുന്നതു ഫലപ്രദമായിരിക്കും. വമ്പിച്ച മനുഷ്യ നാശ ത്തിനു കാരണമാവുന്ന മഹാമാരിയുണ്ടാക്കിയ പ്രതിസന്ധി പലപ്പോഴും വ്യവസ്ഥിതിയുടെ അപ്പാടെയുള്ള പരിവർത്തനത്തിനു കാരണമാകും വിധം പൂർവ്വകാല സാമൂ ഹ്യബന്ധങ്ങളിലെ അടിസ്ഥാന വൈരുദ്ധ്യങ്ങളുടെ തീവ്രത വർദ്ധിപ്പിച്ചിരുന്നതായി കാണാം. അതാതുകാലത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായവും ഈ പരിവർത്തന പ്രക്രിയയിൽനിന്നു മുക്തമായിരുന്നില്ലെന്നു പറയേണ്ടതില്ല.

### പൂർവ്വവൃത്താന്തം

മഹാമാരി അധീശ സമ്പദ്ബന്ധങ്ങളിലെ വൈരുദ്ധ്യം മൂർച്ഛിക്കുന്നതിനു കാരണമായതായും തുടർന്നുണ്ടായ അടിസ്ഥാനവർഗ്ഗ ജനകീയ കലാപങ്ങളിലൂടെ വ്യവസ്ഥി തിപരമായ മൌലിക മാറ്റത്തിനിടയായതായും ചരിത്രം കാണിക്കുന്നു. പതിനൊന്നും പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിലിടവിട്ടു യൂറോപ്പിലരങ്ങേറിയ പലതരം പ്ലേഗ് അനേകം അടിയാളകർഷകരെ കൊന്നൊടുക്കി. അതോടൊപ്പം ശേഷിച്ചവരുടെ വിമോചന പ്രക്ഷോഭങ്ങളും ചേർന്നു ഫ്യൂഡലിസത്തിന്റെ തിരോധാനത്തിനു നാന്ദി കുറിച്ചു. ഈ പ്രതിസന്ധിക്കാലത്താണു സാമ്പത്തിക സമ്മർദ്ദത്തിനും രാഷ്ട്രീയ നിയന്ത്രണത്തിനും ഡോഗ്മക്കും അതീതമായി അദ്ധ്യാപക

വിദ്യാർത്ഥി ഗിൽഡുകളുടെ രൂപത്തിലാരംഭിച്ച ബൊളോണയും ഓക്സ്ഫോർഡും പാരീസും ലോകത്തിലെ ഏറ്റവും പഴയ സർവ്വകലാശാലകളായി വളർന്നത്. പതിനാലും പതിന ഞ്ചും പതിനാറും പതിനേഴും നൂറ്റാണ്ടിലുടനീളം പ്ലേഗ് അത്യന്തം ഭീകരമായി തുടരുകയുണ്ടായി. മഹാമാരിമൂലം ഭീമമായ മനുഷ്യനാശവും സാമ്പത്തിക പ്രതിസന്ധിയും സാമൂഹ്യപ്രക്ഷോഭങ്ങളും യുദ്ധങ്ങളുമുണ്ടായിട്ടും നൂറ്റാണ്ടുകളിട്ടും കൂട്ടിയ ജിജ്ഞാസയും അന്വേഷണത്വരയും വിമർശാവബോധവും സാഹസികതയും വളർത്തിക്കൊണ്ടും അറിവിന്റെ ചക്രവാളം വികസിപ്പിച്ചുകൊണ്ടും സർവ്വകലാശാലകളുയർന്നു പെ രുകി. യുഗപരിവർത്തനം കുറിച്ച നവോത്ഥാനത്തിനും ഭൂമിശാസ്ത്രപരമായ കണ്ടെ ത്തലുകൾക്കുംമതപരിഷ്കരണപ്രസ്ഥാനത്തിനും വ്യവസായ വിപ്ലവത്തിനും അതെ ല്ലാമാണു കാരണമായത്.

മഹാമാരിയുടെ അടച്ചുപൂട്ടലിന്റെ കാലത്തു സർവ്വകലാശാലകളും കോളജുകളും സാർത്ഥകമായ അക്കാദമിക പുനർരൂപീകരണത്തിനും പാഠ്യവൈവിദ്ധ്യ വൽക്ക രണത്തിനും വിധേയമായിക്കൊണ്ടു വിമർശനോന്മുഖ ഗവേഷണങ്ങളുടെയും അടി സ്ഥാനപരമായ കണ്ടെത്തലുകളുടെയും നൂതന സൃഷ്ടികളുടെയും കേന്ദ്രങ്ങളായി വളരുകയുണ്ടായി. അക്ഷരാർത്ഥത്തിലന്നത്തെ ലോകത്തെ പിടിച്ചുകുലുക്കിയ ഐ സക് ന്യൂട്ടൻറെ ഊർജ്ജതന്ത്ര ഗണിതശാസ്ത്ര തത്വങ്ങളുടെ പിറവി ഒരുമഹാമാരിയെത്തുടര്ന്നുണ്ടായ വലിയൊരടച്ചുപൂട്ടലിന്റെ കാലത്തായിരുന്നു. ആത്യന്തികമായി ഇവയൊക്കെ ഫ്യൂഡലിസത്തിന്റെ പൂർണ്ണമായ തിരോധാനത്തിനും പതിനെട്ടാം നൂറ്റാഉണ്ടിന്റെ ആവിർഭാവത്തോടെ മൂലധനവ്യവസ്ഥയെന്ന പുതിയ സാമ്പത്തിക സാമൂഹ്യ ബന്ധങ്ങളുടെ രൂപീകരണത്തിനും കാരണമായി.

പത്തൊമ്പതാം നൂറ്റാണ്ടിലെ വസൂരിയെത്തുടർന്നു വലിയ ആരോഗ്യപ്രതിസന്ധി യുണ്ടായി. അനേകം തൊഴിലാളികളുടെ ജീവനെടുത്ത ഈ പ്രതിസന്ധി മൂലധനവ്യവസ്ഥക്കു സാരമായ ക്ഷതമേല്പ്പിച്ചു. എന്നിരുന്നാലും മെഡിക്കൽകോളേജുകളുടെ വളർച്ചയും ആരോഗ്യമേഖലയിലെ കണ്ടുപിടുത്തങ്ങളും അവയെ ആധാരമാക്കി ഉടലെടുത്ത ഫാർമസ്യൂട്ടിക്കലിന്റസ്ട്രിയുടെ വ്യാപനവും വിപണി സാദ്ധ്യത ഉറപ്പാക്കുന്നത്തിനു സ്വീകരിച്ച പുതിയ സംഘാടന തന്ത്രമായ കുത്തകവൽക്കരണവും മൂലധന വ്യവസ്ഥയ്ക്കു അക്കാലത്തെ പ്രതിസന്ധിയെ അതിജീവിക്കാനുള്ള കരുത്തു നൽകി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളോടെ ലുയി പാസ്റ്റ റിന്റെയും ജോസഫ് ലിസ്റ്ററിന്റെയും

റോബർട്ട് കോച്ചിന്റെയും ഇവാനോസ്കിയുടെയും മറ്റും കണ്ടുപിടുത്തങ്ങളോരോന്നും ബാക്ടീരിയോളജി എന്ന നൂതന വിജ്ഞാന ശാഖയും ലബോറട്ടറിപരീക്ഷണത്തെ ആധാരമാക്കിയുള്ള രോഗനിർണ്ണയ രീതിയും വൈദ്യശാസ്ത്ര രംഗത്തു വഴിത്തിരിവായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ത്തോടെയാണു ബീജറിങ് വൈറസിൻറെകണ്ടുപിടുത്തം (1898) നടത്തിയത്. ഇതെല്ലാം യൂറോപ്പിലെയും അമേരിക്കയിലെയും ഭിഷഗ്വരന്മാർക്കിടയിലും പൊതുജനാരോഗ്യപ്രവർത്തകർക്കിടയിലും ഒരുപുതിയ ചികിത്സാ സംസ്കാരം വളരുന്നതിനു വഴി വെച്ചു.

1918-19 ലെ സ്പാനിഷ് ഫ്ലു ഭൂഗോളമങ്ങോളമിങ്ങോളം അഞ്ചോ പത്തോ കോടി ആളുകളുടെ മരണത്തിനിടയാക്കിയെന്നു കരുതപ്പെടുന്നു. അത് ഒന്നാം ലോകമഹാ യുദ്ധം നാലുവർഷത്തിനിടെ വരുത്തിയ നഷ്ടത്തേക്കാളധികമായിരുന്നുവത്രെ. ഒന്നാം ലോക മഹായുദ്ധത്തിനു രാജ്യങ്ങളിലുടനീളം നടന്ന പട്ടാളസംഘങ്ങളുടെ വിപുലമായ വിന്യാസവുമായി ഈ വലിയപകർച്ച വ്യാധിയുടെ വ്യാപനത്തെ പല രും അക്കാലത്ത് ബന്ധിപ്പിച്ചിരുന്നു. പകർച്ച വ്യാധിമൂലം അനേകം തൊഴിലാളികള്ക്കും കർഷകർക്കും ജീവഹാനിക്കിടയായത് ജർമ്മനിയിലും അയർലണ്ടിലും കലാപം ഇളക്കിവിട്ടു. റഷ്യയിലുണ്ടായ 1917ലെ വിപ്ലവത്തില്നിന്നും ആവേശം കൊണ്ട പലരുമായിരുന്നു അതിനു നേതൃത്വം നൽകിയിരുന്നതെന്നു പറയപ്പെടു ന്നു.

കോളണിഭരണത്തിന്റെ കീഴിലായിരുന്ന ഇന്ത്യയില്ത്തന്നെ കർഷക പ്രക്ഷോഭ ങ്ങളിലൂടെ ഒന്നരക്കോടിയിലധികം ആളുകളുടെ ജീവഹാനി സംഭവിച്ചെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. ലോകമഹായുദ്ധം വഴി അധീശ സമ്പദ് വ്യവസ്ഥക്ക് ലഭിച്ച കൊള്ളമുതലും അന്യാധീനമായി. ഒരു ദശകത്തോളം ഉന്നതവിദ്യാഭ്യാസം അലങ്കോലപ്പെട്ടു. എന്നിരുന്നാലും 1930ലെ ക്ഷാമകാലത്തും രണ്ടാം ലോക മാഹാ യുദ്ധക്കെടുതിയിലും ഗവേഷണം പുരോഗമിച്ചു. അതുവഴി സയൻസും സാങ്കേതിക വിദ്യയും പുതിയ പാത വെട്ടിത്തുറക്കുന്ന കണ്ടുപിടുത്തങ്ങളിലേക്കും നൂതന സൃഷ്ടി കളിലേക്കും മുന്നേറി. തുടർന്നുണ്ടായ പകർച്ചവ്യാധികളായ മീസിൽസ് എബോള, സാഴ്സ്, മെഴ്സ് തുടങ്ങിയവയുടെ പ്രതിസന്ധിക്കാലത്തും ലോകമാകെ എല്ലാ മേഖലകളിലും അഭൂതപൂർവ്വമായ ജ്ഞാനവിസ്ഫോടനം നടക്കുകയുണ്ടായി.

**കോവിഡ് 19 ആഘാതം**

കോവിഡ്19 ഉണ്ടാക്കുന്ന ആഘാതം ആഗോള സാമ്പത്തിക വ്യവസ്ഥയിലെന്തെങ്കിലും വ്യവസ്ഥാപരമായ മാറ്റം വരുത്താനിടയില്ല. കാരണം നേരത്തെ ചൂണ്ടിക്കാട്ടിയപോലെ പ്രതിസന്ധി മറികടക്കാനാവും വിധം മൂലധനവ്യവസ്ഥ ടെക്നൊ കാപ്പിറ്റലിസം അഥവാ നോളജ് ഇക്കോണമിയായി പരിണമിച്ചുവെന്നതാണ്. അതുപോലെ കുറച്ചുകാലമായി ആഗോള ഉന്നതവിദ്യാഭ്യാസ മേഖലയിലും നോളജ് ഇക്കോണമിക്കാവശ്യമായ പരിഷ്കാരങ്ങളാണു നടന്നുവരുന്നത്. തന്മൂലം ഉന്നത വിദ്യാഭ്യാസ മേഖലയിലും കോവിഡ്19 അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരാനി ടയില്ല. ഏതായാലും പകർച്ചവ്യാധിമൂലമുള്ള അടച്ചുപൂട്ടലിന്റെ സാഹചര്യം മന്ദ ഗതിയിലായിരുന്ന ആഗോള ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനു സഹായകമായിട്ടുണ്ട്. വിശേഷിച്ചും അദ്ധ്യാപനത്തിന്റെയും മൂല്യനിർണ്ണയത്തിന്റെയും രീതിയുടെ പരിഷ്കാരം.

ലോകമെങ്ങും കോവിഡ്19 ഉണ്ടാക്കിയ സാഹചര്യം ഓണ് ലൈൻ അദ്ധ്യാപന ത്തിന്റെയും അദ്ധ്യയനത്തിന്റെയും പെട്ടന്നുള്ള കുതിച്ചുചാട്ടം പ്രകടമാക്കി. അത് ഓണ് ലൈൻ സാങ്കേതികവിദ്യാ രംഗത്തു നാനാതരം പുതിയ അദ്ധ്യാപന അദ്ധ്യ യന ഉപാധികളുടെ നിർമ്മാണത്തിനു വലിയ പ്രേരണയായിത്തീർന്നു. അറിവു സമാ ഹരിക്കുന്നതിലും അതു പകർന്നുകൊടുക്കുന്നതിലും അദ്ധ്യാപകരുടെ കഴിവും വേഗതയും വർദ്ധിപ്പിക്കുകയും വിദ്യാർത്ഥികളുടെ ഗ്രഹണശേഷി കൂട്ടുകയും ചെയ്യുന്ന പു തിയ ഉപാധികളും പ്രയോഗസങ്കേതങ്ങളും അനുദിനം വന്നുകൊണ്ടിരിക്കുകയാണ്.

അടച്ചുപൂട്ടലിന്റെ ഫലമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചത് ഇന്ത്യയിലും അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ഓൺ ലൈനായുള്ള മാർഗ്ഗം അവലംബിക്കുന്നതിനു നിർബ്ബന്ധിച്ചു. യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷനും (യു.ജി.സി) ഇതിനുവേണ്ടി രണ്ടു കമ്മിറ്റികളെ നിശ്ചയിക്കുകയും അവ അദ്ധ്യാപന അദ്ധ്യയന മൂല്യനിർണ്ണയ പ്രവർത്തനം ഓൺ ലൈനിലേക്കു മാറണമെന്ന ശുപാർശ ചെയ്യുകയുമുണ്ടായി. ദേശീയ തലത്തിൽത്തന്നെ ഫലപ്രദവും ശീഘ്രവും ചെലവു ചുരുങ്ങിയതുമെന്നു ഘോഷിക്കപ്പെടുന്ന വിര്ച്വലദ്ധ്യയന സമ്പ്രദായത്തിലേക്കു പൂർണ്ണമായും മാറുന്നതിനുള്ള ആഹ്വാനവും വന്നു.

അടച്ചുപൂട്ടലിന്റെ സാഹചര്യം അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഓൺലൈനിലേക്കു മാറണമെന്നു

നിർബ്ബന്ധിച്ചു. ഇനി സാധാരണ സാഹചര്യത്തിലും ആ സമ്പ്രദായത്തിലേക്കു പൂർണ്ണമായും മാറണമെന്ന നിർദ്ദേശമുയരും. ഓൺലൈനിലുള്ള പഠനം ഇനി എല്ലാ സർവ്വകലാശാലകളിലും ഉണ്ടാവും. പല യുജി പിജി പ്രോഗ്രാമുകളുടെയും പഠനം ഈ സമ്പ്രദായത്തിലായിരിക്കും. പ്രവേശന സമത്വവും നീതിയും മികവും ഉറപ്പാക്കുകയെന്ന ലക്ഷ്യം ഇതവതാളത്തിലാക്കും. മാത്രവുമല്ല അഭൂതപൂര്വ്വമാംവിധം വലിയൊരുഭാഗം അദ്ധ്യാപകരെ സുപരിചിതമല്ലാത്ത സമ്പ്രദായത്തിലേക്കു ഇതു തള്ളിവിടും. അങ്ങനെ പ്രതിസന്ധി ഒരുമഹാഭൂരിപക്ഷം അദ്ധ്യാപകരെയും അവർക്കു സുപരിചിതമല്ലാത്ത അദ്ധ്യാപന സമ്പ്രദായത്തിലേക്കു തള്ളിവിട്ടു. അതിനുപുറമെ ഓൺലൈനിലേക്കുള്ള ഈ വലിയ മാറ്റം മൂന്നിലൊന്നോളം അദ്ധ്യാപകരെ അനാവശ്യമെന്നു തള്ളുന്നതിനു സമമായിരിക്കും. ഇതു മൂലധനചങ്ങാത്ത ഭരണകൂടങ്ങൾക്കു വലിയൊരുവിഭാഗം അദ്ധ്യാപകരെ ഒഴിവാക്കി ഉന്നത വിദ്യാഭ്യാസ മേഖലയിലെ പൊതുവ്യയം വെട്ടിച്ചുരുക്കുന്നതിനു അവസരമൊരുക്കുകയും ചെയ്യും.

യു.ജി.സി കമ്മിറ്റിക ളുടെ ശുപാർശകളും കൊർപ്പോറെറ്റുകളുടെ ആവശ്യവും മഹാമാരിയുടെ സമ്മർദ്ദവും വെച്ചു നോക്കുന്ന ആർക്കും ബോദ്ധ്യപ്പെടുന്നത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം പ്രവചനീയമാംവിധം രണ്ടുതരമായി വിഭജിക്കപ്പെടാനാണു സാദ്ധ്യത എന്നാണ്. ഒന്നു വിർച്വലും പിന്നെ യഥാർത്ഥവും. ആദ്യത്തേതു വലിയ ചിലവില്ലാതെയും അനൌപചാരികമായും ഉള്ള പൊതുവിദ്യാഭ്യാസത്തെയും മാനവിക സാമൂഹിക വിഷയങ്ങളുടെ അദ്ധ്യാപന/ അദ്ധ്യയനങ്ങളെയും ഉദ്ദേശിച്ചും; അടുത്തതു വലിയ ചിലവുള്ളതും ഔപചാരികവും കാമ്പസ് രീതിയിലുള്ളതും മെഡിസിനും ഫാർമക്കോളജിയും നേഴ്സിങ്ങും ശുദ്ധ സയൻസുകളും എഞ്ചിനിയറിങ്ങും ആർക്കിടെക്ചറും പോലുള്ള വിഷയങ്ങളുടെ അദ്ധ്യാപന/അദ്ധ്യയനങ്ങള്ക്കുള്ളതും.

ഉദാരകലകളും മാനവികവിഷയങ്ങളും സാമൂഹ്യശാസ്ത്രങ്ങളും സാമാന്യബോധം ആധാരമാക്കിയുള്ളവയെന്നു നിസ്സാരവൽക്കരിക്കപ്പെടാനുള്ള പുറപ്പാടാണെന്നു തോന്നുന്നു. കാരണം ഗൌരവപൂർവ്വം കൈകാര്യം ചെയ്താലവ കൊടിയ ചൂഷണത്തിലും മനുഷ്യത്വഹീന ബന്ധങ്ങളിലും അധിഷ്ഠിതമായ അധീശ സമ്പദ്‌വ്യവസ്ഥയെ തുറന്നു കാട്ടും. അധികാരത്തോടു സത്യം പറയുന്നതിനു യുവസമൂഹത്തെ അവ ശാക്തീകരിക്കും. സ്വതവേ അറിവിന്റെ അടിയടരെപ്പോഴും വിമർശോന്മുഖമായ

ഈ വിഷയങ്ങൾക്കുനേരെ കോർപ്പൊറേറ്റുകളക്ഷമരാണ്. ഈ വിജ്ഞാനശാഖകളുടെ അഗാധതലങ്ങളറിയുന്നതിനു പഠിതാക്കൾക്ക് അവയുമായി ദൃഢബന്ധം അത്യന്താപേക്ഷിതമാണ്. സാമൂഹ്യയാഥാർത്ഥ്യത്തെക്കുറിച്ചുള്ള വിമർശാവബോധമാണ് അറിവിന്റെ രാഷ്ട്രീയമുള്ക്കൊണ്ട അദ്ധ്യാപകരുമായി നേരിട്ടിടപഴകിയുള്ള അദ്ധ്യയനം വഴി വിദ്യാർത്ഥികൾക്കു ലഭ്യമാവുന്നത്. ഏതു ജനാധിപത്യ രാജ്യത്തെയും സമൂഹ്യ പരിവർത്തനത്തിനുവേണ്ടിയുള്ള കൂട്ടായ ഇടപെടലിനും പൊതുനയവിശ കലനത്തിനും പ്രാപ്തരായ പെ� രാവലിയെ സൃഷ്ടിക്കുന്നതിനു അത്തരം ഗെ� രവാ വഹമായ അദ്ധ്യാപന അദ്ധ്യയന പരിസരം അത്യാവശ്യമാണ്.

വിഷയങ്ങൾക്കു കുറുകെ ഉദാരകലാ മാനവിക സാമൂഹ്യ ശാസ്ത്ര വിഷയങ്ങളി ലുള്ള അഗാധജ്ഞാനം സാമൂഹ്യസമത്വം ലിംഗനീതി പാരിസ്ഥിതിക സുസ്ഥിരത എന്നിവയിലുള്ക്കാഴ്ച ലഭിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലമതു അനിയ ന്ത്രിത ചൂഷണമുൾക്കൊള്ളുന്ന ആഗോള ഉൽപ്പാദന ഉപഭോഗ വിനിമയ ബന്ധങ്ങളുടെ വ്യവസ്ഥയായ മൂലധനവ്യവസ്ഥയെ വിമർശിക്കുന്നു. സയന്റിസ്റ്റുകളും സാമൂഹ്യ വിഷയങ്ങളിലെ സയന്റിസ്റ്റുകളും ഭാഷാശാസ്ത്രജ്ഞരും കലാജ്ഞാനികളും സാഹിത്യവിമർശകരും സർഗ്ഗാത്മക രചയിതാക്കളും ജൈവബുദ്ധിജീവികളെന്ന നിലയ്ക്കു മൂലധനവ്യവസ്ഥയുടെ മനുഷ്യത്വവിഹീനവും പാരിസ്ഥിതിക വിരുദ്ധവുമായ വശങ്ങൾക്കെതിരെ കടുത്ത വിമർശമുന്നയിക്കുന്നു. എതുവിശേഷാവഗാഹമേഖലയിലെ വിമർശാവബോധമുള്ള അദ്ധ്യാപകരായാലും മൂലധനവ്യവസ്ഥയെ അതിന്റെ പ്രത്യാഘാതങ്ങളുടെ ഭാഗമായാണു കാണുന്നത്.

ഇനി പകർച്ചവ്യാധി സൃഷ്ടിച്ച പ്രതിസന്ധിയെന്ന ഒഴിവുകഴിവുപയോഗിച്ച് ഓൺലൈനു വഴിയുള്ള വിദ്യാഭ്യാസവും മൂല്യനിർണ്ണയവും പുതിയ പരിവായി പ്രോത്സാഹിപ്പിക്കപ്പെടും. കണക്റ്റിവിറ്റിയുടെ അഭാവം കാരണം മുപ്പതുശതമാനത്തോളം വിദ്യാർത്ഥികൾക്കെങ്കിലും പാഠങ്ങളും മറ്റും ഓൺലൈനായി എത്തിക്കുകയെന്നതു പ്രാവർത്തികമല്ല. ഗ്രാമ – നഗര ഭേദവും ഡിജിറ്റലസമത്വവും രാജ്യത്താകെ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഉയർന്ന സാക്ഷരതയും എല്ലായിടത്തേക്കും വ്യാപിക്കുന്ന നഗരവല്ക്കരണവും നടക്കുന്ന കേരളവും ഇക്കാര്യത്തിലൊരപവാദമല്ല. ആ ഗോള തലത്തിൽത്തന്നെ വിവര സാങ്കേതിക വിദ്യയുടെ ദാതാവെന്ന പദവിയുള്ള

രാജ്യമാണെങ്കിലും അവിടെ എഴുപതു കോടിയോളം ജനങ്ങൾക്ക് ഇലക്ട്രോണിക് സാക്ഷരതയില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റലസമത്വം ഇതുമായി ബന്ധപ്പെട്ടതാണ്. കേരളത്തിലും സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥയും ജാതിയും വർഗ്ഗവും ഡിജിറ്റലസമത്വവും ഒരുമിച്ചാണു നിലനിൽക്കുന്നത്. ഡിജിറ്റ ലസമത്വം നിലവിലെ അസമത്വങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നു. തന്മൂലം ഡിജിറ്റല സമത്വം പരിഹരിക്കുകയെന്നത് എത്രതന്നെ ക്ലേശകരമായാലും സർവ്വകലാശാലയും കോളേജും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും കൊളേജു വിദ്യാഭ്യാസ ഡയരക്ടരേറ്റും ഏറ്റവും മുൻഗണനയോടെ നടപ്പിലാക്കേണ്ടതാണ്. ഡിജിറ്റലസമത്വം ഓൺ ലൈനദ്ധ്യനത്തിനുള്ള അടിസ്ഥാനസൌകര്യമില്ലാത്ത കുട്ടികള്ക്കും അതിന്റെ സാങ്കേതികത പരിചയമില്ലാത്ത അനേകം അദ്ധ്യാപകർക്കും ഉന്നതവി ദ്യാഭ്യാസ മേഖല അപ്രാപ്യമാക്കും.

ഓൺലൈനദ്ധ്യാപന അദ്ധ്യയന രീതി ഇനി വേണമെങ്കിലാവാം എന്ന സ്വാതന്ത്ര്യമുള്ള ഒന്നായിരിക്കില്ല. പെട്ടെന്നു വളരുന്ന പരിഷ്കൃത സാങ്കേതിക വിദ്യയുടെ തടുക്കാനാവാത്ത സ്വാധീനവും വ്യാപകമായിത്തന്നെ അതിനു ഇളംതലമുറയുമായു ള്ള സംവേദനക്ഷമതയും തന്നെ കാരണം. യുവജനങ്ങൾക്കിടയിലേറെ സ്വീകാര്യതയുള്ള സാങ്കേതി കവിദ്യയെ ചെറുക്കുന്നതു വെറുതെയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തു സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും പുരോഗമിച്ചുകൊണ്ടിരുന്ന സമയത്തു പോലും പ്രവേശന സമത്വവും തുല്യനീതിയും സ്ഥിരമായി പരിരക്ഷിച്ചുപോരുന്ന കേരളംപോലെയുള്ള ഒരുസംസ്ഥാനത്തിനു ഈ പ്രശ്നം അവഗ ണിക്കാനാവില്ല. ഇതു പ്രസ്തുത പ്രതിസന്ധി മറികടക്കാനാവശ്യമായ പോംവഴി കണ്ടെത്താനുള്ള ഭരണകൂടത്തിന്റെ ഉത്തരവാദിത്വം കാര്യമായി വർദ്ധിപ്പിക്കുന്നു. ഈ സാങ്കേതിക വിദ്യ അദ്ധ്യാപന അദ്ധ്യയന വൃത്തികളുടെ ഒഴിവാക്കാനാവാത്ത പൂരകമായി വളർന്നുകൊണ്ടിരിക്കും. ഇനിയും ഉന്നതവിദ്യാഭ്യാസ രംഗത്തു മികവു നേടിയിട്ടില്ലാത്ത സംസ്ഥാനമാണു കേരളം. സാങ്കേതികവിദ്യയുടെ നീതിപൂർവ്വക ലഭ്യത ഉറപ്പാക്കുന്നതിലീ ഭരണകൂടം അങ്ങേയറ്റം പ്രതിജ്ഞാബദ്ധമാണ്. ഇന്റർനെറ്റ് അടിസ്ഥാന മനുഷ്യാവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമാണു കേരളം.

സുപ്രസിദ്ധ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്കു വിമർശനോന്മുഖവും സൃഷ്ടിപരവുമായ കാമ്പസ് അദ്ധ്യയനത്തിന്റെ ഗുണവും ഒപ്പം ഇന്റർനെറ്റു വഴി അതി

പ്രഗത്ഭരായ പ്രോഫസ്സറുമാരുടെ അദ്ധ്യാപനം ശ്രവിക്കാനും അവസരം ലഭിക്കുന്നു. അങ്ങനെ ഏറെ സമർത്ഥരാവാനവർക്കു കഴിയുന്നു. വെബ്ബടിസ്ഥാനമാക്കിയും ക്ലൌഡിലെ ആഗോള ഡാറ്റ ഉപയോഗപ്പെടുത്തിക്കൊണ്ടുമുള്ള അദ്ധ്യയനം അവരുടെ അക്കാദമിക പ്രവർത്തനങ്ങളെ വ്യക്തിപരമായി മെച്ചമുള്ളതാക്കാനും സഹായകമാണ്. ഇതവരെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ നോളജ് സമൂഹത്തെ സേവിക്കുന്നതിനുവേണ്ട വിഭവശേഷിയുള്ളവരായി തയാറെടുപ്പിക്കുന്നു.

**ഉയർന്നുവരുന്ന സാങ്കേതികവിദ്യ**

കമ്പ്യൂട്ടറും ഇന്റർനെറ്റും ഐടിയും ഇന്നത്തെ നാഗരികതയുടെ മൂന്നു മുഖ്യ സൂചകങ്ങളാണ്. മെച്ചപ്പെട്ട വേഗതയും ബാൻഡ് വിസ്തൃതിയും ഉറപ്പാക്കി അവയെ ആശ്രയിക്കുന്നതു വർദ്ധിച്ചുവരും. ഉന്നതവിദ്യാഭ്യാസ രംഗത്ത് അവയുടെ വിപ്ലവാത്മകമായ പങ്ക് അനിശേദ്ധ്യമാണ്. അതിനെ ചെറുക്കുന്നതു വൃഥാവിലാവുകയേ ഉള്ളൂ.

സർവ്വകലാശാലകളിലും കോളേജുകളിലും പിൻതുടരുന്ന പഴയ ലെക്ച്ചറു സമ്പ്രദായം ഓൺലൈനായി പങ്കിടുന്ന രീതി അടിയന്തര സാഹചര്യത്തിലെ പോംവഴി യായി തുടങ്ങിയതാണ്. പ്രവചനീയ പ്രാരംഭ ഘട്ടം. അതു സാങ്കേതിക ഉപാധികളും സങ്കേതവും തികഞ്ഞ വിർച്വലദ്ധ്യാപനത്തിലേക്കും കോഴ്സ് മാനെജുമെന്റ് സമ്പ്ര ദായത്തിലേക്കും പിന്നെ സ്മാർട്ട് വിഡിയോ കോൺഫ്രൻസിങ്ങിലേക്കുമൊക്കെ വഴിമാറി. കോവിഡ് 19 അടിച്ചേൽപ്പിച്ച ശാരീരിക അകലവും സഞ്ചാരവിലക്കും മറ്റും നിലയ്ക്കുന്നതുവരെ മാത്രമല്ല അതിനു ശേഷവും ഈ സാങ്കേതികോപാധികളുടെ ഉപയോഗം തുടരേണ്ടിവരും. താമസിയാതെ വീണ്ടും ഉപയോഗിക്കാവുന്ന തരം വസ്തുക്കളും വയർലസ് സാങ്കേതികവിദ്യയും സമാന വിദഗ്ദ്ധരുമായുള്ള സഹകരണവും ഡിജിറ്റലായ ഗ്രന്ഥശാലകളും ഇ-ബുക്കുകളും ടാബ്ലെറ്റുകളും കമ്പ്യൂട്ടറുകളും മറ്റുസഹായോപാധികളും മെച്ചപ്പെട്ട ഓൺ ലൈനദ്ധ്യാപനവും അദ്ധ്യയന സാമഗ്രികളുടെ വിതരണവും സാദ്ധ്യമാക്കും.

സ്മാർട്ട് അദ്ധ്യാപനത്തിനു ഏറ്റവും പുതിയ കോഴ്സു സാമഗ്രികളും ഇലക്ട്രോണിക് പരിഷ്കാരമുള്ള ഉപകരങ്ങളും നോബൽസമ്മാനജേതാക്കളുൾപ്പെടെ ആഗോളതലത്തിൽത്തന്നെ ഉന്നതരായ പ്രൊഫസ്സർമാരുടെ ലെക്ച്ചറുകളും ഓൺലൈനദ്ധ്യാപന ക്ലാസ്സുമുറികളിലൂടെ കുട്ടികൾക്കു നൽകാനാവുമെന്നതു നേരാണ്. കാമ്പസ്

പഠനത്തിനു പേരുകേട്ട വലിയ സ്ഥാപനങ്ങളിലെ മിക്ക വിദ്യാർത്ഥികളും കൊഴ്സ്രസ, എഡക്സ്, ഫ്യൂച്ചർലേൺ, ഉഡാസിറ്റി, കാൻവാസ് നെറ്റുവർക്ക് തുടങ്ങിയവയും യൂറോപിലെ ഭാഷകളിലുള്ള മറ്റു സൈറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്ന പാഠങ്ങളെ പോഷകങ്ങളായി പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഓൺലൈനായി ലഭിക്കുന്ന ലോകപ്രശസ്ത പണ്ഡിതരുടെ ക്ലാസ്സുകളിലൂടെ പോഷിപ്പിച്ച കുട്ടികളുടെ അറിവു സാധാരണ അദ്ധ്യാപകരെ അവരുടെ ക്ലാസ്സുകളെ അക്കാദമിക വെല്ലുവിളി ഉയർത്തും വിധം മെച്ചപ്പെടുത്തുന്നതിനു നിർബന്ധമാക്കും.

അതേസമയം പോഷക ബദലായല്ലാതെ ഏർപ്പെടുത്തിയാലതു തീർച്ചയായും ഗുണനിലവാരത്തെ ബാധിക്കും. സാമൂഹ്യനീതിയേയും അതു സാരമായി ബാധിക്കും. കാമ്പസ് അദ്ധ്യയനത്തിലൂടെ അദ്ധ്യേതാക്കളൊരുമിച്ചു പങ്കിടുന്ന ധൈഷണികത യുടെ ഫലപ്രദമായ രാഷ്ട്രീയത്തെയും സാമൂഹ്യമായ ഇടപെടലുകളെയും സാംസ്കാരിക വിനിമയങ്ങളെയും സാരമായി ബാധിക്കും. ഇതു യുവജനതയുടെ അരാ ഷ്ട്രീയവൽക്കരണവും യാന്ത്രികവൽക്കരണവും പോലുള്ള വലിയ പ്രത്യാഘാതങ്ങള്ക്കു കാരണമാവും. ഇതവരെ നിർജ്ജീവമാക്കുകയും ചെയ്യും.

### സംഭവിക്കാനിടയുള്ള പരിവർത്തനം

കോവിഡ്19 അടിച്ചേൽപ്പിക്കുന്ന വിർച ്വലായ രീതി യഥാർത്ഥ അദ്ധ്യാപന അദ്ധ്യ യന സമ്പ്രദായത്തിന്റെ സാങ്കേതിക ബദലല്ല. വ്യവസ്ഥാപിത വിദ്യാഭ്യാസ പ്രയോഗങ്ങളെയും അവയുടെ ചുറ്റുപാടിനെയും രൂപഭേദം വരുത്താനാവുന്ന ശക്തിയെന്ന നിലയ്ക്ക് അതിനു വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയുടെ കക്ഷികളെയും പ്രയോഗങ്ങളേയും പങ്കിനെയും പ്രവർത്തനങ്ങളെയും പറ്റിയുള്ള സങ്കൽപ്പങ്ങളിലാകെ പരിവർത്തനമുണ്ടാവാനിടയുണ്ട്. കഴിവ്, ഫലം, അദ്ധ്യാപനം, അദ്ധ്യയനം, ഗുണം, പ്രവേശനം, നീതി, മികവ്, എന്നിവയെക്കുറിച്ചുള്ള സങ്കൽപ്പവും മാറും. കഴിവ് ഇകഴിവും ഫലപ്രാപ്തി കമ്പ്യൂട്ടേഷനുമായി ബന്ധപ്പെട്ടതും അദ്ധ്യാപനം ഐ.സി.ടി അധിഷ്ഠിതവും മൂല്യനിർണ്ണയം ഓൺലൈനായുള്ളതും ഗുണമേന്മ ഇകഴിവുമായി ബന്ധപ്പെട്ടതും പ്രവേശനം സാങ്കേതികവിദ്യാധിഷ്ഠിതവും നീതി വെറും വാചാടോ പവും ആയിരിക്കും. അതിനുപുറമെ സ്ഥാപനപരമായ നിബന്ധനകളിലും നടപടി ക്രമങ്ങളിലും കോവിഡ്19

സാദ്ധ്യമാക്കുന്ന അയവും തിരഞ്ഞെടുക്കുന്നതിനുള്ള വിപുലമായ സ്വാതന്ത്ര്യവും ഉന്നതവിദ്യാഭ്യാസത്തെ ഏറെക്കുറേ വ്യക്തിപരവും സ്വയം നയിക്കുന്നതുമാക്കി മാറ്റും.

മഹാമാരിക്കുശേഷം കാമ്പസുകളിലുണ്ടാവാനിടയുള്ള മാറ്റങ്ങളധികവും ശാരീരികാ കാലം പാലിക്കലും മാസ്ക് ധരിക്കലും സാനിറ്റൈസറുപയോഗിക്കലും പോലുള്ള പെരുമാറ്റ സംബന്ധ പരിഷ്കാരങ്ങളായിരിക്കും. ക്ലാസ്സുമുറികളിലും ലൈബ്രറിയിലും ലബോറട്ടറിയിലും കാന്റീനിലും മറ്റു പൊതു ഇടങ്ങളിലും ഇതൊക്കെ നിർബ്ബ ന്ധമായി നിഷ്കർഷിക്കപ്പെടും. പക്ഷെ പേരിനു ചിലതൊക്കെ കാട്ടിക്കൂട്ടുമെന്നല്ലാതെ ഒന്നും നടപ്പിലാവില്ല. കാരണങ്ങളൊന്നും പ്രത്യേകം വിശദീകരിക്കേണ്ട ആവശ്യമേയില്ല. അതേസമയം നടപ്പിലാവുന്ന ചില സംഗതികളുണ്ട്. പുതിയ സമയക്രമം പഠ നത്തിടെ ജോലിചെയ്തു വരുമാനമുണ്ടാക്കാനുള്ള സൌ കാര്യം (EWYL) ജോലിക്കു സാദ്ധ്യതയുള്ള പുതിയ കൊഴ്സുകളേതെങ്കിലും ചെയ്യാനുള്ള അവസരം ഉയർന്നു വരുന്ന വിഷയാന്തര മേഖലകളിലെ നൂതന വിഷയങ്ങളിലുള്ള ബിരുദാനന്തര പഠന പരിപാടികളുടെ വളർച്ച ഗവേഷണ സാങ്കേതിക സൌ കര്യങ്ങളുടെ വിക സനം തുടങ്ങിയവ നടപ്പിലാവും. യാത്രാവിലക്കുകളും ലോകശ്രദ്ധയാകർഷിച്ച കേരളത്തിന്റെ ആരോഗ്യസുരക്ഷയും ഇനി പല വിദ്യാർത്ഥികള്ക്കും വിദ്യാഭ്യാസം ഇവിടെത്തന്നെ തുടരാനുള്ള പ്രേരണ നൽകും. എല്ലാവർക്കും തുല്യ സുരക്ഷയെന്ന ഉദാരനയം സംസ്ഥാനത്തിനു പുറത്തുനിന്നുള്ള വിദ്യാർത്ഥികളെയും ഇങ്ങോട്ടാ കർഷിക്കും. പല അക്കാദമിക പ്രോഗ്രാമുകളുടെയും സീറ്റു വർദ്ധിപ്പിക്കുന്നതിനും പുതിയ അദ്ധ്യാപകരെ നിയമിക്കുന്നതിനും സാഹചര്യമുണ്ടാവും.

മഹാമാരിക്കുശേഷമുള്ള ഉന്നതവിദ്യാഭ്യാസം മഹാമാരിയുടെ സ്വാധീനം പ്രകട മാക്കും. വിശേഷിച്ചും ഗവേഷണ മേഖല നേരിട്ടോ പരോക്ഷമായോ മഹാമാരിയു മായി ബന്ധപ്പെട്ടായിരിക്കും. സായൻസിക പരീക്ഷണങ്ങളേറെയും വൈറസ്സിനെ പ്പറ്റിയുള്ളതാവും. കൊവിഡ്19 ഇപ്പോൾത്തന്നെ ലോകമെങ്ങും നിരന്തര ഗവേഷണത്തിനു പാത്രമായിരിക്കുന്നു. വാക്സിനു വേണ്ടിയുള്ള ഗവേഷണം തകൃതിയായി പുരോഗമിക്കുകയാണ്. പുതുതായി ഉയർന്നുവരുന്ന മുഖ്യ ഗവേഷണങ്ങളെല്ലാം സ്ഥൂലവും സൂക്ഷ്മവുമായ ജ്ഞാനപ്രപഞ്ചങ്ങളെ ഉപജീവിച്ചുള്ള അനേകം വിഷയങ്ങളുമായി ബന്ധപ്പെട്ടായിരിക്കും. ഉദാരകലയിലും മാനവിക സാമൂഹികശാസ്ത്ര വിഷയങ്ങളിലും മഹാമാരി കേന്ദ്രമാക്കിയുള്ള പഠനമായിരിക്കും പ്രധാനം. ഡിസിപ്ലിനു കളുടെ പല ജെനുസുകളുടെയും എണ്ണമറ്റ സംയോജനങ്ങളുടെയും

അവക്കിടയിലും അപ്പുറത്തുമുള്ളവയുടെയും വൈവിദ്ധ്യമാർന്ന ലെൻസുകളിലൂടെ പഠനങ്ങളുണ്ടാവും. പകർച്ചവ്യാധി ഒരുതാൽക്കാലിക പ്രതിഭാസമാണെങ്കിലും അതപ്രത്യക്ഷമാവും വരെ ബന്ധപ്പെട്ട ഭൂരിഭാഗം പഠനങ്ങൾക്കും ആഗോള സാമ്പത്തിക വ്യവസ്ഥയുടെ പരിരക്ഷ ലഭിക്കും. കോവിഡ്19 സാദ്ധ്യമാക്കിയ വിർച്വലദ്ധ്യാപന/അദ്ധ്യയന സാഹചര്യം പ്രയോജനപ്പെടുത്തി ആശയവിനിമയ സാങ്കേതിക വിദ്യയിലെ ഗവേ ഷണം അതിവേഗം മുമ്പോട്ടു പോവുകയും പുതിയ ഉപകരണങ്ങളുടെ ഡിസൈനിങ്ങും ഉൽപ്പാദനവും നടക്കുയും ചെയ്യും. ബന്ധപ്പെട്ട സോഫ്റ്റ് വെയറും ഹാർഡ് വെയറും നിർമ്മിക്കുന്ന വ്യവസായം ഇപ്പോൾത്തന്നെ വലിയ കുതിപ്പിലാണ്.

നോളജ് ഇക്കോണമിയുടെ ലാഭ സ്രോതസ്സുകളായി മാറാനിടയുള്ള സ്ഥൂലവും സൂക്ഷ്മവും അവയെ കൂട്ടിയോജിപ്പിക്കുന്നവയുമായ ഏതാനും ഗവേഷണ മേഖലക ളുടെ വികാസം പ്രവചനീയമാണ്. സ്ഥൂലമേഖലയുടെ പഠത്തിനു സൂക്ഷ്മ മേഖലയെ ആശ്രയിക്കുന്ന രീതി ജിയോളജി കൊസ്മോളജി തുടങ്ങിയ വിജ്ഞാനീയങ്ങ ളേറെക്കാലമായി ഉപയോഗിച്ചു വരുന്ന ഒന്നാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്സു പോലെയുള്ള സ്ഥാപനങ്ങളിന്നു സ്ഥൂലമേഖലയെ അധികരിച്ചു നടത്തുന്ന ക്ലാസ്സിക്കലല്ലാത്ത മെക്കാനിക്സിലും ഇമ്പാക്ടു ഫിസിക്സിലും സ്വതന്ത്രമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന പുതിയ അളവിന്റെ പര്യവേക്ഷണം പല വലിയ സർവ്വകലാശാലകളിലേക്കും വികസിക്കും. സ്ഥൂലവും സൂക്ഷ്മവും ഒരുമിപ്പിച്ചുള്ള ഗവേഷണം ഇനിയും പ്രാധാന്യം നേടും. ബഹിരാകാശ സാങ്കേതികവിദ്യാ രംഗത്തു നിർണ്ണായക പ്രാധാന്യമുള്ള പ്ലാസ്മ ഹൈയ് എനര്ജി ഫിസിക്സും ഷോക്ക് വെയിവു ഹൈപ്പർസോണിക് വേഗതയും ഉദാഹരണമായി പറയാം. ഇവയൊക്കെയും ടെക്നോ കാപിറ്റലിസ്റ്റ് വ്യവസായത്തിനു താല്പര്യമുള്ള മേഖലകളാണ്. സ്ഥൂല സ്ഥലവും അളവില്ലാത്ത സമയവും എന്നതിനു പകരം നാനോ മീറ്ററും മില്ലിസെ ക്കന്റും അടിസ്ഥാനമാക്കിയുള്ള അനേകം സയൻസ്-ടെക് സങ്കര വിഷയങ്ങൾക്കു വർദ്ധിച്ച വ്യാവസായിക പ്രാധാന്യം ലഭിക്കും.

വലിയ മുന്നേറ്റം കൈവരിച്ചുകൊണ്ടിരിക്കുന്ന ഇത്തരം മേഖലകളിലെല്ലാം ഇന്നു കോർപ്പൊറെറ്റുകളുടെ ഭീമങ്ങളായ ആഗോള ഗവേഷണ സ്ഥാപനങ്ങളുണ്ട്. നേരത്തെ ചൂണ്ടിക്കാട്ടിയപോലെ സ്വയം പെരുകുന്ന കണികകളുടെ വിവിധ വശങ്ങളെപ്പറ്റിയുള്ള പഠനങ്ങളും ഗ്രാഫീനെഞ്ചിനിയറിങ്ങും നാനോടെക് സെന്സറുകളുടെയും ട്രാൻസ്മിറ്ററുകളുടെയും ഡിസൈനിങ്ങും മസ്തിഷ്കത്തിന്റെയും കംപ്യൂട്ടറിൻറെയും

ഇടമേഖലകള്ക്കുവേണ്ട വസ്തുക്കളുടെ നിർമ്മാണവും മറ്റും അവിടെ പുരോഗമിക്കുകയാണ്. ടെക്നോ കാപ്പിറ്റലിസ്റ്റു താല്പര്യമുള്ള മറ്റുമേഖലകളായ ജെനോമിക്സ്, മൈക്രോബയോളജി, ബയോടെക്നോളജി, നാനോ ടെക്നോളജി, ആർട്ടിഫിഷ്യലിൻറ ലിജൻസ്, റൊബോട്ടിക്സ്, ബയൊ ഇൻഫർമാറ്റിക്സ് തുടങ്ങിയവ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലിന്നു പഠനഗവേഷണങ്ങളുടെ ഭാഗമാണ്. മഹാമാരിയുടെ അടിയന്തരാവസ്ഥ സൃഷ്ടിച്ച കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവികളുടെ ധികാരത്തിലധിഷ്ഠവുമായ സാഹചര്യം ഇതുപോലെ കോർപ്പൊറെറ്റു താല്പര്യമുള്ളതും അതിജീവന ബന്ധമുള്ളതുമായ നാനാവിഷയങ്ങളായിരിക്കും ഉന്നത വിദ്യാഭ്യാസ കരിക്കുലത്തിലേക്കു കൊണ്ടുവരുക. കോർപ്പൊറെറ്റുകൾക്കാവശ്യമായ സയൻസ്–ടെക് സങ്കര വിഷയങ്ങളിലെല്ലാം ധാരാളമായി ബിരുദധാരികളെ സൃഷ്ടിക്കുകയാണാവശ്യം. കാരണം ഉൽപ്പാദനച്ചിലവു കുറയ്ക്കാനതു സഹായകമാണ്.

കോർപ്പറെറ്റു ഗവേഷണ സ്ഥാപനങ്ങൾക്കുവേണ്ടി ഏറ്റവും മികവുള്ളവരെ കുറ ഞ്ഞവേതനത്തിനു തിരഞ്ഞെടുക്കുന്നതിനായി സർഗ്ഗശേഷിയുള്ള സയൻസ്-ടെക് ബിരുദധാരികളേറെ വേണം. മേന്മ കുറഞ്ഞ ഉന്നതവിദ്യാഭ്യാസം നിലവിലുള്ള വികസ്വരരാജ്യങ്ങളെല്ലാം സർഗ്ഗശേഷിയുള്ള വിദ്യാർത്ഥികളെക്കൊണ്ടു സമ്പന്നമാണെന്ന കാര്യം വർദ്ധിച്ചതോതിലിനി അംഗീകരിക്കപ്പെടും. അവരെ തിരഞ്ഞെടുത്തു പരി ശീലിപ്പിക്കുക ചിലവേറിയ പണിയായതുകൊണ്ടു ഉന്നത വിദ്യാഭ്യാസ സംവിധാനത്തെ അവർക്കു വേണ്ടവിധം ഒരേതരത്തിലാക്കി പുതുതായി രൂപകൽപ്പന ചെയ്യു ന്നതിനു കോർപ്പറെറ്റുകളെല്ലാ വികസ്വര രാജ്യങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതു വെറുതെയല്ല. അത്തരം പുതിയ രൂപകൽപ്പനയും ഒരേവിധമാക്കലും ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാരാഷ്ട്രങ്ങളിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

വിഷയപരിധികൾക്കു കുറുകെയുള്ള അറിവിൻറെ മേഖലകളുടെ ആവിർഭാവം ഡി സിപ്ലിനുകളെ പരസ്പരം കൂടുതലടുപ്പിക്കും. അങ്ങനെ ഡിസിപ്ലിനുകളുടെ മങ്ങിയ അതിർവരകളിനി ഉന്നതവിദ്യാഭ്യാസ രംഗത്തു അദ്ധ്യാപകർക്കു ക്രോസ്-ഡിസിപ്ലിനറി സാക്ഷരതയും വിദ്യാർത്ഥികൾക്കു അതിനോടിണങ്ങാനുള്ള ശേഷിയും നിർബ്ബന്ധമാവും. വിശേഷ പഠനം ചെറിയ മേഖലകളിലേക്കു ചുരുങ്ങുന്നതുമൂലം കൂടുതലിടുങ്ങിയ ഉപഡിസിപ്ലിനുകളുണ്ടാവുന്നു. അത്തരം ഡിസിപ്ലിനുകളുടെ തടവറ പൊളിക്കാനും ഡിസിപ്ലിനുകൾക്കു

കുറുകെയുള്ള വിഷയങ്ങളുടെ തിരഞ്ഞെടുപ്പിനാവശ്യമായ അയവുവരുത്തി വിശേഷപഠനം ഉദാരമാക്കാനും ഓരോ ഉന്നത വിദ്യാ ഭ്യാസ സ്ഥാപനവും നിർബ്ബന്ധിതമാവും. ഘടനയുടെ കാഴ്ച അസാദ്ധ്യമാക്കും വിധം ഘടകത്തിനു പ്രാധാന്യം നൽകിയുള്ള വിശേഷ പഠനം ക്രമേണ നിലയ്ക്കും. ഉന്നതവിദ്യാഭ്യാസം ഇനിയങ്ങോട്ടു കൂടുതലും വ്യക്തിപരവും സ്വയം വഴിതെളിക്കുന്നതുമായിരിക്കും. അല്ലാതെ പൊതുവായ ചിട്ടവട്ടങ്ങളും നിബന്ധനകളും സ്ഥാപനങ്ങളുടെ നടപടിക്രമങ്ങളും വഴി നിയന്ത്രിക്കുന്ന ഒന്നായിരിക്കില്ല.

## ഇന്ത്യയുടെ സാഹചര്യം

ഇന്ത്യയുടെ കാര്യത്തിലേറ്റവും ശ്രദ്ധേയം അതിന്റെ അപൂർവ്വ ജനസംഖ്യാ സാഹച ര്യമാണ്. ഇന്ത്യയുടെ ജനസംഖ്യാനുപാത യുവജന നിരക്കു ലോകത്തെ ഏറ്റവും ഉയർന്നതാണെന്ന വസ്തുതയാണത് (World Youth Report, 2018). 132 കോടി യോളം വരുന്ന മൊത്തം ജനസംഖ്യയുടെ 65 ശതമാനത്തിലധികം പേരും 35 വയസ്സിനു താഴെ പ്രായമുള്ളവരാണ്!. 50 ശതമാനത്തിലധികം പേരും 18നും 23ഉം ഇടയ്ക്കു പ്രായമുള്ളവരാണ്. 17നും 20നും ഇടയ്ക്ക് പ്രായമുള്ളവരേതാണ്ട് 14 കോടിയാണ്! അന്താരാഷ്ട്ര തൊഴിലു സംഘടനയുടെ കണക്കനുസരിച്ച് 20നും 24 നും ഇടയ്ക്കു പ്രായമുള്ള 11.6 കോടി യുവജനങ്ങളാണ് ഇന്ത്യയിലുള്ളത് (ILO Report, 2020). ചൈനയിലേതു വെറും 2.2 കോടി മാത്രമാണ്. ഇന്ന് ഇന്ത്യക്കാരുടെ ശരാശരി പ്രായം 29 ആണ്. അതേസമയം ചൈനക്കാരുടേതു 37 ഉം അമേരിക്കക്കാരുടേത് 40 ഉം യൂറോപ്പ്യന്മാരുടേതു 47 ഉം ജാപ്പനീസിന്റേതു 48 ഉം ആണ്. ഈ ജനസംഖ്യാനുപാത നേട്ടത്തിന്റെ അർഹമായ വിഹിതം രാജ്യത്തിനു ലഭിക്കണമെങ്കിലിവിടുത്തെ യുവജന സമൂഹത്തെ ഇരുപത്തൊന്നാം നൂറ്റാണ്ടിനു യോജിച്ച വിധം സജ്ജമാക്കാനാവശ്യമായ ഉപായങ്ങളങ്ങേയറ്റം ശ്രദ്ധയോടെ ആസൂത്രണം ചെയ്യേണ്ടത് അത്യന്തം പ്രധാനമാണ്.

പ്രതിഭാശാലികളായ വിദ്യാർത്ഥികളിലെ ഒരുന്യൂനപക്ഷത്തെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സാങ്കേതികവിദ്യ വശത്താക്കുന്നതിനു സജ്ജരാക്കുന്നതിലിവിടുത്തെ പ്രമുഖ സ്ഥാപനങ്ങൾക്കു വിവിജയിക്കാനാവുമെന്നു പ്രതീക്ഷിക്കാം. പക്ഷെ അവരുടെ ആഗോള മത്സരക്ഷമതയുടെ കാര്യത്തിലാർക്കും തീർച്ച പറയാനാവില്ല. എന്നിരുന്നാലും രാജ്യത്ത് അവർക്കു മാർക്കറ്റില്ലാത്ത സാഹചര്യമായതുകൊണ്ട് നാം അവരെ കയറ്റി അയക്കുകയാണ്. ആനിലയ്ക്കു ദേശീയതലത്തിലും പ്രാദേശിക മായും നാം അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങളെ

അടിസ്ഥാനമാക്കി നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും നമ്മുടേതായ നിലവാരം രൂപപ്പെടുത്തണം. ഡിസിപ്ലിനുകൾക്കു കുറുകെയും അതീതമായും ഉൽപ്പാദിപ്പിക്കുന്ന ശ്രദ്ധേ യമാംവിധം പുത്തനും പുനരുൽപ്പാദിപ്പിക്കാവുന്നതുമായ ജ്ഞാനമായിരിക്കണം നമ്മുടെ ഗവേഷണ ലക്ഷ്യം. അതു ഭൌതികശാസ്ത്രവും ഉൽപ്പാദന സാങ്കേതികവിദ്യയും തൊട്ടു പ്രകൃതിശാസ്ത്രവും പാരിസ്ഥിതികശാസ്ത്രവും ബയോടെ ക്നോളജിയും ആരോഗ്യശാസ്ത്രവും വരെ വിപുലമായ ജ്ഞാന മണ്ഡലങ്ങളെ മുറിച്ചുകടക്കുന്നു. പ്രതിഭാശാലികളായ യുവജനങ്ങളെ സയൻസിന്റെയും സാങ്കേതി കവിദ്യയുടെയും പൊതുവായ നാനാ മേഖലകളിലായി ദേശീയവും പ്രാദേശികവു മായ പ്രശ്നങ്ങളുടെ പരിഹാരത്തിനു പര്യാപ്തമായ പുതിയ ജ്ഞാനം ഉൽപ്പാദിപ്പിക്കു ന്നതിനു സജ്ജമാക്കണം.

പ്രാദേശിക പ്രശ്നകേന്ദ്രീകൃതവും പരിഹാരത്തിലേക്കു നയിക്കുന്നതും സയൻസിനെയും സാങ്കേതികവിദ്യയേയും ഒന്നിപ്പിക്കുന്ന വിഷയാന്തര അദ്ധ്യാപനവും ഗവേഷ ണവുമായിരിക്കും നിലനിൽപ്പുള്ള നമ്മുടെ ബാദലെന്നു പറയാം. സൃഷ്ടിപരവും ദൂരവ്യാപക ഫലമുളവാക്കുന്നതും പുതിയ ജ്ഞാനത്തിലേക്കു നയിക്കുന്നതുമായ സയൻസ്-ടെക് സമ്മിശ്ര മേഖലാ ഗവേഷണത്തിനു പ്രേരകങ്ങളായി പ്രാദേശിക പ്രശ്നങ്ങള്ക്കു പ്രവർത്തിക്കാനാവും. സർവ്വോപരി അതു സാമൂഹ്യവും പാരിസ്ഥിതികവുമായ നീതിയുടെ ധാർമ്മികതയിലധിഷ്ഠിതമായിരിക്കും.

ഉന്നത വിദ്യാഭ്യാസ രംഗത്തു കോവിഡ്19 എന്തൊക്കെയാവും അവശേഷിപ്പിക്കുക യെന്ന ചോദ്യം സുപ്രധാനമാണ്. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ മേഖല മിക്ക വാറും ഇപ്പോഴത്തേതിൽനിന്നും സാരമായ നിലവാര ഭേദമൊന്നുമില്ലാതെ തുടരും. പക്ഷെ കോർപ്പൊറെറ്റു ജ്ഞാനവ്യവസായ വിദഗ്ദ്ധരുടെ നിർദ്ദേശമനുസരിച്ചു സ്ഥാപനങ്ങളുടെ എണ്ണം ചുരുക്കിയും അക്കാദമിക പരിപാടികളും പാഠ്യപദ്ധതിയും ഫല പ്രാപ്തിയും എകോപിപ്പിച്ചും ഉന്നതവിദ്യാഭ്യാസ മേഖലയാകെ ഒരൊറ്റ കേന്ദ്രീകൃത നിയന്ത്രണാധികാരത്തിനു കീഴിലമരും. കേന്ദ്രീകൃത മേൽനോട്ടത്തിലൂടെ പഠന സാമഗ്രി രാജ്യവ്യാപകമായി ഒരൊറ്റ ഓൺലൈൻ പോസ്കാസ്റ്റു വഴി നടപ്പാക്കും. നല്ല മസ്തിഷ്കങ്ങളുള്ളവരെ കോർപ്പറെറ്റു സയൻസ്-ടെക് സങ്കരമേഖലകൾക്കുയോജിക്കുന്ന വിധം പരിശീലിപ്പിച്ചു ഹൈപവർകംപ്യൂട്ടിങ്ങിനു പ്രാപ്തരാക്കുന്നതിനും അവരെ വേർതിരിക്കുന്ന സെൻട്രി ഫ്യൂഗുകളായി

പ്രവർത്തിക്കുന്നതിനും ചില സ്വകാര്യ സ്ഥാപനങ്ങളെ നിർബന്ധിക്കുന്ന സാഹചര്യമുണ്ടാവും. ചാലഞ്ച് മുറയിലൂടെ ധനസഹായം പറ്റുന്ന അത്തരം സ്ഥാപനങ്ങളാവട്ടെ ഇതിനായി പരസ്പരം മത്സരിക്കുകയും ചെയ്യും.

ജ്ഞാന വ്യവസായ രംഗത്തു നിയമനത്തിനു യോഗ്യരായ ധാരാളം ബിരുദധാരികളെ സൃഷ്ടിക്കുന്നതിനനുയോജ്യമായ അദ്ധ്യാപന അദ്ധ്യയന സാഹചര്യം ഉറപ്പാക്കാനായി രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളന്യോന്യം മത്സരിക്കും. മഹാ മാരിമൂലം സപ്ലൈ ചെയിനു താറുമാറായതു വിദേശ വിദ്യാർത്ഥികളെ അധികം ആശ്രയിക്കാത്ത ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസത്തെ ബാധിക്കില്ല. ജനസംഖ്യ അനു കൂലമായതുകൊണ്ട് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊന്നും വിദ്യാർത്ഥികളുടെ ക്ഷാമം ഉണ്ടാവില്ല. അതുകൊണ്ടു വരുമാനക്കമ്മിയും കാണില്ല. മാത്രവുമല്ല വിർച്വലായ ക്ലാസ്സുമുറികളെയും ഓൺലൈനായുള്ള ഇടപാടുകളും കാരണം സ്ഥാപനങ്ങളുടെ ജോലി പുനർനിർവ്വചിക്കപ്പെട്ടിരിക്കുന്നു. അതു ചിലവു കുറയ്ക്കുമെങ്കിലും സാങ്കേതിക സൌകര്യങ്ങളുടെ സ്വകാര്യസ്ഥാപനങ്ങളു പലതും ചാർജ്ജ് കൂടുതലായി ഈടാക്കാനിടയുണ്ട്.

പകർച്ചവ്യാധി മൂലമുണ്ടായ അന്താരാഷ്ട്ര വിതരണ ശൃംഘലയുടെ തകർച്ച വിദേശത്തുനിന്നുള്ള വിദ്യാര്ത്ഥികളെ ആശ്രയിക്കാത്ത ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസത്തെ ബാധിക്കില്ല. ജനസംഖ്യാപരമായി അനുകൂലസാഹചര്യമായിരിക്കെ ആവശ്യ കതയുടെ തലം ഉയർന്നുനിൽക്കുമെന്നതിനാലും രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളുടെ ക്ഷാമം ഉണ്ടാവില്ല. അതേ സമയം അദ്ധ്യാപന അദ്ധ്യയന രീതി ഓൺ ലൈനാശ്രിതമാവുന്നതുകൊണ്ടു ചിലവു കുറവുമായിരിക്കും. എന്നിരുന്നാലും സാങ്കേതിക വിദ്യക്കാവശ്യമായ അടിസ്ഥാന സൌകര്യങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും സജ്ജീകരിക്കാനുള്ള ചിലവു പരിഗണിച്ചു സ്വകാര്യസ്ഥാപനങ്ങളു പലതും അമിതമായ ഫീസ് ഈടാക്കാനിടയു ണ്ട്.

**References**


- Castells, Manuel *et.al*. (2017), *Another Economy is Possible*: *Culture and Economy in a Time of Crisis* Angelos Varvarousis: Cambridge and Molden Polity Press.
- Feenberg, A. (1991), *Critical Theory of Technology,* New York: Oxford University Press.

- ILO (2020): *Global Employment Trends of Youth 2020*: *Technology and the Future of Jobs*, Geneva.
- Isaac, T.M.Thomas (2001), "Campaign for Democratic Decentralisation in Kerala," *Social Scientist*, Vol. 29, No. 9/10, 2001, pp.8-47.
- Niklas Luhmann (1989), *Ecological Communication*, Chicago: University of Chicago Press
- Owen Jones, "Why Don't We Treat Climate Crisis with the Same Urgency as Coronavirus," *The Guardian*, 5 May, 2020
- Perelman, Michael (2004), *Steal this Idea*: *Intellectual Property Rights and the Corporate Confiscation of Creativity,* London: Palgrave Macmillan
- Ruccio, David S (2010), *Development and Globalization*: *A Marxian Analysis,* New York: Routledge
- Suarez-Villa, Luis (2009), *Globalization and Techno-capitalism: The Political Economy of Corporate Power and Technological Domination,* Famham: Ashgate
- Suarez-Villa, Luis (2012), *Techno-capitalism*: *A Critical Perspective on Technological Innovation and Corporatism,* Philadelphia: Temple University Press
- Suarez-Villa, Luis (2015), *Corporate Power*, *Oligopolies*, *and the Crisis of the State*, New York: State University of New York Press
- Tharakan, P.K. Michael (2001), "Decentralisation and People's Campaign in Kerala," *Social Scientist*, Vol. 29, No. 9/10, 2001, pp.1-6
- *World Youth Report* (2018), New York
- Zizek, Slavoj (2020), *Pandemic*: *COVID-19 Shakes the World*, OR Books, New York


***

# ഭാഗം നാല്
# വെല്ലുവിളികളും ശുപാർശകളും

**താഴെ കൊടുത്തിരിക്കുന്ന വിദഗ്ദ്ധ സമിതി പരിശോധിച്ച വെല്ലുവിളികളും തയാറാക്കിയ ശുപാർശകളും :**

| ക്ര.ന | പേരും പദവിയും |
|---|---|
| 1 | പ്രൊഫ.രാജൻ ഗുരുക്കൾ, ഉപാദ്ധ്യക്ഷൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം. |
| 2 | പ്രൊഫ. ഗംഗൻ പ്രതാപ്, ഹോണററി പ്രോഫസ്സർ, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം. |
| 3 | പ്രൊഫ. ജയകൃഷ്ണൻ, മുൻ വൈസ് ചാൻസിലർ, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം. |
| 4 | പ്രൊഫ.. തോമസ് ജോസഫ്, മുൻ മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം. |
| 5 | പ്രൊഫ. ഗോപിനാഥൻ രവീന്ദ്രൻ, വൈസ് ചാൻസിലർ, കണ്ണൂർ യൂണിവേഴ്സിറ്റി, കണ്ണൂർ |
| 6 | പ്രൊഫ. സാബു തോമസ്, വൈസ് ചാൻസിലർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം. |
| 7 | പ്രൊഫ.. രാജശ്രീ. എം.എസ്. വൈസ് ചാൻസിലർ, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം. |
| 8 | പ്രൊഫ. ജെ. പ്രഭാഷ്, സ്പെഷ്യൽ ഓഫീസർ, ഓപ്പൺ യൂണിവേഴ്സിറ്റി ഓഫ് കേരള, തിരുവനന്തപുരം. |
| 9 | പ്രൊഫ. ജെ. രാജൻ, എക്സിക്യുട്ടീവ് ബോഡി അംഗം, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം. |
| 10 | പ്രൊഫ. കെ.കെ. ദാമോദരൻ, എക്സിക്യുട്ടീവ് ബോഡി അംഗം, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം. |
| 11 | പ്രൊഫ.സി. പത്മനാഭൻ, പ്രസിഡൻറ്, ഓൾ കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസ്യേഷൻ |
| 12 | പ്രൊഫ. രാജൻ വറുഗീസ് (കൺവീനർ) മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം. |

ഇതു രേഖയുടെ ഒടുവിലത്തെ ഭാഗമാണ്. രണ്ടു സെക്ഷനുകളിലായി വെല്ലുവിളികളും ശുപാർശകളും വെവ്വേറെ നൽകിയിരിക്കുന്നു.

കോവിഡ് 19 ന്റെ അടിയന്തര സാഹചര്യം ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചു മാത്രമാണു പ്രതിപാദിക്കുന്നത്. അല്ലാതെ ഉന്നത വിദ്യാഭ്യാസ മേഖല ഉയർത്തുന്ന എല്ലാവെല്ലുവിളികളും ഉദ്ദേശിക്കുന്നില്ല. അതുപോലെ വെല്ലുവിളികളെ മറികടക്കാനുള്ള ശുപാർശകളാണ് രണ്ടാമത്തെ സെക്ഷനിലുള്ളത്. രണ്ടുസെക്ഷനുകളിലും കോവിഡ് 19 സൃഷ്ടിച്ച പ്രത്യേക സാഹചര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളാണുള്ളത്. ഇനിയും വേണ്ടവിധം നേരിടാനായിട്ടില്ലാത്ത പലവെല്ലുവിളികളും ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ട്. അദ്ധ്യാപന അദ്ധ്യയന മേഖലയിലെ അടിസ്ഥാനസൌ കര്യങ്ങളുടെ പോരായ്മപോലും മുഴുവനായി പരിഹരിക്കപ്പെടാതെ കിടക്കുന്ന വെല്ലുവിളികളാണ്.

## വെല്ലുവിളികളെന്തെല്ലാം

നമുക്ക് അടിയന്തരമായി വേണ്ടത് പണവും അടിസ്ഥാനസൌ കര്യങ്ങളും നല്ല അദ്ധ്യാപകരും കാലോചിതമായി നവീകരിച്ച കരിക്കുലവും തന്നെയാണ്. വളരെ മിക വുറ്റ ഉള്ളടക്കവും ഫലപ്രാപ്തിയും വ്യക്തമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കോഴ്സുകളും മുന്കൂട്ടി നിശ്ചയിച്ച അദ്ധ്യാപനരീതികളും അടങ്ങിയ കാലോചിത അക്കാദമിക പരിപാടികളും വിമർശനാത്മകതയും സൃഷ്ടിപരതയും വികസിക്കാനാവശ്യമായ അദ്ധ്യയന സ്വാതന്ത്ര്യവും കൂടിയേതീരു. ഇതെല്ലാം വിജയകരമായി ചെയ്താലും ആഗോള നിലവാരത്തിനടുത്തൊന്നും നമുക്കെത്താനാവില്ല. ആഗോള നിലവാര ത്തിലുള്ള കഴിവുവികസിപ്പിക്കാനുള്ള തിടുക്കം നമുക്കു താങ്ങാവുന്നതല്ല. അതാവശ്യവുമില്ല. അദ്ധ്യാപനവും അദ്ധ്യയനവും യാഥാർത്ഥ്യബോധം വളർത്തുന്നതും അന്യ താബോധം അകറ്റുന്നതും ആക്കാനിനിയും ആയിട്ടില്ല. അത്യാവശ്യമായി നമുക്കു വേണ്ടതു പഠനവുമായുള്ള ദൃഢബന്ധമാണ്. അതു യാഥാര്ത്ഥ്യബോധം കൈവിടാതെയുള്ള അദ്ധ്യയനം സാദ്ധ്യമാക്കുന്നു. പഠിച്ചതു ക്രമാനുഗതമായി മറക്കലും പുതിയ അജ്ഞത തിരിച്ചറിയലുമാണത്. അജ്ഞതയുടെ ക്രമാതീത വികാസത്തപ്പറ്റിയുള്ള അവബോധം അദ്ധ്യാപന അദ്ധ്യയന സമ്പ്രദായത്തിന്റെ അവിഭാജ്യഘടകമായി മനസ്സിലാക്കേണ്ടതുണ്ട്.

കോവിഡു കാരണമുള്ള പുതിയ സാഹചര്യം നേരിട്ടും അല്ലാതെയും ഉന്നതവിദ്യാ ഭ്യാസ സമീക്ഷയെ സംബന്ധിച്ചിടത്തോളം ഒരുവലിയ മാറ്റം ആവശ്യപ്പെടുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളിലേറ്റവും പ്രധാനമായി വന്നിരിക്കുന്നത് ICT ചുറ്റുപാടിന്റെ മേൽക്കൈയാണ്. അതു

നിലവിലുള്ള സാമ്പത്തിക സാമൂഹ്യാസമത്വങ്ങള്ക്കും വിവേചനങ്ങൾക്കുമൊപ്പം ഒന്നുകൂടി, അതായത് സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട അടിസ്ഥാന സെ കര്യങ്ങളെല്ലായിടത്തും ലഭ്യമാവാത്തത്തിലെ അനീതിയുംകൂടി ചേരുന്നു. ഇതോടൊപ്പം നീതിയും പ്രവേശനത്തിലെ തുല്യതയും മറ്റും നിലനിർത്തുകയെന്നതു വലിയ വെല്ലുവിളിയാണ്. സർവ്വോപരി ഇതു ഡിജിറ്റല സമത്വം കൂടി സൃഷ്ടിച്ചു പലരീതിയിലുള്ള അസന്തുലിത സാഹചര്യത്തിൻറെ തീവ്രത വർദ്ധിപ്പിക്കുകയാണ്. പിന്നെ കേന്ദ്രീകരണവും ഉദ്യോഗസ്ഥ ഭരണവും സ്വയംഭര ണത്തിന്റെ തകർച്ചയും സംഭവിക്കുന്നു.

**1. ഓൺ ലൈൻ രീതി**

ഓൺലൈനദ്ധ്യാപന അദ്ധ്യയന സമ്പ്രദായം ഒരുപുതിയ പതിവായി മാറുകയാണ്. പെട്ടന്നതൊരു പൂർണ്ണ ബദലായി മാറിയില്ലെങ്കിലും. നിലവിലെ സമ്പ്രദായത്തിന്റെ ഏറ്റവും പ്രധാന പോഷകമായി അതു തുടരും. ഓൺലൈനുപകരണങ്ങളുടെ സഹായം ഇനി നിർബ്ബന്ധമായിത്തീരും. ഈ സാങ്കേതികവിദ്യ കോവിഡ് 19 പ്രതിസന്ധിയുടെ സൃഷ്ടിയല്ല. അതിവിടെ ഉള്ളതാണ്; ഒരുസമാന്തര രീതിയായും ഫാഷനായും ആയിരുന്നെന്നു മാത്രം. കോവിഡ് 19 പ്രതിസന്ധി അതിനെ ഏകബദലെന്ന നില യ്ക്കു അനിവാര്യമാക്കി. വെബിനാറുകളും ടെലികൊണ്ഫറന്സിങ്ങും പതിവു രീതിയായി മാറും. ഇതെല്ലാം മറ്റുപോംവഴിയില്ലാത്ത അടിയന്തര സാഹചര്യത്തിലെ തൽക്കാല നിവൃത്തിയെന്ന നിലയ്ക്കു ഗുണനിലവാരത്തെ ബാധിക്കുന്നവിധമാണ തിന്നു മിക്ക സ്ഥാപനങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്.

കമ്പ്യൂട്ടറും ഇന്ററർനെറ്റും ഐ.സി.ടിയും ഉന്നത വിദ്യാഭ്യാസത്തിനു അനിഷേദ്ധ്യമാം വിധം നിർണ്ണായകമാണ്. അവയെ സർവ്വകലാശാലാ പാഠ്യപദ്ധതികളുടെയും സില ബസ്സിന്റെയും കൊഴ്സുകളുടെയും അവിഭാജ്യ ഘടകങ്ങളായിരിക്കണം. ഇപ്പോഴത്തെ ക്ലാസ്സുമുറി സമ്പ്രദായം ശക്തിപ്പെടുത്തുന്ന പോഷകമായി ഓൺലൈൻ രീതി കൂട്ടിച്ചേർക്കുകയും വേണം.

വിർച്വലദ്ധ്യാപനമൊരിക്കലും യഥാർത്ഥ അദ്ധ്യാപനത്തിനു പകരമാവില്ല. കാരണം യഥാർത്ഥം എപ്പോഴും യഥാർത്ഥം തന്നെയാണ്. എന്നിരുന്നാലും ശാരീരിക അകലം പാലിക്കണമെന്ന നിർബ്ബന്ധ ചുറ്റുപാടിലിന്നു വിർച്വലദ്ധ്യാപനവും അദ്ധ്യയനവും മാത്രമേ വഴിയുള്ളൂ. ശാരീരിക അകലം പാലിക്കലും

യാത്രാവിലക്കുംമറ്റും ഒഴിവാക്കാനാവാത്തേടത്തോളം ഓൺ ലൈനിലൂടെയുള്ള കോഴ്സു ചിട്ടപ്പെടുത്തലും വിനിമയവും മൂല്യ നിർണ്ണയവുമായിരിക്കും മേൽക്കൈ നേടും. ഈ നിഷ്കർഷക ളൊക്കെ നീങ്ങിയാലും ക്ലാസ്സിനോടൊപ്പമുള്ളതും അല്ലാത്തതുമായ പോഷകമായി ഓൺ ലൈനായുള്ള സമ്പ്രദായം തുടരും. ഈ സങ്കലന രീതിയിലുള്ള അദ്ധ്യാപനവും പഠനവും ഇനി പുതിയ പതിവായിരിക്കും.

**a) ഓൺ ലൈനിൻറെ അടിസ്ഥാനസൌകര്യം**


ആവശ്യമായ ഉപകരണങ്ങളും വൈദഗ്ദ്ധ്യവുമില്ലാതെ നടത്തുന്ന ഓൺ ലൈനദ്ധ്യാ പനം ഗുണനിലവാരത്തെ സാരമായി ബാധിക്കും. മൾട്ടിമീഡിയ ഉള്ളടക്കമില്ലാത്ത ഓൺ ലൈനദ്ധ്യാപനം അദ്ധ്യാപകർക്കു മടുപ്പുളവാക്കുന്ന ജോലിയും വിദ്യാർത്ഥി കൾക്കു ഭാരവുമാണ്. അദ്ധ്യാപകർക്കു അന്വേഷണ പ്രധാനവും വിദ്യാർത്ഥികൾക്കു ആവേശം പകരുന്ന ധന്യമായ പഠനാനുഭവവുമാക്കും വിധം നന്നായി ചിട്ടപ്പെടുത്തിയ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള വസ്തുതാവതരണമായിരിക്കണം ഓൺ ലൈനദ്ധ്യാപനം.

ഓൺ ലൈനദ്ധ്യാപനവും ക്ലാസ്റൂം അദ്ധ്യാപനവും തമ്മിലുള്ള വ്യത്യാസങ്ങളെല്ലാം മാദ്ധ്യമത്തിലും ചുറ്റുപാടിലും മാത്രം ഒതുങ്ങുന്നവയല്ല. പഠനം സുഗമമാക്കുന്ന മാർഗ്ഗങ്ങളുടെയും അദ്ധ്യാപനത്തിന്റെയും പഠന ഫലനിര്ണ്ണയത്തിന്റെയും സംവേദന വിദ്യകളുടെയും മൂല്യനിർണ്ണയ രീതികളുടെയുമൊക്കെ സയൻസിനെയോ കലയേയോ കടന്നുപോവുന്നതാണവ. ക്ലാസ്സിനോടോപ്പമുള്ള തത്സമയ ഓൺ ലൈനദ്ധ്യയനമോ റെക്കോഡു ചെയ്ത ക്ലാസ്സിന്റെ സഹായത്തോടെയുള്ള അദ്ധ്യയനമോ യഥാർത്ഥ ക്ലാസ്സിലിരുന്നുള്ള അദ്ധ്യയനത്തിനു ബദലല്ല.

അദ്ധ്യാപകർക്കു സോഫ്റ്റുവെയറടിസ്ഥാനമാക്കിയുള്ള കോഴ്സു ചിട്ടപ്പെടുത്തലും വെബ്ബടിസ്ഥാനമാക്കിയുള്ള അദ്ധ്യാപനവും കമ്പ്യൂട്ടറുപയോഗിച്ചുള്ള സംവേദനവും മൈൻറ്മാപ്പിങ്ങും വിഡിയോ ഉപയോഗവും മൂർത്ത രൂപവൽക്കരണവും ഇൻഫോ ഗ്രാഫിക്സും പങ്കാളിത്ത പഠനവും ദൃശ്യാ-ശ്രാവ്യ ഉപാധികളെ സജ്ജമാക്കലും ഡിജി റ്റലുള്ളടക്കം തയാറാക്കലും പോലുള്ള ഓൺ ലൈനദ്ധ്യാപന രീതികളും ഉപാധികളും അവലംബിക്കേണ്ടതുണ്ട്. ഗ്രഹിക്കാനും വിശകലനം ചെയ്യാനും സംസ്ലേഷിക്കാനും വിലയിരുത്താനും പുതിയതു സൃഷ്ടിക്കാനും പറ്റുന്ന ആശയങ്ങളെയും സങ്കൽപ്പന ങ്ങളെയും ഗ്രാഫുവഴിയോ ചിത്രമാർഗ്ഗമോ പ്രതിനിധീകരിക്കുന്നതിനാണു ദൃശ്യോപ കരണങ്ങളെല്ലാം സഹായിക്കുന്നത്. രേഖീയ പാഠത്തിനു

വിപരീതമായി മൈൻറ്മാപ്പിങ്ങും ഇൻഫോഗ്രാഫിക്സും മൂർത്ത രൂപവൽക്കരണവും പോലുള്ള ഉപകരണങ്ങ ളാവട്ടെ മനസ്സിലാക്കലെന്ന പ്രക്രിയക്കനുസരിച്ചു അറിവിനെ കമീകരിക്കുന്നതിനും സഹായിക്കുന്നു. ഗുണമേന്മയുള്ള ഓൺ ലൈനദ്ധ്യാപന/അദ്ധ്യയന മൂല്യനിർണ്ണയ ഉപകരണങ്ങളെല്ലാം ഉയർന്ന അളവിലുള്ള വിവരസംവേദനം സുഗമമാക്കുന്നവ യാണ്. അവക്കാവശ്യമായ സാങ്കേതിക അടിസ്ഥാനസൌകര്യം സജ്ജമാക്കുന്നതിനു ഗണനീയ പ്രാധാന്യം നൽകേണ്ടതുണ്ട്.

**Growth of Higher Education Institutions**




*Source : MHRD / UGC*

സാറ്റലൈറ്റോ ഫൈബ്രോപ്ടിക്കോ വഴി തടസ്സമില്ലാത്തതും വേണ്ടത്ര ബാൻഡ്-വി ഡ്ത്തുള്ളതുമായ ഇന്റർനെറ്റു കണക്ഷനോ മോബൈലു നെറ്റുവർക്കോ എല്ലാ സ്ഥാപനങ്ങളിലും അത്യാവശ്യമാണ്. ഉയർന്ന വേഗതയും ചെലവ് കുറഞ്ഞതുമായ ഇന്റർനെറ്റ് സൌകര്യം എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കണം. ഹാർഡ്വെയറും സോഫ്റ്റുവെയറും നെറ്റുവർക്ക് ഉപകരണവും കണക്ടിവിറ്റി യും 24X7 ഉടനീളം വിശ്വസനീയമാം വിധം ആശ്രയിക്കാനാവുക എന്നതാണ് ഡിജിറ്റലസമത്വം നികത്താനവശ്യം വേണ്ടത്. സ്ഥാപനങ്ങൾക്കുണ്ടായിരിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളുടെ ഒരുബെഞ്ചുമാർക്കു നിശ്ചയിക്കേണ്ടതും ആവശ്യ മാണ്.

എല്ലാസർവ്വകലാശാലകളും കാമ്പസ്സ് ഏരിയ നെറ്റുവർക്കു പൂർത്തീകരിക്കുകയും Enterprise Resource Management (ERP) വഴി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അക്കാദമിക് കരിയറിന്റെ തുടക്കം തൊട്ടു സമാപ്തി വരെ അക്കൌണ്ട ബിലിറ്റി ഉറപ്പുവരുത്തുന്ന സ്ഥാപനഭരണരീതി നടപ്പിലാക്കുകയും ചെയ്യേണ്ട സമ യം വൈകിയിരിക്കുന്നു.

**b) ഡിജിറ്റലസമത്വം**

വിദ്യാർത്ഥികളിനി യഥാർത്ഥത്തിനു പകരം വിർച്വലിനു പ്രാധാന്യം കൊടുത്താ ലെന്തു ചെയ്യുമെന്ന് ഒരുപാടദ്ധ്യാപകാർക്കു ഭയമുണ്ട്. അപ്പോഴും വെബ്ബടിസ്ഥാനമാക്കി മെച്ചപ്പെട്ട ഉപകരണങ്ങളുപയോഗിച്ചു പഠിപ്പിക്കുന്ന പരിശീലനം നേടിയ വിദഗ്ദ്ധരായ അദ്ധ്യാപകരെല്ലാം അനുപേക്ഷണീയ മാർഗ്ഗദർശികളായി രംഗത്തു ണ്ടാവും. എങ്ങനെ പഠിക്കണമെന്നു നിർദ്ദേശിക്കാനവരുതന്നെ വേണം. അദ്ധ്യാ പന സാങ്കേതികവിദ്യയിലൊരിക്കലും അദ്ധ്യാപകർക്കു പഴഞ്ചന്മാരായി നിൽക്കാനാവില്ല. കാരണം അതു വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലുള്ള തലമുറ വിടവു വർദ്ധിപ്പിക്കും.

ഉന്നതവിദ്യാഭ്യാസ മേഖലയിലവയെ പ്രതികൂലമായി സ്വാധീനിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ ഒരുപാടസമത്വങ്ങളും വിവേചനങ്ങളും ഇപ്പോഴും സംസ്ഥാന ത്തു നിലനിൽക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോ ളം നാനാവിഷയങ്ങളിലീ അസമത്വം കാണാം. കൊളേജുകൾക്കിടയിലും സർവ്വകലാശാലകള്ക്കിടയിലും അദ്ധ്യാപകർക്കിടയിലും അക്കാദമിക അക്കാദമികേതര വിഭവങ്ങളുടെ തലത്തിലുമെല്ലാം ഒട്ടേറെ ഭീമമായ അസമത്വങ്ങളുണ്ട്. അടിസ്ഥാന പഠന സൌകര്യങ്ങളിലും പാഠ്യ പാഠ്യേതര സൌകര്യങ്ങളുടെ കാര്യത്തിലും വ്യാപകമായ അസമത്വം നിലനിൽക്കുന്നു. എന്നിരുന്നാലും ചില അത്യന്താപേക്ഷിത സൌകര്യങ്ങളുടെ മാനദണ്ഡമുണ്ട്. അതുപോലുള്ള മാനദണ്ഡം ഓൺ ലൈനദ്ധ്യാപന അദ്ധ്യയന സൌകര്യങ്ങളുടെ കാര്യത്തിലും ഉണ്ടാവേണ്ടതത്യാവശ്യമാണ്.

ഡിജിറ്റലസമത്വം നികത്തുന്നതിനുള്ള നിവൃത്തിമാർഗ്ഗം രൂപപ്പെടുത്തേണ്ടതു വളരെ യധികം പ്രധാനപ്പെട്ട സംഗതിയാണ്. കേരളത്തിലുടലെടുത്തിരിക്കുന്ന ഡിജിറ്റല സമത്വത്തിന്റെ സ്വഭാവവും കാരണങ്ങളും വ്യക്തമാക്കുന്ന മൂർത്തമായ സ്ഥിതിവി വരം ശേഖരിച്ചാലേ പരിഹാരമാർഗ്ഗം

സ്വീകരിക്കാനാവൂ. ഓൺ ലൈനിലേക്കുള്ള മാറ്റം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനു കാരണമാവുന്നില്ലെന്നു ഉറപ്പുവരു ത്തണം. അതിനുവേണ്ട സുരക്ഷാ ഏർപ്പടുകളാവശ്യമാണ്. സ്ഥലം സമയം വിനിമയം മൂല്യനിർണ്ണയം എന്നിവയുടെ കാര്യത്തിലയവുള്ള സമീപനം ഉണ്ടായാലേ ഓൺ ലൈനദ്ധ്യയനം ഫലപ്രദമാവൂ. തന്മൂലം ഓൺ ലൈനദ്ധ്യാപനത്തിനു യോജിച്ച അയവുള്ള വ്യവസ്ഥയും പ്രയോഗങ്ങളും നടപ്പിലാക്കുക എന്നതു മർമ്മ പ്രധാനമാണ്. ഹാർഡ് വെയറും സോഫ്റ്റുവെയറും നെറ്റുവർക്ക് ഉപകരണവും 24X7 കണക്ടിവിറ്റിയും ഇല്ലാത്തവർക്കെല്ലാം ലഭ്യമാക്കുകയാണു ശാശ്വതപരിഹാരം. സുസ്ഥിര ഊർജ്ജ സ്രോതസ്സടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വിവരസാങ്കേതിക വിദ്യാകേന്ദ്രങ്ങളുണ്ടാക്കുന്നതിനു കേരളത്തിലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വയംപ്രേരിത സഹായസംഘടനകൾക്കും വ്യവസായശാലകള്ക്കും സഹായിക്കാനാവും. വനമേഖലയിലെ ഡിജിറ്റലസമത്വം നികത്തുന്നതിനു ഗ്രാമീണ വിദ്യാലയങ്ങള്ക്കു ഇത്തരം സഹായം ലഭ്യമായിരുന്നു.

**c) ഗുണമേന്മ**

നീതി പ്രവേശനസമത്വം ഗുണമേന്മ എന്നിവയുടെ മാനദണ്ഡങ്ങളെല്ലാം പുതുക്കി നിർവ്വചിക്കേണ്ടിയിരിക്കുന്നു. ഓൺ ലൈനദ്ധ്യാപനം ഈ മൂല്യങ്ങളുടെ പരിധിക്കു പുറത്തു പോകാതിരിക്കാനതാവശ്യമാണ്.

പകർച്ചവ്യാധിയുടെ സമ്മർദ്ദം മൂലം സംഭവിച്ച ഈ ഓൺ ലൈനിലേക്കുള്ള മാറ്റം എല്ലാ സർവ്വകലാശാലകളിലും മൃദുനിപുണി അടിസ്ഥാനമാക്കിയുള്ള തൊഴിലധിഷ്ഠിത പരിശീലനമെന്ന പേരിലൊരുപാടു ഉപരിപ്ലവങ്ങളായ പ്രോഗ്രാമുകളും കോഴ്സുകളും കൂണുപോലെ പൊങ്ങിവരുന്നതിനിടയാക്കിയിട്ടുണ്ട്.

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ മുൻകരുതലുകളെടുക്കണമെന്നതു പ്രധാനമാണ്. തോഴിൽസാദ്ധ്യതയുള്ള നിപുണി ഉറപ്പു വരുത്തുന്നില്ലെങ്കിലിത്തരം പ്രോഗ്രാമുകളൊക്കെ നിലവിലുള്ള സ്വയം ധനസഹായ പ്രോഗ്രാമുകളുടെ എണ്ണം കൂട്ടുമെന്നുമാത്രം.

യു.ജി.സി ഇത്തരം സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകളനുവദിക്കുന്നുവെന്നതു ശരിയാണ്. പക്ഷെ സർവ്വകലാശാലകളവയുടെ നിർദ്ദിഷ്ട കർമ്മങ്ങളായ ഗവേഷ

ണത്തിനും ജ്ഞാനോൽപ്പാദനത്തിനും പ്രസാരണത്തിനും തന്നെയാണു പ്രാധാന്യം നൽകേണ്ടത്.

സാങ്കേതിക വിദ്യയുടെ പരിഷ്കാരം കൊണ്ടുമാത്രം ഗുണനിലവാരം ഉറപ്പാക്കാനാവില്ല. അതു കൂടുതലായി കേന്ദ്രീകരിക്കാനും ബ്യൂറോക്രറ്റൈസു ചെയ്യാനുമാണിടയാ ക്കുക. ഉയർന്ന ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം കരഗതമാവുന്നതിനു വ്യവ സ്ഥയെ വികേന്ദ്രീകരിക്കുകയും ഡീബ്യൂറോക്രറ്റൈസു ചെയ്യുകയും വേണം.

**d) ഓൺ ലൈൻ സാങ്കേതിക വിദ്യാ പരിശീലനം**

അദ്ധ്യാപക പരിശീലന കാലയളവു പരിഷ്കരിക്കാനുള്ള ശ്രമം നടന്നെങ്കിലും പരിപാടികളിനിയും രാജ്യത്തു വേണ്ടത്ര കാലോചിതമാക്കാനായിട്ടില്ല. ബന്ധപ്പെട്ട വിജ്ഞാനമേഖലകളിലെല്ലാം കോളേജുകളിലെയും സർവ്വകലാശാലകളിലെയും അദ്ധ്യാപകരുടെ നിലവാരം കാലോചിതമായി നവീകരിക്കുന്നതിനും ഉയർത്തുന്ന തിനും കഴിഞ്ഞിട്ടുണ്ടെങ്കിലും അദ്ധ്യാപന ശാസ്ത്രത്തിലവർക്കു പരിശീലനമില്ല. ഓൺ ലൈനദ്ധ്യാപനത്തിലേക്കുള്ള ചുവടുമാറ്റം അവരിലധികം പേരെയും ബുദ്ധി മുട്ടിലാക്കിയിട്ടുണ്ട്. അധുനാതന സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും പ്രയോഗത്തിനാവശ്യമായ പരിശീലനം നൽകുന്നതിനുള്ള നിവൃത്തിമാർഗ്ഗത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. അദ്ധ്യാപകരെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളെല്ലാം സൃഷ്ടിപരമായി ഉപയോഗപ്പെടുത്തുന്ന വിദഗ്ദ്ധരാവുകയും വിദ്യാർത്ഥികളെ അവയെല്ലാം വളരെ ഫലപ്രദമായി ഉപയോഗിക്കുന്നവരാവുകയും ചെയ്യുന്നതിനുള്ള പരി ശീലനം നൽകണം.

അടച്ചുപൂട്ടലിന്റെ സമ്മർദ്ദം മൂലം പല അദ്ധ്യാപകരും ഓണ് ലൈനദ്ധ്യാപനം പരീ ക്ഷിച്ചിട്ടുള്ളത് അവിദഗ്ദ്ധ രീതിയിലാണ്. സാധാരണ ക്ലാസ്സുകളെ ഓൺ ലൈനായി അവതരിപ്പിച്ചതുകൊണ്ടു കാര്യമില്ല. സ്മാർട്ടു ക്ലാസ്സുകളാണു പോഡ്കാസ്റ്റു ചെയ്യേ ണ്ടത്.

വിർച്വലദ്ധ്യാപനം ഫലപ്രദമാവുക അദ്ധ്യാപകരൊക്കെ ഔപചാരികമായിത്ത ന്നെ ഓൺ ലൈനദ്ധ്യാപനത്തിന്റെ കലയും സയൻസും ഐ.സി.ടി യുടെ രീതി ശാസ്ത്രത്തിലധിഷ്ഠിതമായ ബോധനശാശ്ത്രവും പരിശീലിച്ചാലാണ്..

നിലവിലുള്ള കോഴ്സുകളെ ഓണ് ലൈൻ സമ്പ്രദായത്തിലേക്കു മാറ്റുക എളുപ്പമല്ല. അതിനു ആദ്ധ്യാപകർക്കു പ്രോഫഷണലായ പരിശീലനം ആവശ്യമാണ്. ഇൻസ്ട്ര ക്ഷന്റെ സിസ്റ്റം ഡിസൈനിങ്ങ്

(ISD) ഉപയോഗിച്ചും കോഴ്സു സംവിധാനത്തിലെ പഞ്ച ഘടകങ്ങളായ അനാലിസിസ് ഡിസൈനിങ്ങ് രൂപീകരണം പ്രയോഗം വിലയിരുത്ത (ADDIE) ലെന്നിവയെ അടിസ്ഥാനമാക്കിയും എങ്ങിനെ ഓൺ ലൈനാ യുള്ള കോഴ്സുകൾക്കു രൂപം നൽകണമെന്ന് ഔപചാരികമായി അദ്ധ്യാപകരറി യണം.

ബോംബെ, ദൽഹി, ഗ്വാഹട്ടി, കാൻപൂർ, റൂർക്കി, ഖരഗ്പൂർ, ചെന്നൈ, എന്നിവിടങ്ങളിലെ ഐഐറ്റികളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും ചേർന്നു രൂപം നൽകിയ നാഷണൽ പ്രോഗ്രാം ഓഫ് ടെക്നോളജി എന്ഹാൻസ്ഡ് ലേണിംഗ് (NPTEL) സയൻസുകളിലെയും സാങ്കേതിക വിദ്യയിലെയും കോഴ്സു കളുടെ ഡിസൈനിങ്ങിനു വലിയ സഹാ യമാണ്.

ഓൺ ലൈനദ്ധ്യാപന സാങ്കേതിക വിദ്യയുടെ എല്ലാ സവിശേഷതകളും അറിയേണ്ടതും SWAYAM (സ്വയം) MOODLE (മൂഡിൽ) എന്നിങ്ങനെയുള്ള പ്ലാറ്റ്ഫോമുകളും ലേണിംഗ് മാനേജുമെന്റുസിസ്റ്റംസും (LMS) ഉപയോഗിക്കുന്ന തെങ്ങനെയെന്നറിയേണ്ടതും പ്രധാനമാണ്. സൂംമീറ്റ്, ഗൂഗിൾടോക്, ഗൂഗിൾമീറ്റ്, ഹാങ്ങൌട്ട്സ്, ഗൂഗിൾ ക്ലാസ്സ്റൂം, ഗൂഗിൾഡോക്സ്, ഗൂഗിൾഫോംസ്, ജിമീറ്റ്, ജിറ്റ്, സിസ്കോ വെബെക്സ് തുട ങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളും മറ്റും ഓൺലൈനദ്ധ്യാപനത്തിനും മീറ്റിങ്ങുകൾക്കും പലരും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ഇവയിലെല്ലാം പരിശീലനം കൂടിയേ തീ രൂ. ഒന്നും പകരക്കാര്ക്കു വിട്ടുകൊടുക്കാതെ അദ്ധ്യാപകരവരുടെ പ്രോഫഷണലാ യ പുനരാവിഷ്കാരം വഴി സ്വന്തം അനുപേക്ഷണീയത ഉറപ്പുവരുത്തേ ണ്ടതുണ്ടെ ന്നു ചുരുക്കം. അവർക്കു മൾട്ടിമീഡിയ പ്രൊഡക്ഷനുപകരണങ്ങളിലും പരിശീലനം വേണം. ഈ സാങ്കേതിക വിദ്യകളുടെ ഉപയോഗം അദ്ധ്യാപന അദ്ധ്യ യനങ്ങളുടെ അവിഭാജ്യ ഘടകങ്ങളായി പകർച്ചവ്യാധിക്കാലം കഴിഞ്ഞും തുടരാനു ള്ളതാണ്.

പരീക്ഷണപ്രധാനമായ സയൻസിലും മറ്റു വിജ്ഞാന ശാഖകളിലും സംഘമായുള്ള പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനും മാനവ ഗവേഷണ വികസനത്തിനും സംസ്ഥാനത്തെ സർവ്വകലാശാലകളെല്ലാം യു.ജി.സിയുടെ ആദ്യ അന്തർസർവ്വക ലാശാലാ കേന്ദ്രമായ ആക്സലറേറ്റര്സെന്ററിന്റെ സഹായം തേടണം. സർവ്വകലാശാലകളിലെല്ലാം ആക്സലറേറ്ററുപയോഗിച്ചുള്ള ലോകോത്തര ഗവേഷണ സൌക ര്യങ്ങളും പോതുഗവേഷണ പരിപാടികളും ഉണ്ടാക്കാനും സർവ്വകലാശാലകളുമായും മറ്റു പ്രമുഖ സ്ഥാപനങ്ങളുമായും

സഹകരണം വളർത്താനും ഉദ്ദേശിച്ചു പ്രവർത്തിക്കുന്ന കേന്ദ്രമാണിത്.

രാജ്യത്തെ സർവ്വകലാശാലകളുടെ സയൻസ് ടെക്നോളജി മുൻനിര മേഖലകളി ലെല്ലാം വൈദഗ്ദ്ധ്യം വികസിപ്പിക്കാനും ഗവേഷണം പ്രോത്സാഹിപ്പിക്കാനും സൃ ഷ്ടിക്കപ്പെട്ടിട്ടുള്ള ആറ്റോമിക് എനർജി ഡിപ്പാര്ട്ട്മെന്റിന്റെ സഹായവും പ്രയോ ജനപ്പെടുത്തണം.

അതുപോലെ പൂനയിലെ അന്തർസർവ്വകലാശാല (IUCAA) അസ്ട്രോണോമിയിലും അസ്ട്രോഫിസിക്സിലും പഠന ഗവേഷണം വികസിപ്പിക്കുന്നതിനു സഹായിക്കുന്നു. സാധാരണഗതിയിലത്രയൊന്നും പ്രാധാന്യം ലഭിക്കാത്ത പ്രസ്തുത വിഷയങ്ങളുടെ വികസനം താല്പര്യമുള്ള നമ്മുടെ സർവ്വകലാശാലകൾക്കു IUCAAയിലെ കേന്ദ്രീകൃത സെ കര്യങ്ങളുടെ പ്രയോജനം ലഭ്യമാണ്..

വിദ്യാഭ്യാസ വിനിമയത്തിനുള്ള കൺസോർഷ്യം (CEC) യു.ജി.സിയുടെ മറ്റൊരു അ ന്തർസർവ്വകലാശാലാ കേന്ദ്രമാണ്. ഉന്നതവിദ്യാഭ്യാസാവശ്യങ്ങളെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനു രാജ്യമെമ്പാടും 22 മൾട്ടിമീഡിയ ഗവേഷണ സെന്ററു (EMRC) കളുണ്ട്. അതിലൊന്ന് കാലിക്കറ്റ് സർവ്വകലാശാലയിലാണ്. സം സ്ഥാനത്തെ സർവ്വകലാശാലകൾക്കു ഓണ് ലൈനദ്ധ്യാപന അദ്ധ്യയന ഉപാധികളും സങ്കേതങ്ങളും നിര്മ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും EMRCയെ ആശ്രയിക്കാവുന്നതാണ്.

**2. സ്വയംഭരണ ശാക്തീകരണം**

ചടുലവും സൃഷ്ടിപരവും ആവുന്നതിനു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സ്വയംഭാരണവും നിഷ്കർഷകളിലൊക്കെ അയവും അത്യന്താപേക്ഷിതമാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ GATS അനന്തര പരിഷ്കരണങ്ങളിലൂടെ സർവ്വ കലാശാലകളുടെ സ്വയംഭരണം ക്രമാനുഗതമായി തകർന്നുവരുകയാണ്. കോവി ഡ് 19 ഉയർത്തിയ അടിയന്തര സാഹചര്യം പ്രസ്തുത പ്രക്രിയയുടെ വേഗത കൂട്ടിയിട്ടുണ്ട്.

പകർച്ചവ്യാധിയുടെ അടിയന്തരാവസ്ഥക്കാലത്തെ സ്വയംഭാരണാപചയത്തെപ്പറ്റി സർവ്വകലാശാലകള്ക്കു ജാഗ്രത വേണം. പാഠ്യ പദ്ധതിയുടെ മാറ്റങ്ങളും പുതിയ പ്രോഗ്രാമുകളുടെ നടപ്പാക്കലും കോഴ്സുകളുടെ ഡിസൈനിങ്ങും അക്കാദമിക

പ്രവർത്തനരീതിയും സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും നിയമങ്ങളും ബ്യൂറോക്രാറ്റിക് അനുശാസനകളായി പുറപ്പെടുന്ന സ്ഥിതിവരരുത്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വതന്ത്രവും സുഗമവുമായ പ്രവർത്തനത്തി നും ഓൺ ലൈൻ കോഴ്സുകളുടെ നടത്തിപ്പിനും ആവശ്യമായ പുതിയ സുതാര്യതാ മാനദണ്ഡം ആവശ്യമാണ്.

സർവ്വകലാശാലകളുടെ സ്വയംഭാരണാധികാരം ശക്തിപ്പെടുത്തുന്നതിനും ഭാവി പ്രതിസന്ധികളോടു സൃഷ്ടിപരമായി പ്രതികരിക്കുന്നതിനു പ്രാപ്തമാക്കാനും ആക്ടും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും നവീകരിക്കേണ്ടതുണ്ട്.

### 3. കേന്ദ്രീകരണവും വിവേചനവും

സമ്പൂർണ്ണ നൈമിക രാഷ്ട്രീയ കേന്ദ്രീകരണവും ബ്യൂറോക്രറ്റൈസേഷനും ആവ ശ്യമാക്കിമാറ്റിയ കോവിഡ് 19 പകർച്ചവ്യാധി ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കു അതിന്റെ അക്കാദമിക സ്വയംഭരണം കുറച്ചൊക്കെ അന്യമാക്കിയിരിക്കുന്നു.

ഇന്റെർനെറ്റും ഐസിടിയും ഉപയോഗിച്ചു രാജ്യത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന തോതിലുള്ള കേന്ദ്രീകരണം നടക്കും. അക്കാദമിക പ്രോഗ്രാമുകളും കോഴ്സുകളും പാഠങ്ങളും വിഡിയോ ഉൾപ്പെടെയുള്ള പഠനസാമഗ്രികളുമെല്ലാം ഒരൊറ്റ പോഡ്കാസ്റ്റ് വഴി രാജ്യമാകെ ലഭ്യമാക്കാനുള്ള പദ്ധതി നിർദ്ദേശിക്കപ്പെട്ടു കഴിഞ്ഞിരി ക്കുന്നു.

കേന്ദ്രീകരണം കോർപ്പോറെറ്റുകളുടെ ആവശ്യമാണ്. രാജ്യമാകെ പഠന പാഠ്യപദ്ധ തികളുടെ ഏകതാനതയും ഏകോപിത സംവിധാനവും കൊണ്ടുവരുന്നതിനായി അവരുടെ ശുപാർശ ശക്തമാണ്. ഇതു വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുന്ന തിനും വിദ്യാർത്ഥികളെ വ്യാവസായിക തൊഴിലുകൾക്കു കൊള്ളുന്നവരാക്കാനുമാ ണെന്നു പറയുന്നു.

പകർച്ചവ്യാധിക്കെതിരെ ഫലപ്രദമായി പോരാടി ലോകശ്രദ്ധയും അംഗീകാരവും നേടിയ കേരളത്തിലെ ജനാധിപത്യ കേന്ദ്രീകരണത്തിനു കീഴിലെ വികേന്ദ്രീകൃത സംവിധാനത്തില്നിന്നുള്ള ഉൾക്കാഴ്ചയിലൂടെ ഉന്നതവിദ്യാഭ്യാസ ഭരണം പുനരാ ലോചനയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

വികേന്ദ്രീകൃതങ്ങളൊത്തുകൂടുന്ന കേരളത്തിന്റെ ജനകീയാസൂത്രണവും സ്വയംഭരണ സ്ഥാപനങ്ങളും സഹകരണ

സ്ഥാപനങ്ങളും വികേന്ദ്രീകൃത ആരോഗ്യ സുരക്ഷാ കേന്ദ്രങ്ങളും ജില്ലാഭരണകൂടവും മറ്റുവകുപ്പുകളും വിശാലപൊതുജനങ്ങളും സഹകരിച്ചു പ്രവൃത്തിച്ച് അതു പ്രതിസന്ധിയെ നേരിടുന്നതിനുള്ള ഒരുമാതൃക സൃഷ്ടിച്ചു. അത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉയര്ന്നുവരുന്ന കേന്ദ്രീകരണ പ്രവണത പ്രതിതുലനം ചെയ്യുന്നതിനു പര്യാപ്തമാവും.

വിദ്യാഭ്യാസം നിക്ഷേപമല്ല, വലിയ ചിലവിനമാണെന്നു കരുതുന്ന ഇന്ത്യയെപ്പോ ലൊരുവികസ്വര രാജ്യത്തെ സാധാരണ സർവ്വകലാശാലകൾക്കെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളുള്ള പ്രോഗ്രാമുകൾക്കായിരിക്കും പ്രാമുഖ്യം നൽകേണ്ടിവരുക.

ഉദാര കലാമാനവിക വിഷയങ്ങളിലും സാമൂഹ്യ ശാസ്ത്രങ്ങളിലും അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ ഇനി നീക്കിയിരിപ്പു ക്രമാനുഗതമായി കുറഞ്ഞുവരും. അവയിലുള്ള പ്രോഗ്രാമുകളിനി പഴയ കോളേജുകളിലും സർവ്വകലാശാലകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി ചുരുങ്ങും. അത്തരം വിഷയങ്ങൾക്കും സ്ഥാപനങ്ങള്ക്കുമെതിരെ വിവേചനം വർദ്ധിച്ചുകൊണ്ടിരിക്കും

**4. സ്വയം ധന സഹായ സ്ഥാപനങ്ങളുടെ കാര്യം**

സ്വയം ധനസഹായ സ്ഥാപനങ്ങളിലെ ഏതാനും എണ്ണങ്ങളുടെ കാര്യത്തിലേ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടി സാദ്ധ്യമായിട്ടുള്ളൂ. വളരെ നല്ല ഏതാനും സ്ഥാപനങ്ങളൊഴിച്ചു ബാക്കിയുള്ള ബഹുഭൂരിഭാഗം സ്ഥാപനങ്ങള്ക്കും പഠന സെ കര്യങ്ങളുടെ കാര്യത്തിലവശ്യം വേണ്ട അക്കാദമിക ഉത്തരവാദിത്വമോ അ ദ്ധ്യാപകയോഗ്യതയിലും പ്രതിഫലത്തിലും വേണ്ട സുതാര്യതയോ ഇല്ല. അവയുടെ പ്രവർത്തനം അങ്ങേയറ്റം പരിതാപകരമാണ്. പകർച്ചവ്യാധിമൂലമുണ്ടായ അടച്ചുപൂ ട്ടലോടെ അതു വീണ്ടും അധ:പതിച്ചിരിക്കുന്നു.

അക്കാദമിക ഉത്തരവാദിത്വവും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനു എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും വിലയിരുത്തലിനും അക്രഡിറ്റേഷനും വിധേയമാവണമെന്ന കാര്യം യു.ജി.സി നൽകുന്ന ദേശീയാടിസ്ഥാനത്തിലുള്ള ശുപാർശയാണ്. വിലയിരുത്തലും അക്രഡിറ്റേഷനും മാത്രമേ ഈ സ്ഥാപനങ്ങളുടെ സ്വയം നിയന്ത്രണം പ്രോത്സാഹിപ്പിക്കുകയും സാമൂഹ്യ സ്വീകാര്യത ഉയർത്തുകയും ചെയ്യൂ.

സ്വയം ധനസഹായ സ്ഥാപനങ്ങളുടെ സംസ്ഥാനതല വിലയിരുത്തലിനും അക്രഡിറ്റേഷനും വേണ്ടിയുള്ള

മുന്നൊരുക്കങ്ങളെല്ലാം കെ.എസ്.എച്ച്.ഇ.സി അതിന്റെ പ്രത്യേക സെൻററായ SAAC വഴി പൂർത്തീകരിച്ചിട്ടുണ്ട്.

കെ.എസ്.എച്ച്.ഇ.സി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഖിലകേരള സർവേ യും സ്ഥാപനങ്ങളുടെ റാങ്കിങ്ങിനുള്ള നടപടികളും ഏറെക്കുറേ പൂർത്തിയാക്കിയി രിക്കുന്നു (KIRF).

സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനായുള്ള ഈ പരിശ്രമങ്ങളെല്ലാം പല മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഗവേഷണ ഫലങ്ങളും മറ്റുമാണ് അവയിൽച്ചിലത്. അവ വിലയിരുത്തുന്നതിനു സ്കൊപസും വെബ് ഓഫ് സയൻസും പോലുള്ള ബിബ്ലിയോഗ്രാഫിക് ഡാറ്റാ സെന്ററുകളെ ആശ്രയിക്കുന്നു.

സ്ഥാപനങ്ങളുടെ ദേശീയ റാങ്കിങ്ങിനുള്ള ചട്ടക്കൂടും (NIRF) ആഗോള റാങ്കിങ്ങിനുള്ള സംവിധാനങ്ങളും അവയുടെ മാനദണ്ഡങ്ങളനുസരിച്ചുള്ള വിലയിരുത്തലിനു ഗവേഷണഫലം പേറ്റന്റ് എച്ച്- ഇൻഡെക്സ് തുടങ്ങിയവ പരിശോധിച്ച് ഉറപ്പാക്കുന്നതിനും ഈ ഡാറ്റാ സെന്ററുകളെയാണ് ആശ്രയിക്കുന്നത്.

അപ്രകാരം എല്ലാ സ്വയം ധനസഹായ സ്ഥാപനങ്ങളും നിർബ്ബന്ധമായി വിലയിരുത്തലിനും അക്രഡിറ്റേഷനും വിധേയമാവണമെന്നു നിഷ്കർഷിക്കുന്ന ഉത്തരവുണ്ടാവണമെന്ന കാര്യം കേരള സർക്കാരിനെ അറിയിക്കുന്നു. സ്വയം ധനസഹായ സ്ഥാപനങ്ങള്ക്കു പുതിയ അക്കാദമിക് പ്രോഗ്രാമുകളാരംഭിക്കുന്നതിനു ഈ വിലയിരുത്തലും അക്രഡിറ്റേഷനും നിർബ്ബന്ധമാക്കണം.

## 5. ഓപ്പൺയൂണിവേഴ്സിറ്റിയുടെ അടിയന്തര പ്രസക്തി

കോഴ്സുകളൊന്നും നേരിട്ടു ചെയ്യാനാവാത്തവർക്കുവേണ്ടി സർവ്വകലാശാലകളൊ രുക്കുന്ന വിദൂരവിദ്യാഭ്യാസ സൌകര്യം പകർച്ചവ്യാധിയുടെ പ്രത്യേക സാഹചര്യം വളരെയേറെ പ്രസക്തമാക്കിയിട്ടുണ്ട്. കോവിഡ് 19 ന്റെ സമ്മർദ്ദം മൂലം പതിവു സർവ്വകലാശാലകളൊക്കെയും ഓൺ ലൈനിലൂടെയുള്ള വിദൂരവിദ്യാഭ്യാസ സമ്പ്ര ദായത്തിലേക്കു മാറിയത് ഓപ്പൺയൂണിവേഴ്സിറ്റിയുടെ പ്രാധാന്യം ഒന്നുകൂടി വർദ്ധി പ്പിച്ചിരിക്കുകയാണ്.

ഇന്ത്യയിലാകെ 15 ഓപ്പൺയൂണിവേഴ്സിറ്റികളാണുള്ളത്. അവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റു/ഡിപ്ലോമ കോഴ്സുകളും ബിരുദ ബിരുദാനന്തര ഡോക്ടറേറ്റു ഡിഗ്രി പ്രോഗ്രാമുകളും ഓപ്പൺയൂണിവേഴ്സിറ്റി ഡിസ്റ്റൻസ് പഠനം വഴി (ODLS) യാണ്.

പ്രതിവര്ഷം ശരാശരി മൂന്നു ലക്ഷം വിദ്യാർത്ഥികളാണ് അവരുടെ ഉന്നത വിദ്യാഭ്യാ സ പഠനം തുടരുന്നതിനായി സംസ്ഥാനത്തെ മൂന്നു പ്രധാന സർവ്വകലാശാലകളിലൂടെയും പുറത്തുള്ള മറ്റു സർവ്വകലാശാലകളിലൂടെയും വിശേഷിച്ചും ഇന്ദിരാഗാന്ധി നേഷണൽ ഓപ്പൺസർവ്വകലാശാല (IGNOU) വഴിയും ലഭ്യമാവുന്ന തുറന്ന വിദൂരവിദ്യാഭ്യാസ സംവിധാന (ODLS) ത്തെ ആശ്രയിക്കുന്നത്. അടുത്തകാലത്ത് ഈ സൗകര്യം ഇല്ലാതായിരിക്കുന്നു. കാരണം യു.ജി.സി നിയമം 2018 അനുസരിച്ചു 3.25 നുമേലെ NAAC ഗ്രേഡുള്ള സർവ്വകലാശാലക്കേ ODLS നടത്താനനുവാദമു ള്ളൂ.

നേരത്തെ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കു തുടരാനുള്ള അനുവാദം ലഭിച്ചി രുന്നെങ്കിലും യു.ജി.സി നിയമം 2018 വീണ്ടും നിഷ്കർഷിച്ചിരിക്കുകയാണ്. ഒരുവലിയ വിഭാഗം വിദ്യാർത്ഥികൾക്ക് അങ്ങനെ ODLS നിഷേധിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിനു സ്വന്തമായി ഒരുസ്വതന്ത്ര വിദൂര പഠന സർവ്വകലാശാല അത്യന്താപേക്ഷിതമായിരിക്കുകയാണ്. കെ.എസ്.എച്.ഇ.സി ഇതിനായി എല്ലാ ഉപദേശങ്ങളും നൽകിയിട്ടു രണ്ടുവർഷമായി. ഇതൊരടിയന്തരാവശ്യമാണെന്നും അതിനിയും വൈകിക്കൂടെന്നും സർക്കാരിനു ബോധ്യപ്പെട്ടതിന്റെ ഫലമായി ഉടനെ ഓപ്പൺയൂണിവേഴ്സിറ്റി ആരംഭിക്കാനുള്ള തീരുമാനം വന്നു കഴിഞ്ഞിരിക്കുന്നു. താമസിയാതെ അതു പ്രവർത്തനക്ഷമമാവും എന്നു പ്രതീക്ഷിക്കാം.

## 6. സ്ഥാപനങ്ങളുടെ സാമൂഹ്യാടിത്തറ ശക്തിപ്പെടുത്തണം

കോവിഡ്19 ന്റെ സാഹചര്യം ആവശ്യപ്പെടുന്നത് സർവ്വകലാശാലകളും കോളേജുകളും അവയുടെ സാമൂഹ്യാടിത്തറയും കമ്മ്യൂണിറ്റിയുടെ പിന്തുണയും ശക്തിപ്പെടുത്താ നാണ്.

മികവുറ്റ വിജ്ഞാനം ജീവിതനിലവാരത്തെയും മനുഷ്യരുടെ ആവാസവ്യവസ്ഥയെയും എങ്ങനെ മെച്ചപ്പെടുത്താനു പകരിക്കുമെന്ന കാര്യം ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്തി അതുവഴി അവരെ സഹായിക്കാനുള്ള സാമൂഹ്യ ഉത്തരവാദിത്വം എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുണ്ട്. പുതിയ

കണ്ടുപിടുത്തങ്ങളും സാങ്കേതിക സൃഷ്ടികളും ഉയർത്തുന്ന പ്രശ്നങ്ങളെയും സാദ്ധ്യതകളെയും പറ്റി ജനങ്ങളെ ബോധവല്ക്കരിക്കേണ്ടതും സ്ഥാപനങ്ങളുടെ ബാദ്ധ്യതയാണ്.

കോവിഡ്19 ഉണ്ടാക്കിയ ശാരീരിക അകലവും സഞ്ചാര സ്വാതന്ത്ര്യമില്ലായ്മയും ഓൺലൈനദ്ധ്യാപനത്തിന്റെ പ്രാധാന്യവും കാമ്പസ് ഇടങ്ങളെ പലതരം മാറ്റത്തി നു വിധേയമാക്കും. ലെക്ചറുഹാളുകളും ക്ലാസ്സുമുറികളും സംയോജിത അദ്ധ്യാപനവേ ദിയായും തൊഴിലുപരിശീലന കളരിയായും ശിൽപ്പശാലാ കേന്ദ്രങ്ങളായും മാറാം. അവ വിദ്യാർത്ഥികളെ മാത്രമല്ല തദ്ദേശവാസികളായ ബഹുജനങ്ങളെയും ഉൾക്കൊ ള്ളും.

ഇത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർവ്വചിത സ്ഥാനങ്ങളെ കമ്മ്യൂണിറ്റിയുടെ പഠനഗവേഷണങ്ങള്ക്കായി നീക്കിവെച്ചതുള്പ്പെടെ മറ്റുപല ഉപയോഗ ങ്ങൾക്കായുള്ള തുറന്ന ഇടങ്ങളാക്കി മാറ്റും.

## 7. ഡിസിപ്ലിനുകൾക്കു കുറുകെയുള്ള സമീക്ഷ

ഡിസിപ്ലിനുകൾക്കു കുറുകെയുള്ള സമീക്ഷയുടെ വ്യവസ്ഥാപനം പറയുമ്പോലെ ചെയ്യാനെളുപ്പമല്ല. കാരണം ഡിസിപ്ലിനുകളതനുവദിക്കില്ല. എന്നിരുന്നാലും ജ്ഞാനം വളരുന്നതനുസരിച്ചു ഡിസിപ്ലിനുകളുടെ അതിരുകളും ആകൃതികളും മങ്ങി അവ പരസ്പരം അടുത്തുകൊണ്ടിരിക്കുകയാണ്. ഉയർന്നുവരുന്ന എല്ലാ പുതിയ വിജ്ഞാനമേഖലകളിലും ഡിസിപ്ലിനുകളുടെ സങ്കലനം വ്യക്തമായിക്കഴിഞ്ഞു. ഡിസിപ്ലിനുകള്ക്കു കുറുകെ സമീക്ഷയുള്ള അദ്ധ്യാപകർക്കേ അവ കൈകാര്യം ചെയ്യാനാവൂ. അദ്ധ്യേതാക്കള്ക്കു ഇത്തരം വിഷയങ്ങളുമായി വേഗം പൊരുത്തപ്പെടാനുള്ള കഴിവു പ്രദാനം ചെയ്യാനും അത്തരം അദ്ധ്യാപകർക്കേ കഴിയൂ. ഉപരിപഠനത്തിലിതു ഒഴി ച്ചുകൂടാനാവാത്ത മുന്നുപാധികളിലൊന്നാണെന്ന വസ്തുതയും ഉണ്ട്.

അദ്ധ്യാപകരെ ഡിസിപ്ലിനുകളുടെ നിലവറകളിൽനിന്നു പുറത്തു കൊണ്ടുവരുക അങ്ങേയറ്റം ശ്രമകരമാണ്. അധികംപേരും ഡിസിപ്ലിനുകൾക്കു കുറുകെ സമീക്ഷ വളർത്താനുള്ള ഉദ്യമങ്ങൾക്കു വഴങ്ങുന്നവരുമല്ല.

ഭൂരിഭാഗത്തിനും ഡിസിപ്ലിനുകൾക്കു കുറുകെ വളരുന്ന വിജ്ഞാനമേഖലകളെ ചെറു ക്കുക വിഷമമാണ്. പ്രത്യേകിച്ചും

ആഗോള സമ്പദ്-വ്യവസ്ഥയില്നിന്നു പുറപ്പെടുന്നതാണെന്നിരിക്കെ. സാങ്കേതികവിദ്യയുടെ സ്ഥിതിപോലെ തന്നെയാണിത്. ഡി സിപ്ലിനുകൾക്കല്ല ഡിസിപ്ലിനുകൾക്കു കുറുകെയുള്ള വിജ്ഞാനമേഖലകൾക്കേ ആ ഗോള സമ്പദ്-വ്യവസ്ഥയുടെ അജണ്ടയെ നേരിടാനാവൂ എന്നതു കൌതുകകരമാണ്. വിമർശ രാഷ്ട്രീയ സമ്പദ്-മീമാംസ, വികസന നരവംശശാസ്ത്രം, പരി സ്ഥിതി സയൻസ്, സ്ത്രീ പഠനം, ദളിത് പഠനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. അധീശ സമ്പദ്-വ്യവസ്ഥ അത്തരം വിജ്ഞാനമേഖലകളെ വളരാനനുവദിക്കുക യുമില്ല. കാരണം വ്യക്തമാണ്.

കോർപ്പറേറ്റു സമ്പദ്-വ്യവസ്ഥ ധനസഹായം നൽകുന്നവയാണു ഡിസിപ്ലിനു കൾക്കു കുറുകെയുള്ള സയൻസിക സാങ്കേതിക സങ്കര മേഖലകളിലെ ആഗോളവി പണിയുള്ള ജ്ഞാനോൽപ്പാദനവും വിനിമയവും. അതിന്റെ സമ്മർദ്ദത്തിലകപ്പെട്ടു മിക്ക സർവ്വകലാശാലകളും ഡിസിപ്ലിനുകൾക്കു കുറുകെയുള്ള അദ്ധ്യാപനവും അദ്ധ്യയനവും ഗവേഷണവും നടത്തുന്ന ബഹുവിഷയ സ്ഥാപനങ്ങളായി മാറും. സർവ്വക ലാശാലകളും സ്വയംഭരണ കോളേജുകളും അത്തരം മേഖലകളിലുള്ള സൃഷ്ടിപരമായ കോഴ്സുകളും പാഠ്യപദ്ധതിയും വികസിപ്പിക്കുന്നതിനും കേന്ദ്രീകൃത ഫലപ്രാ പ്തിയും തുടർച്ചയായുള്ള മൂല്യനിർണ്ണയവും പിന്തുടരുന്നതിനും സാഹചര്യമൊരുങ്ങും.

## 8. ഉയർന്നുവരുന്ന അറിവിന്റെ പുതിയ മേഖല

ഉയർന്നുവരുന്ന അറിവിന്റെ എല്ലാ പുതിയ മേഖലകളിലെയും ആഗോള സയൻസും സാങ്കേതികവിദ്യയും നമ്മുടെ സർവ്വകലാശാലകളിലും കോളേജുകളിലും പകർത്താ നാവില്ല. അതാവശ്യവുമില്ല. കാരണം ആഗോള മൂല്യമുണ്ടെന്നു കരുതി സയൻസും സാങ്കേതികവിദ്യയും എല്ലാകുട്ടികളുടെയും തലയിലിറക്കാനുള്ള ശ്രമം വിപരീതഫല മാണുളവാക്കുക. സയൻസും സാങ്കേതികവിദ്യയും ഒരിക്കലും രേഖീയമായല്ല വികസിക്കുന്നത്. അതു ചടുലവും തീർച്ചയില്ലാത്തതും സദാ മാറിക്കൊണ്ടിരിക്കുന്നതുമാ ണ്.

വളരെ പ്രസക്തങ്ങളായ പല ഉദാരകലകളും മാനവിക വിഷയങ്ങളും സാമൂഹ്യശാസ്ത്രങ്ങളും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. സ്വതന്ത്ര ഡിസിപ്ലിനുകളെന്ന നിലയ്ക്കു അവയിലേറെയും പാഠ്യവിഷയങ്ങളാണെങ്കിലും

പരസ്പര പൂരകങ്ങളായ ചേർപ്പുകളെന്ന നിലയിലവ അധികമൊന്നും പരീക്ഷിക്കപ്പെട്ടിട്ടില്ല. ഇന്നത്തെ ചുറ്റുപാടിലവയിലേ തും ഫലപ്രദമായ ചേർപ്പുകളിലൂടെ വലിയ സാദ്ധ്യതയുള്ള വിജ്ഞാനമേഖലകളാക്കാവുന്നതാണ്. ഉദാരകലകളും മാനവിക വിഷയങ്ങളും സാമൂഹ്യ ശാസ്ത്രങ്ങളും ഒരതിശക്ത കൂട്ടുലോഹം പോലെ ഇണക്കുന്നതിനേറ്റവും യോജിച്ച മൌ ലിക ഡി സിപ്ലിനാണു നരവംശശാസ്ത്രം.

ഇന്ത്യ ഉൾപ്പെടെ ലോകമെങ്ങും നരവംശശാസ്ത്രം സാമൂഹ്യശാസ്ത്രങ്ങളുടെ കൂട്ടത്തിലിന്നു മുന്നേറിക്കൊണ്ടിരിക്കുന്ന വിജ്ഞാനമേഖലയാണ്. ഒരുകാലത്തു കേരളത്തിലീ വിജ്ഞാനമേഖയുടെ വളരെ പ്രസിദ്ധരായ വക്താക്കളുണ്ടായിരുന്നെങ്കിലും ഇന്നു സംസ്ഥാന ഉന്നത വിദ്യാഭ്യാസത്തിലതിനു തീരെ കുറഞ്ഞ പ്രാതിനിധ്യമേ ഉള്ളൂ. ലോകരാജ്യങ്ങളിലെല്ലാം നരവംശശാസ്ത്രം ഒരുസ്വതന്ത്ര വിഷയമായും സയൻസും സാങ്കേതികവിദ്യയുമുൾപ്പെടെ നാനാവിധ വിജ്ഞാനശാഖകളുമായുള്ള ചേര്പ്പുകളായും പഠിപ്പിക്കുന്നുണ്ട്.

സർവ്വകലാശാലകളും കോളേജുകളും ബിരുദ ബിരുദാനന്തര പഠനത്തിന്റെ ഭാഗ മായി ഭാഷകളും ഭാഷാശാസ്ത്രവും കലകളും പുരാവസ്തു വിജ്ഞാനീയവും ചരിത്രവും സാമ്പത്തികശാസ്ത്രവും രാഷ്ട്രമീമാംസയും സാമൂഹ്യ സിദ്ധാന്തവും എത്തിക്സും മനശാസ്ത്രവും ലിംഗഭേദ ശാസ്ത്രവും ഭക്ഷ്യശാസ്ത്രവും വികേന്ദ്രീകരണ പഠനവും തദ്ദേശ സ്വയംഭരണ പഠനവും സഹകരണ പഠനവും ജനസംഖ്യാപഠനവും നര വംശശാസ്ത്രവുമായി ചേർത്തു പ്രോഗ്രാമുകളാലോചിക്കണം. അതുപോലെ യുവ ജനപ്രതിസന്ധിപഠനം പ്രായക്കൂടുതലുള്ളവരുടെ പ്രശ്നങ്ങളെപ്പറ്റിയുള്ള പഠനം ശി ശുസംരക്ഷണ പഠനം തുടങ്ങിയ വിശയങ്ങളെ നരവംശശാസ്ത്രവുമായി കൂട്ടിച്ചേര്ത്തുള്ള പുതിയ പഠനസമ്മിശ്രങ്ങളെപ്പറ്റി ആലോചിക്കണം. വംശീയ സംസ്കൃ തികളുടെ തിരോധാനം സംഭവിക്കുന്നുവെന്ന തിരിച്ചറിവു പശ്ചാത്തലമാക്കി കേരളത്തിലും വംശീയവിഭാഗങ്ങളുടെ സ്കൂളദ്ധ്യയനം അവരുടെ സ്വന്തം ഭാഷയിലായിരി ക്കണമെന്ന നിർദ്ദേശം ചർച്ചാവിഷയമായിരുന്നു. കേരളമൊഴിച്ചുള്ള പ്രദേശങ്ങളിലേതാണ്ടെല്ലായിടത്തും വാമൊഴിയുടെയും സാക്ഷരതയുടെയും നരവംശശാസ്ത്രം വളരെയധികം പഠനസാന്ദ്രമായ വിഷയമാണ്. ഡിസിപ്ലിനുകൾക്കു കുറുകെയുള്ള പഠനമേഖലയെന്ന നിലയ്ക്കു സംസ്ഥാന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശ്രദ്ധയർഹിക്കുന്നു.

സാമ്പത്തിക നരവംശശാസ്ത്രത്തോടൊപ്പം ഉപജീവനമാർഗ്ഗം വികസനം നഗരവല്ക്കരണം ആഗോളവൽക്കരണം എന്നിവ ചേർത്തു ഉപഡിസിപ്ലിനുകളായി ബിസിനസ് മനെജുമെന്റ് പഠനത്തോടൊപ്പം ഇന്നു പല സർവ്വകലാശാലകളിലും നിലവിലുണ്ട്. മെഡിസിനുമായി ബന്ധപ്പെട്ടും നരവംശശാസ്ത്രം ധാരാളം മേഖലകളിലിന്നു ഉപഡിസിപ്ലിനാണ്. സുനാമിയെത്തുടർന്നു പാരിസ്ഥിതിക പഠനത്തിലും ദുരന്ത നിയന്ത്രണ പഠനത്തിലും നരവംശശാസ്ത്രം ഇന്നു പ്രധാനമാണ്. കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രകൃതിക്ഷോഭം കേരളത്തിലും ദുരന്തപ്രതിരോധവും തയാറെടുപ്പും ദുർബ്ബലജനവിഭാഗങ്ങളും നീതിയുക്തമായ പുനരുജ്ജീവനശേഷിയും അതിനെ തകിടംമറിക്കുന്ന സാംസ്കാരിക ഘടകങ്ങളും നരവംശശാസ്ത്ര പഠനത്തിന്റെ പ്രസക്തി വർദ്ധിപ്പിച്ചിരിക്കുന്നു.

## 9. പരീക്ഷാ നവീകരണം

ഓൺ ലൈനദ്ധ്യാപനരീതി ഉയർത്തുന്ന ഒരുപ്രധാന വെല്ലുവിളിയാണു വിവരണ ങ്ങളെ കാര്യമായി ആശ്രയിക്കുന്ന നിലവിലുള്ള മൂല്യനിർണ്ണയ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ നവീകരണം. വെറുതെ ഒ.എം.ആറിലേക്കു മാറിയതുകൊണ്ടു മാത്രം ഫലമില്ല. കാരണം അതു മിക്കവാറും പലതിൽനിന്നു ഉത്തരം തിരഞ്ഞെടുക്കുന്ന ചോദ്യാവലിയെ ആശ്രയിക്കുന്ന സമ്പ്രദായമാണ്. സ്വീകരിക്കുന്ന സാങ്കേതിക വിദ്യ ഫലപ്രാപ്തി കേന്ദ്രീകൃത അദ്ധ്യയനത്തിനു (OBE) അനുയോജ്യമായിരിക്കണം.

അറിവിന്റെ തരവും (KCs) ബോധതലവും (CLs) തിരിച്ചറിഞ്ഞുള്ള മൂല്യനിർണ്ണയ ത്തിലേക്കു നയിക്കുന്ന ബ്ലൂമിന്റെ ക്രിയാശബ്ദങ്ങളെയും കോശപദങ്ങളെയും അടി സ്ഥാനമാക്കിയാവണം ചോദ്യാവലി. ചോദ്യങ്ങളുടെ ഉത്തരം വെളിപ്പെടുത്തുന്ന തെ ളിവിനെ ആധാരമാക്കി ഉദ്ദിഷ്ഠ നിലവാരം നേടിയോ എന്നു തിരിച്ചറിഞ്ഞുള്ള മൂല്യ നിർണ്ണയത്തിനു KCs നും CLs വ്യത്യസ്ത മൂല്യം ആരോപിച്ചിരിക്കണം. ഓരോതല ത്തിലും നേട്ടത്തിന്റെ പൂർണ്ണിമ അളക്കുന്നതിനു കൃത്യമായ മാനദണ്ഡം നിശ്ചയിക്കേണ്ടതാണ്. അതു വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണ്ണയത്തെ വിശ്വസനീയമാക്കും വിധ (CRAM) മായിരിക്കണം.

OBE അനുസരിച്ചുള്ള മൂല്യനിർണ്ണയം ഒരുപുതിയ പതിവായിത്തീരുന്നതിനു വേണ്ട ഘടനാപരമായ മാറ്റം കൊണ്ടുവരുന്നതിനു സ്ഥാപനങ്ങളും സർക്കാരും മുൻകൈ

യെടുക്കണം. സർവ്വകലാശാലകളെല്ലാം വിശ്വസനീയവും ഗുണമുള്ളതുമായ രീതിയിലവയുടെ പരീക്ഷാനടത്തിപ്പിനു കാലാനുസൃത സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോക്ടേർഡ് സെൻററുകളുണ്ടാക്കണം.

**10. പഠിക്കലും സമ്പാദിക്കലും**

പഠനത്തോടൊപ്പം സമ്പാദിക്കലും (EWYL) സാമൂഹ്യപ്രാധാന്യമുള്ളതും ശ്രദ്ധയോ ടെ പ്രോത്സാഹിപ്പിക്കേണ്ട ഒരുപദ്ധതിയാണ്. വളരെ കരുതലോടെ ആസൂത്രണം ചെയ്തും പണം നീക്കിവെച്ചും സർക്കാരും സർവ്വകലാശാലകളും മേൽനോട്ടം വഹിച്ചു നടപ്പാക്കിയാലതു കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ സാദ്ധ്യത യുള്ള പദ്ധതി തന്നെ. മെറിറ്റും വരുമാനവും അടിസ്ഥാനമാക്കിയുള്ള സ്കോളർഷിപ്പുകൾക്കൊപ്പം അതു ഒരുപരിധിയോളം സാമൂഹ്യസുരക്ഷ വർദ്ധിപ്പിക്കുകയും തുല്യ പ്രവേശന നീതി ഉറപ്പാക്കുകയും ചെയ്യുന്നു.

ഈ പദ്ധതികൊണ്ടു പല പ്രയോജനങ്ങളുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികളുടെ കഷ്ടപ്പാടു ലഘൂകരിക്കുന്നതിനും കഠിനാദ്ധ്വാനമൂല്യമടക്കമുള്ള തോഴിലഭിമാനം വളർത്തുന്നതിനും തൊഴിലിനു പറ്റിയ നിപുണിയിലൂടെ ജോലി സാദ്ധ്യത കൂട്ടുന്നതിനും നല്ല ജോലി ഏറ്റെടുക്കുന്നതിനുള്ള പാടവവും വ്യക്തിപരമായ പഠനതാല്പര്യവും മുൻഗണനയും വളരുന്നതിനും അന്യഥാ ബോധം കുറയ്ക്കുന്ന തിനും സഹായിക്കും. ഓരോരുത്തരുടെയും ഉന്നതവിദ്യാഭ്യാസം സ്വന്തം ജിജ്ഞാസ നയിക്കുന്ന ഒന്നായി മാറിയില്ലെങ്കിലും സ്വയം നിയന്ത്രിക്കുന്നതും വ്യക്തിപരവും ജീവിത ഗന്ധിയുമായി മാറുന്നതിനു വഴിയൊരുങ്ങും.

.

ഭരണപരമായി സർവ്വകലാശാലകളും കോളേജുകളും വേണ്ടത്ര അയവും തിരഞ്ഞെ ടുക്കാനുള്ള സ്വാതന്ത്ര്യവും ഉറപ്പുവരുത്തിയാലേ EWYL പദ്ധതി ഫലപ്രദവും നിലനിൽപ്പുള്ളതും പരിവർത്തനോന്മുഖവുമാവുകയുള്ളൂ. പ്രോഫഷണലായ കഴിവു കരസ്ഥമാക്കുന്നതിനും താൽക്കാലിക ജോലി നേടുന്നതിനും സാഹചര്യമൊരുക്കി വിദ്യാർത്ഥികളെ ആകർഷിക്കണം.

നമുക്ക് വളരെ കരുതലാവശ്യമുള്ള പദ്ധതിയാണിത്. കാരണം വികസിത രാജ്യങ്ങളിലിതു വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കു സാമ്പത്തിക സഹായം നൽകുന്ന തിൽനിന്നു സർക്കാരിനെ പിന്തിരിപ്പിരിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമാണ്.

മാത്രവുമല്ല ജോലിനൽകുന്നവർക്കു പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിലും കോഴ്സുകളുടെ ഉള്ളടക്കം നിശ്ചയിക്കുന്നതിനും സ്വാധീനം ചെലുത്തുന്നതിനും ഇതു നല്ല അവസരം നൽകുന്നു. അങ്ങനെ ജോലിക്കാരെ തിരഞ്ഞെടുക്കുന്നതിലും പരിശീലിപ്പിക്കുന്നതി നും വേണ്ടിവരുന്ന ചെലവ് ചുരുക്കാനും ഇതു സഹായിക്കുന്നു.

**ശുപാർശകളെന്തെല്ലാം**

താഴെ കൊടുക്കുന്ന ശുപാർശകളെല്ലാം മുഖ്യമായും കോവിഡ്19 പ്രതിസന്ധിയുടെ അടിയന്തര സാഹചര്യവുമായി ബന്ധപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടവയുമാണ്. പൊതുവായ ചിലകാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ പൂർണ്ണമല്ല. വെല്ലുവിളി കളെ മറികടക്കുന്നതിനാവശ്യമായ പ്രായോഗിക നിവൃത്തിമാർഗ്ഗങ്ങളുണ്ടാക്കിക്കൊ ണ്ടിരിക്കണം.

**ഓൺ ലൈനദ്ധ്യാപനം സുഗമവും ഗുണനിലവാരമുള്ളതും ആക്കുക.**

കമ്പ്യൂട്ടറും ഇന്ററർനെറ്റും ഐ.സി.ടി യും സർവ്വകലാശാലാ കറിക്കുലത്തിന്റെയും സിലബസ്സിന്റെയും കോഴ്സിന്റെയും ഭാഗമാക്കണം. അവയെ ഉന്നതവിദ്യാഭ്യാസ ത്തിന്റെ അത്യാവശ്യ ഉപകരണങ്ങളായി കൂട്ടിച്ചേർക്കണം.

പകർച്ചവ്യാധിക്കാലം സൃഷ്ടിച്ച നിർബ്ബന്ധിത സാഹചര്യത്തിലെ ഏക ആശ്രയമായ വിർചലായുള്ള അദ്ധ്യാപനവും അദ്ധ്യയനവും തുടർന്നും നിർവ്വഹിക്കേണ്ടത് ആവശ്യമായ എല്ലാ അടിസ്ഥാന സെ കര്യങ്ങളോടും സാങ്കേതികവിദ്യയോടും കൂടിയാവണം.

കെ.എസ്.എച്ച്.ഇ.സി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളെയും ഉപദേശി ക്കുന്നതു നവീകരണം പാഠ്യപദ്ധതിയിലും ഉള്ളടക്കത്തിലും മാത്രം പോരാ എന്നാണ്. അതു ബോധന സമ്പ്രദായത്തിലും അടിസ്ഥാന സാങ്കേതിക സെ കര്യത്തിലും കൂടി വേണം എന്നാണ്.

ഓൺ ലൈനിലുള്ള രീതി നിലവിലുള്ള സമ്പ്രദായവുമായി സംയോജിപ്പിക്കുന്നതോടെ ഇന്നു തുടർന്നുപോരുന്ന മാനദണ്ഡങ്ങളും മാറ്റങ്ങൾക്കു വിധേയമാവണം. അതു കൊണ്ട് പോഷകമെന്ന നിലയിലായാലും ഓൺ ലൈനിലേക്കു മാറുന്നതോടെ കേരളം അതിന്റെ യോഗ്യത നിലനിര്ത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനു മാന ദണ്ഡങ്ങളിലെന്തൊക്കെ മാറ്റങ്ങളാണു വരുത്തേണ്ടതെന്നു മനസ്സിലാക്കണം.

എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സിംക്രണസ് എസിംക്രണസ് രീതികളെ കൂട്ടിക്കലർത്തുന്ന സമ്പ്രദായം ഒരുപുതിയ പതിവായി അദ്ധ്യാപന അദ്ധ്യയന കൃത്യങ്ങളുടെ ഭാഗമാക്കണം.

ഓരോ സർവ്വകലാശാലയും കോളേജും കമ്പ്യൂട്ടറൈസുചെയ്ത റൈറ്റിംഗ് ബോർഡു കളും വെബ്ബ് കണക്ഷനുമുള്ള സ്മാർട്ട്-ക്ലാസ്സ്-റൂമുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

യഥാർത്ഥ ക്ലാസ്സും വിർച്വലും തമ്മിലുള്ള വിടവു ചുരുക്കുന്നതിനു അദ്ധ്യാപനം പഠന ഫലപ്രാപ്തി നിർണ്ണയം ആശയവിനിമയസങ്കേതം പഠനം സാദ്ധ്യമാക്കുന്ന മാർഗ്ഗം എന്നിവയുടെ സയൻസിലും കലയിലും സാങ്കേതികവിദ്യയുടെ എല്ലാഗുണങ്ങളും പ്ര യോജനപ്പെടുത്തേണ്ടതുണ്ട്.

സ്വയവും മൂഡിലും പോലുള്ള ഓപ്പൺസോഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ വികസിപ്പിച്ച അദ്ധ്യയന നിയന്ത്രണ ഉപാധി അഥവാ ലേണിംഗ് മാനേജുമെന്റ് സിസ്റ്റംസ് (LMS) ആണ് അദ്ധ്യാപകരെല്ലാം പിന്തുടരേണ്ടത്.

MHRD യുടെ വിർച്വലായ ലബോറട്ടറി ഉപയോഗിക്കുന്നതിലും അവർക്കു പ്രാവീ ണ്യം ഉണ്ടായിരിക്കണം.

ഓൺ ലൈനിലൂടെ കോഴ്സു തയാറാക്കുന്നതിനും പഠിപ്പിക്കുന്നതിനും ഓരോ സർവ്വകലാശാലയ്ക്കും അതിന്റെ സ്വന്തം പ്ലാറ്റ്ഫോമും LMS ഉം ഉണ്ടാവുന്നതാണ് ഉത്ത മം.

ഓൺ ലൈനായി അദ്ധ്യാപനത്തിനു സോഫ്റ്റുവെയറുപയോഗിച്ചു കോഴ്സുണ്ടാക്കു ന്നതും വെബ്ബടിസ്ഥാനമാക്കി പഠിപ്പിക്കുന്നതും കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള സംവേദനവും മൈന്റ് മാപ്പിങ്ങും രൂപരചനാ സങ്കേതവും ഇൻഫോ ഗ്രാഫു ദൃശ്യവും ഓഡിയോ വിഡിയോ പോഡ്കാസ്റ്റും പോലുള്ള പല രീതികളും ഉപകരണങ്ങളും പ്രയോഗിക്കുന്നതിനു അദ്ധ്യാപകർക്കു പരിശീലനം നൽകണം.

ആവുന്നത്ര സ്ഥാപനങ്ങളിലെല്ലാം ഉയർന്ന ഇൻപുട്ട് സെ കര്യങ്ങളുള്ള മെച്ചപ്പെട്ട ഓൺലൈനദ്ധ്യാപന അദ്ധ്യയന മൂല്യനിർണ്ണയ ഉപാധികളുടെ ലഭ്യത ഉറപ്പുവരു ത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. സാങ്കേതിക വിദ്യാ സംബന്ധമായ അടിസ്ഥാന സെ കര്യങ്ങള്ക്കാവശ്യമായ വിഹിതം നീക്കിവെക്കുകയും വേണം.

സാറ്റലൈറ്റോ ഫൈബ്രോപ്ടികോ മൊബൈലോ വഴിയുള്ള തടസ്സമില്ലാത്തതും വേണ്ടത്ര ബാൻഡ്-വിഡ്ത്തും ഉയർന്ന വേഗതയും ചിലവുകുറഞ്ഞതുമായ ഇന്റര്നെ റ്റു സൗകര്യം സംസ്ഥാനത്തെ എല്ലാ പ്രധാന കോളേജുകളിലും സർവ്വകലാശാലകളിലും ലഭ്യമാവണം.

ക്ലാസ്സ്-റൂം അദ്ധ്യാപന അദ്ധ്യയന ചുറ്റുപാടിന്റെ പോഷകമായി ഓൺലൈനദ്ധ്യാ പന സമ്പ്രദായത്തെ സംയോജിപ്പിക്കുന്നതിനു മുമ്പ് പാഠ്യപദ്ധതിയും സിലബസ്സുകളും കോഴ്സു ഫലങ്ങളും പ്രോഗ്രാമുകളുടെ പ്രത്യേകഫലങ്ങളും ബിരുദഫലങ്ങളും പുതുതായി ആവിഷ്കരിക്കത്തക്ക വിധം ഫലപ്രാപ്തി വിദ്യാഭ്യാസം നന്നായി മനസ്സി ലാക്കിയിരിക്കണം.

**ഡിജിറ്റലസമത്വം നികത്തുന്നതിനു വേണ്ട നടപടി**

ഡിജിറ്റലസമത്വം നികത്തുന്നതിനുള്ള ആദ്യ പടി ഒരുവിശദമായ സ്ഥിതിവിവരക്ക ണക്കു ശേഖരിക്കലാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന ഡിജിറ്റലസമത്വത്തിന്റെ സ്വഭാവവും വ്യാപ്തിയും സംബന്ധിച്ചുള്ള മൂർത്തമായ വിവരം കെ.എസ്.എച്.ഇ.സി ശേഖരിക്കണം.

ഓണ്ലൈനദ്ധ്യാപനത്തിനും അദ്ധ്യയനത്തിനും വേണ്ട മുന്നൊരുക്കങ്ങളെല്ലാം ശരി പ്പെടുത്തുന്നതിനുള്ള സാമൂഹ്യമായ തയാറെടുപ്പു വിലയിരുത്തുന്നതിനു കെ.എസ്. എച്.ഇ.സി ഒരു സർവ്വേ നടത്തണം. സാങ്കേതികസൗകര്യം വിദ്യാർത്ഥികൾക്കു ലഭിക്കുന്നുണ്ടോ എന്നറിയാനും ലഭ്യമല്ലാത്തവർക്കു ലഭ്യമാക്കാനുള്ള നിവൃത്തിമാര്ഗ്ഗങ്ങളും സഹായസ്രോതസ്സും കണ്ടെത്തുന്നതിനും വേണ്ടിയാണിത്.

എത്ര വിദ്യാർത്ഥികൾക്കു ഈ സൗകര്യം ലഭിക്കുന്നില്ലെന്നു മനസ്സിലാക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും സ്വയംഭരണസ്ഥാപനങ്ങളുടെയും സംസ്ഥാന ലൈബ്രറി കൌൺസിലിന്റെയും കുടുംബശ്രീയുടെയും സഹകരണ പ്രസ്ഥാനങ്ങളുടെയും സന്നദ്ധസംഘങ്ങളുടെയും സഹായ സമൂഹങ്ങളുടെയും വ്യക്തികളുടെയും സഹായം തേടാവുന്നതാണ്.

ഓണ്ലൈനദ്ധ്യയനത്തിനു സൗകര്യം ലഭിക്കാത്തതുമൂലം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നു കൊഴിഞ്ഞുപോക്കുണ്ടാവുന്നുണ്ടോ എന്നു കണ്ടെത്താനുള്ള ശ്രമം പെട്ടന്നു തുടങ്ങണം. ഓൺ ലൈനദ്ധ്യാപനം പ്രയോജനപ്പെടുത്തുന്നതിനു അടിസ്ഥാന

സൗകര്യമില്ലാത്തതുമൂലം കൊഴിഞ്ഞുപോക്കുണ്ടാവുന്നില്ലെന്ന് ഉറപ്പുവ രുത്താനായി സ്ഥാപനങ്ങളോടാവശ്യപ്പെടണം.

പാവപ്പെട്ട കുട്ടികൾക്കു ലാപ്ടോപ്പോ ടാബ്ലെറ്റോ സ്മാർട്ടു ഫോണോ ലഭ്യമാക്കാനുള്ള നടപടി ഉടനെ ഉണ്ടാവണം. പ്രതിഫലമില്ലാതെ ഇന്റെർനെറ്റും മറ്റുപകരണങ്ങ ളും ഓരോസ്ഥാപനവും ലഭ്യമാക്കണം.

ഓൺ ലൈനദ്ധ്യയന സൗകര്യം സാദ്ധ്യമാക്കുന്ന ഉപകരണങ്ങളെല്ലാം സ്വയം വാങ്ങുന്നതിനു പാവപ്പെട്ട കുട്ടികൾക്കു കൂടുതലായി സർക്കാർതല സ്കോളർഷിപ്പു കളൊരുക്കണം. പിന്നോക്ക പ്രദേശങ്ങളിലെ കോളേജുകളിലും സർവ്വകലാശാലകളിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവു പരിഹരിക്കുന്നതിനായി പ്രത്യേക ശ്രദ്ധയാവശ്യമാണ്.

ഓൺ ലൈനദ്ധ്യയനത്തിനു ഏറ്റവും ചുരുങ്ങിയ അടിസ്ഥാന സാങ്കേതിക സൗകര്യങ്ങളെന്തൊക്കെയാണെന്നു നിശ്ചയിക്കേണ്ടതാണ്. പൊതുധനസഹായം പറ്റുന്ന എല്ലാ സ്ഥാപനങ്ങളിലും അവ ലഭ്യമാണെന്ന് ഉറപ്പുവരുത്തിയിരിക്കണം. കാരണം അവിടെയാണു പാവപ്പെട്ട വിദ്യാർത്ഥികലധികവും ചെന്ന് ചേരുക.

ഓൺ ലൈനദ്ധ്യയനത്തിനു യോജിച്ച അയവുള്ള വ്യവസ്ഥകളും പരിശീലനങ്ങളും ഏർപ്പെടുത്തേണ്ടതാവശ്യമാണ്. അദ്ധ്യയന മൂല്യനിർണ്ണയ സ്ഥലത്തിന്റെയും സമ യത്തിന്റെയും കാര്യത്തിലീ അയവു ഉറപ്പുവരുത്തണം.

ഓൺ ലൈനദ്ധ്യാപനത്തിലും മൂല്യനിർണ്ണയത്തിലും പാവപ്പെട്ട കുട്ടികളെ പ്രതികൂല മായി ബാധിക്കുന്ന മത്സരോന്മുഖ സാഹചര്യം ഇല്ലെന്നു കോളേജുകളും സർവ്വകലാ ശാലകളും ഉറപ്പാക്കണം.

അദ്ധ്യാപകർക്കിടയിലെ ഡിജിറ്റലസമത്വം നികത്തുന്നതിനു പ്രത്യേക ശ്രദ്ധയാവശ്യമാണ്. സാങ്കേതികവിദ്യയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടത്ര ഫണ്ട് അനുവദിക്കണമെന്ന് കെ.എസ്.എച്ച്.ഇ.സി സർക്കാരിനെ ഉപദേശിക്കേണ്ടതുണ്ട്.

ഓൺ ലൈനദ്ധ്യയനത്തിനാവശ്യമായ കണക്ടിവിറ്റിയില്ലാത്ത വിദൂര സ്ഥലങ്ങളിലെ കുട്ടികളെ സജ്ജരാക്കുന്നതിനു എല്ലാ സ്ഥാപനങ്ങളും സ്വയംഭരണസ്ഥാപനങ്ങളില്നിന്നും സഹകരണ

പ്രസ്ഥാനങ്ങളില്നിന്നും സന്നദ്ധസംഘങ്ങളില്നിന്നും വ്യക്തികളില്നിന്നും സഹായം സംഭരിക്കേണ്ടതാണ്.

സംസ്ഥാനത്തെ വനപ്രദേശങ്ങളിലെ സ്കൂളുകൾക്കു വേണ്ടി ചെയ്തതുപോലെ സ്വയംഭരണ സ്ഥാപനങ്ങൾക്കു ഉൾപ്രദേശങ്ങളിലെ കോളേജുകൾക്കായും പുനർനവീകരണ ഊർജ്ജ സ്രോതസ്സിനെ ആശ്രയിച്ചുള്ള വിവരസാങ്കേതിക വിദ്യാ കേന്ദ്ര ങ്ങളുണ്ടാക്കാനാവശ്യമായ സഹായം ചെയ്യാനാവും.

എല്ലാവിഭാഗക്കാരെയും ഉൾപ്പെടുത്തിത്തന്നെ ഓൺ ലൈനായുള്ള അദ്ധ്യയനവും പ്രവൃത്തിക്കുന്നുവെന്ന് ഉറപ്പാക്കാനായി നീതിയുക്തം തുല്യതയോടെയുള്ള പ്രവേശം മികവ് എന്നിവയുടെ മാനദണ്ഡങ്ങളത്രയും നാം പുതുതായി നിർവ്വചിക്കണം.

അദ്ധ്യാപന അദ്ധ്യയനവൃത്തികളും അവയുടെ ചുറ്റുപാടും നടത്തിപ്പും വേണ്ടത്ര അയ വുള്ളതും തിരഞ്ഞെടുക്കാനവസരം നൽകുന്നതുമാണെന്ന് ഉറപ്പുവരുത്തേണ്ടതാവശ്യ മാണ്.

ഗുണനിലവാര മുറപ്പാക്കുന്ന മാനദണ്ഡങ്ങളത്രയും സർവ്വകലാശാലകൾക്കു കർശനമായി പിന്തുടരേണ്ടതുണ്ട്. പകർച്ചവ്യാധിമൂലം ഓൺലൈനിലേക്കു മാറേണ്ടിവന്ന സാഹചര്യം നൽകുന്ന വർദ്ധിച്ച പ്രോത്സാഹനം മൂലം ഉപരിപ്ലവങ്ങളായ പ്രോഗ്രാമുകളു പലതും തൊഴിലധിഷ്ഠിത പരിശീലനമെന്ന നാട്യവുമായി എല്ലാ സർവ്വകലാ ശാലകളിലും കൂണുപോലെ വളരും.

സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകൾക്കു യു.ജി.സി അനുവാദമുണ്ടെങ്കിലും സർവ്വകലാശാലകള്ക്കു പ്രഥമാനുവദനീയം ജ്ഞാനോൽപ്പാദനവും പ്രസാരണവും ആയ തുകൊണ്ട് എപ്പോഴും നല്ലതു ബിരുദാനന്തര പഠനത്തിലും ഗവേഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്.

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വികേന്ദ്രീകരണവും ഡീബ്യൂറോക്രറ്റൈസേ ഷനും അനിവാര്യമാണ്.

**അന്തർസർവ്വകലാശാലകളുടെ നെറ്റുവർക്ക് ശക്തിപ്പെടുത്തണം**

കെ.എസ്.എച്.ഇ.സി സര്വ്വകലാശാലകൾക്കും കോളേജുകൾക്കും കുറുകെ അക്കാ ദമിക വിഭവങ്ങളുടെ പങ്കിടലിനെ സുഗമമാക്കുന്ന നെറ്റുവർക്ക് ശക്തിപ്പെടുത്തേണ്ട താണ്.

കെ.എസ്.എച്.ഇ.സി സ്വയം മുൻകൈയെടുത്തു തുടങ്ങിയ അന്തർസർവ്വകലാശാലാ നെറ്റുവർക്ക് **(KALNET)**

പ്രാവർത്തികമാക്കുന്നതിനു വൈസ് ചാൻസിലർമാരെ പ്രേരിപ്പിക്കേണ്ടതുണ്ട്. ലൈബ്രേറിയന്മാരവരുടെ ലൈബ്രറികളില്നിന്നുള്ള വിരം കെ□ ൺസിലിന്റെ ക്ലൌ□ ഡിലേക്ക് അപ്പ്ലോഡു ചെയ്യണം.

വൈസ് ചാൻസിലർമാരവരുടെ ലൈബ്രേറിയന്മാര്ക്കു ലൈബ്രറികളുടെ കംപ്യൂട്ട റൈസേനും മറ്റും പൂർത്തീകരിക്കുകയും പബ്ലിക് ആക്സസ് കാറ്റലോഗ്സു പ്രകാരം (OPAC) നെറ്റുവർക്കു നടപ്പിലാക്കുകയും ചെയ്യണമെന്നു ഉത്തരവു നൽകണം. അവ രോടു സർവ്വലകലാശാലാ നെറ്റുവർക്ക് KALNET നോടു ബന്ധിപ്പിക്കണമെന്നും ആവശ്യപ്പെടണം.

കെ.എസ്.എച്.ഇ.സി അതിന്റെ സെന്ററു (SAAC) വഴി ഉന്നതവിദ്യാഭ്യാസ സ്ഥാപ നങ്ങളുടെ, വിശേഷിച്ചും സ്വയം ധനസഹായ സ്ഥാപനങ്ങളുടെ സംസ്ഥാനതല വിലയിരുത്തലിനും അക്രഡിറ്റേഷനും ആവശ്യമായ മുന്നോരുക്കങ്ങളെല്ലാം ഏറെ ക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്.

കെ.എസ്.എച്.ഇ.സി അതിന്റെ അഖില കേരള ഉന്നതവിദ്യാഭ്യാസ സ്ഥാപന സർവേയുമായും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ് ചട്ടക്കൂടുമായും (KIRF) മുമ്പോട്ട് പോവണം.

വിജ്ഞാനവിനിമയത്തിനായി അന്തർസർവ്വകലാശാലാ കമ്മ്യൂണിറ്റി റേഡിയോ സംവിധാനം ഏർപ്പെടുത്തുന്നതു പ്രയോജനകരമായിരിക്കും.

സാമൂഹ്യ ബോധവൽക്കരണത്തിനായി ഉന്നത വിജ്ഞാനമേഖലകളിലെ ഗവേഷണഫലങ്ങളെപ്പറ്റി സ്ഥാപനങ്ങളവയുടെ മൾട്ടിമീഡിയ പാക്കേജു തയാറാക്കി വിത രണം ചെയ്യണം. ഇതിനായി സംസ്ഥാനമാകെ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പൊതു പ്രചാരണ സംരംഭങ്ങളും സംഘടിപ്പിക്കണം.

ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് താങ്ങാവുന്ന നിരക്കനുസരിച്ചു പ്രസിദ്ധ ജേണലുകളും ഗവേഷണ പ്രസിദ്ധീകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിനു കെ.എസ്. എച്. ഇ.സി ഒരുകേന്ദ്രീകൃത അന്തർസർവ്വകലാശാലാ കൺസോർഷ്യം സ്ഥാപി ക്കണം.

**ഓൺ ലൈനദ്ധ്യാപന സാങ്കേതികവിദ്യാ പരിശീലനം**

ഓൺ ലൈനദ്ധ്യാപന രംഗത്ത് പ്രോഫഷണലുകളാക്കുന്നതിനു ഏറ്റവും പുതിയ സാങ്കേതികവിദ്യയും ഉപകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിലദ്ധ്യാപകരെ പരി ശീലിപ്പിക്കേണ്ടതത്യാവശ്യമാണ്.

ഓൺ ലൈനദ്ധ്യാപനത്തിലെ വെല്ലുവിളികളെ നേരിടുന്നതിനുള്ള സമഗ്ര പരിഹാരം ലഭ്യമാക്കിക്കൊണ്ട് അദ്ധ്യാപകരുടെ വിഭവശേഷി സംഭരിക്കുന്നതിനു പറ്റിയ പരിശീലന പരിപാടികളാസൂത്രണം ചെയ്യണം. അതവരെ ഉന്നതവിദ്യാഭ്യാസ മേഖലയി ലെ പ്രോഫഷണലുകളാക്കും.

വിർച്വലദ്ധ്യാപനത്തിനു സമർത്ഥരാവുന്നതിനുവേണ്ടി അദ്ധ്യാപകരെ ഐ.സി.ടി അടിസ്ഥാനമാക്കിയുള്ള ബോധനശാസ്ത്ര കലയിലും സയൻസിലും രീതിശാസ്ത്ര ത്തിലും പരിശീലനം വഴി ഔപചാരിക പരിചയമുള്ളവരാക്കണം.

ഒരുപതിവു കോഴ്സിനെ ഓൺ ലൈനിലേക്കു മാറ്റുന്നതെങ്ങനെയാണെന്നും അതു പോലെ സിസ്റ്റം ഡിസൈനു (ISD) പയോഗിച്ചും ADDIE അടിസ്ഥാനമാക്കിയും എ ങ്ങനെയാണ് ഓൺ ലൈനായുള്ള കൊഴ്സുകളെ പുതുതായി ചിട്ടപ്പെടുത്തുകയെന്നും അദ്ധ്യാപകരെ പരിശീലിപ്പിക്കണം.

ഓപ്പൺസോഴ്സ് പ്ലാറ്റ്ഫോമുകളുകളായ സ്വയവും മൂഡിലും പരിചയിക്കണം. അതുപോലെ ലേണിംഗ് മാനേജുമെന്റു സിസ്റ്റംസ് (LMS) ഉപയോഗിക്കുന്നതെങ്ങ നെയെന്ന് ആദ്ധ്യാപകർക്കു പരിശീലനം ലഭിക്കണം. സൂംമീറ്റ്, ഗൂഗിൾടോക്, ഗൂഗിൾ മീറ്റ്, ഹാങ്ങൌട്ട്സ്, ഗൂഗിൾക്ലാസ്സ്റൂം, ഗൂഗിൾഡോക്സ്, ഗൂഗിൾഫോംസ്, ജിമീറ്റ്, ജിറ്റ്, സിസ്കോ വെബെക്സ് തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളുപയോഗിച്ചു കോഴ്സും മീറ്റി ങ്ങുകളും നടത്താനും അറിയണം.

സംവാദാത്മക ഓൺ ലൈനദ്ധ്യാപനത്തിലും പാഠവിതരണത്തിലും ഇമാജിംഗ് ഉപകരണങ്ങളും മൾട്ടിമീഡിയയും ഉപയോഗിക്കുന്നതിലുള്ള പരിശീലനം നൽകണം

ഓൺ ലൈനദ്ധ്യയന സാങ്കേതികവിദ്യയുടെ സാമൂഹ്യ സാമ്പത്തിക വശങ്ങളും രാഷ്ട്രീയ സാംസ്കാരിക വശങ്ങളും ഓൺ ലൈനദ്ധ്യാപനപരിശീലന കരിക്കുലത്തിന്റെ ഒരുപ്രധാന മൊഡ്യൂളായി ഉൾക്കൊള്ളിക്കണം.

**കേന്ദ്രീകരണം വികേന്ദ്രീകരണം സ്വയംഭരണം**

കോവിഡ്19 അടിയന്തരാവസ്ഥയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാവുന്ന കേന്ദ്രീകരണത്തെയും ബ്യൂറോക്രറ്റൈസേഷനെയും ചെറുക്കുകയെന്നതു പ്രധാനമാണ്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സുഗമമായും സ്വതന്ത്രമായും പ്രവർത്തിക്കുന്നതിനു ഉത്തരവാദിത്വ സംബന്ധമായ പുതിയ മാനദണ്ഡങ്ങളുണ്ടാക്കണം.

ഓൺ ലൈനദ്ധ്യയനം ഏർപ്പെടുത്തുന്നതുവഴി ക്ഷയിക്കാനിടയുള്ള സർവ്വകലാശാലകളുടെ സ്വയംഭരണാധികാരം സംരക്ഷിക്കുന്നതിനു നടപടികളുണ്ടാവണം.

സർവ്വകലാശാലകളുടെ സ്വയംഭരണാധികാരം ശക്തിപ്പെടുത്തുന്നതിനും അവയ്ക്കു വരുംകാല പ്രതിസന്ധികളോടു സൃഷ്ടിപരമായി പ്രതികരിക്കാനാവുന്നതിനും കരുത്തു പകരും വിധം ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും പരിഷ്കരിക്കേണ്ടതാവശ്യമാണ്.

സർവ്വകലാശാലകൾക്കു കേന്ദ്രീകരണ നീക്കം ചെറുക്കുന്നതിനു കേന്ദ്രീകൃത ജനാധിപത്യത്തിനു കീഴിലെ കേരളത്തിന്റെ വികേന്ദ്രീകൃത സംവിധാനം ഉൾക്കാഴ്ച പക രും.

സർവ്വകലാശാലകളവയുടെ സ്വയംഭരണാധികാരം നിലനിർത്തിക്കൊണ്ടു വികേന്ദ്രീകൃതവും അതേസമയം ഒത്തുകൂടുന്നതും ചടുലവുമായ മാതൃക വികസിപ്പിക്കണം.

ഉദാരകലകളേയും മാനവിക വിഷയങ്ങളേയും സാമൂഹ്യശാസ്ത്രങ്ങളേയും പ്രതികൂലമായിബാധിക്കും വിധം കേന്ദ്രീകൃതമായി അടിച്ചേൽപ്പിക്കപ്പെടുന്ന അക്കാദമിക പ്രോഗ്രാമുകളുടെ ഏകീകരണവും പുതുതലമുറ പ്രോഗ്രാമുകളുടെ തള്ളിക്കയറ്റവും സർവ്വകലാശാലകള്ക്കു ചെറുക്കാനാവണം.

പുതുതലമുറ കോഴ്സുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉദാരകലകൾക്കും മാനവിക വിഷയങ്ങൾക്കും സാമൂഹ്യശാസ്ത്രങ്ങൾക്കുമുള്ള സാമ്പത്തിക സഹായം നല്കുന്നതിൽനിന്നു പിൻവാങ്ങുന്നതിനെ സർവ്വകലശാലകൾക്കു ചെറുക്കാനാവണം.

ഉദാരകലകൾക്കും മാനവിക വിഷയങ്ങൾക്കും സാമൂഹ്യശാസ്ത്രങ്ങള്ക്കും പ്രാധാന്യം നൽകുന്ന സ്ഥാപനങ്ങൾക്കു നേരെയുള്ള പ്രതികൂല വിവേചനം സർവ്വകലാ ശാലകൾക്കു ചെറുക്കേണ്ടിവരും.

ഓഫീസ് നടപടി മാനുവലിനും സെക്രട്ടാരിയറ്റു മാനുവലിനും പകരം അക്കാദമിക ഭരണത്തിനു പ്രത്യേകം മാനുവലുണ്ടാക്കണം. ബ്യൂറോക്രാറ്റിക് നടപടികൾക്കു മേലെ അക്കാദമിക പരിഗണനനകൾക്കു സ്ഥാനമുണ്ടാവാനിതാവശ്യമാണ്.

**സ്വയം ധനസഹായ സ്ഥാപനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും വിലയിരുത്ത ലും അക്രഡിറ്റേഷനും**

കെ.എസ്.എച്ച്.ഇ.സി ഉടനെ അതിന്റെ പ്രത്യേക സെൻററായ SAAC വഴി ഉന്നത വിദ്യാഭ്യാ സമേഖലയിലെ സ്വയം ധനസഹായ സ്ഥാപനങ്ങളെയും മറ്റു സ്ഥാപനങ്ങളെയും വിലയിരുത്തലിനും അക്രഡിറ്റേഷനും വിധേയമാക്കേണ്ടതാണ്.

സ്വയം ധനസഹായ സ്ഥാപനങ്ങളിനി പുതിയ അക്കാദമിക് പരിപാടികളേതെ ങ്കിലും തുടങ്ങുന്നതിനുള്ള അടിസ്ഥാന യോഗ്യത സാക്കിന്റെ വിലയിരുത്തലിനും അക്രഡിറ്റേഷനും വിധേയമായിരിക്കണമെന്നു നിഷ്കർഷിക്കേണ്ടതാണ്. കേരളാ ഗവണ്മെന്റ് ഇതു നിർബ്ബന്ധ നിബന്ധനയായി നിശ്ചയിക്കണം.

സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യഭ്യാസ മേഖയിലെ സ്വയം ധനസഹായ സ്ഥാപനങ്ങളുടെ വിലയിരുത്തലിനു SAAC കുറേ ക്കൂടി ചടുലമാക്കണം.

സാമൂഹ്യമായ സ്വീകാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും സ്വയം നിയന്ത്രണം പ്രോത്സാഹിപ്പിക്കുന്നതിനും സ്വയം ധനസഹായ സ്ഥാപനങ്ങളുടെ വിലയിരുത്തലും അക്രഡിറ്റേഷനും എത്രയും പെട്ടന്നു തന്നെ തീരുമാനിക്കേണ്ടതാണ്.

**സ്ഥാപനങ്ങളുടെ സാമൂഹ്യാടിത്തറ**

അറിവിന്റെ സാമൂഹ്യ ഗുണങ്ങളുടെ ജനാധിപത്യവല്ക്കരണത്തിനായി സർവ്വകലാശാലകളും കോളേജുകളും മൾട്ടിമീഡിയ ഉൾപ്പെടെയുള്ള പല നിവൃത്തി മാർഗ്ഗങ്ങളും വിനിയോഗിക്കണം.

വിശേഷ വിജ്ഞാനം എങ്ങനെ സാധാരണ ജനജീവിതത്തെയും നിലനിൽപ്പിനെയും സ്വാധീനിക്കുന്നുവെന്നതിനെപ്പറ്റി അവബോധം വളർത്തുക എന്നതു ഉന്ന തവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലയാണ്. പുതിയ കണ്ടുപിടുത്തങ്ങളുടെയും നിർമ്മിതികളുടെയും സാദ്ധ്യതകളും ദോഷങ്ങളും ജനങ്ങളെ അറിയിക്കണം. അതു വിർവ്വഹിച്ചുകൊണ്ടു സ്വന്തം സാമൂഹ്യാടിത്തറ ശക്തിപ്പെടുത്തണം.

അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യവസായശാലക ളുടെയും സഹകരണം തേടാവുന്നതാണ്. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം സഹകരണ പ്രസ്ഥാനങ്ങളും ആരോഗ്യകേന്ദ്രങ്ങളുമായി സമ്പർക്കം ശക്തിപ്പെടുത്തണം.

ഗവേഷകരുമായി സംവദിക്കുന്നതിനും ഗവേഷണ ഫലങ്ങളെപ്പറ്റി അറിയുന്നതിനും  ലബോറട്ടറിയും വർക്ക്ഷോപ്പും മ്യൂസിയവും മറ്റും കാണുന്നതിനും വർഷത്തിലൊരു ദിവസം സർവ്വകലാശാലകളും കോളേജുകളും പൊതുജനങ്ങൾക്കു വേണ്ടി തുറന്നി ടണം.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം പ്രാദേശിക പ്രസക്തവും സമൂഹത്തിനത്യാവശ്യവുമായ സയൻസും സുസ്ഥിര സാങ്കേതികവിദ്യയും ഉൽപ്പാദിപ്പിക്കുന്നതിനായി ഇടങ്ങളുണ്ടാക്കണം.

അദ്ധ്യാപകരും ഗവേഷകരും അവരവരുടെ മേഖലയിലെ സാമൂഹ്യപ്രസക്തമായ വശങ്ങളെ ജനകീയ പങ്കാളിത്തത്തോടെ തിരിച്ചറിയുന്നതിനും ജനാധിപത്യവല്ക്ക രിക്കുന്നതിനും ഈ ഇടം ഉപയോഗിക്കണം.

അതുപോലെ ഇതിലൊക്കെ മുൻകൈയെടുക്കുന്ന അക്കാദമിക്കുകളൊക്കെ വിവിധ മേഖലകളിലെ അറിവിന്റെ ദോഷവശങ്ങളെ ജനാധിപത്യവൽക്കരിക്കുന്ന ഉൽപ്പതി ഷ്ണുക്കളുമായിരിക്കണം.

വികേന്ദ്രീകൃതവും ഡീബ്യൂറോക്രറ്റൈസ് ചെയ്യപ്പെട്ടതുമായ സ്വയംഭരണ സ്ഥാപന ങ്ങളുള്ള കേരളംപോലൊരുപ്രദേശത്തിനു ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ സാമൂ ഹ്യപ്രസക്തമായ പുതിയ വിജ്ഞാനം ഉൽപ്പാദിപ്പിക്കുന്നതിലും ഉപയോഗിക്കുന്നതിലും വിനിമയം ചെയ്യുന്നതിലും  സ്വയംപര്യാപ്തമാക്കാനുള്ള സാദ്ധ്യത വളരെ വലു താണ്.

പേറ്റന്റു മോഹവും ബെ▯ ദ്ധികസ്വത്തു കൈവശാഭിമുഖ്യവുമില്ലാതെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളവയുടെ ഗവേഷനത്തിലൊരു പങ്ക് പ്രാദേശിക പ്രശ്നപരിഹാര ത്തിനു നീക്കിവെക്കണം.

സ്ഥാപനങ്ങളുടെ ഈ രീതിയിലുള്ള പ്രവർത്തനം പരാജയപ്പെടുമ്പോഴാണു ജ്ഞാന വ്യാവസായത്തിന്റെ ചൂഷണ തലം അനിയന്ത്രിതമായി മാറുക. അതു വിപൽക്കര മായ

വസ്തുക്കളുടെയും സേവനത്തിന്റെയും ഉപഭോഗത്വര വളർത്തുകയും വ്യാപി പ്പിക്കുകയും ചെയ്യും.

**ഡിസിപ്ലിനുകള്ക്കു കുറുകെ അദ്ധ്യാപകരുടെ പരിജ്ഞാനവും അദ്ധ്യേതാക്കളുടെ പൊരുത്തപ്പെടലും**

ഉയർന്നുവരുന്ന പുതിയ വിജ്ഞാന മേഖലകളെല്ലാം വിഷയാന്തര സ്വഭാവത്തിലു ള്ളവയാണ്. അവയിലദ്ധ്യാപനം നടത്താനദ്ധ്യാപകര്ക്കു ഡിസിപ്ലിനുകൾക്കു കുറു കെ പരിജ്ഞാനമുണ്ടാവണം.

വിഷയാന്തര സമീക്ഷയിലദ്ധ്യാപകരിലാഭിമുഖ്യം വളർത്തുന്നതിനും വിദ്യാർത്ഥികള്ക്കു വിഷയാന്തര മേഖലകളുമായി പൊരുത്തപ്പെടാനുള്ള കഴിവു വർദ്ധിപ്പിക്കു ന്നതിനും കൂടുതലായി ശിൽപ്പശാലകളുണ്ടാവണം. ഈ കഴിവാകട്ടെ വിദ്യാർത്ഥികള്ക്ക് ഉപരിപഠനത്തിനു അനിവാര്യമാണുതാനും.

വിമർശോന്മുഖ രാഷ്ട്രീയ സമ്പദ്-മീമാംസ വികസന നരവംശശാസ്ത്രം പാരിസ്ഥി തിക ശാസ്ത്രം സ്ത്രീപഠനം ദളിത്പഠനം തുടങ്ങിയ വിഷയാന്തര മേഖലകളെ പ്രോത്സാഹിപ്പിക്കുകയെന്നതു വളരെ പ്രധാനമാണ്. കാരണം അധീശസമ്പദ്-വ്യവ സ്ഥയുടെ അജണ്ടയെ പ്രതിരോധിക്കുന്നതിനവ വേണം.

**ഉയർന്നുവരുന്ന മേഖലകളിലെ പുതിയ പ്രോഗ്രാമുകൾക്കുള്ള മാർഗ്ഗരേഖ**

ആദ്യമേ ശ്രദ്ധിക്കേണ്ടത് ഡിസിപ്ലിനടിസ്ഥാനമാക്കിയുള്ള പതിവു പ്രോഗ്രാമുകളാ രംഭിക്കുന്നതിലിനി കാര്യമില്ലെന്നതാണ്.

ഉയർന്നുവരുന്ന വിജ്ഞാനമേഖലകളിലെ എല്ലാ പുതിയ അക്കാദമിക് പ്രോഗ്രാമു കളും വിഷയാന്തര സമീക്ഷയോടെയും വ്യക്തമായി കണക്കാക്കാവുന്ന ഫലപ്രാപ്തിയോടെയും രൂപകൽപ്പന ചെയ്യണം.

എന്നിരുന്നാലും സാമൂഹ്യശാസ്ത്ര മാനവിക വിഷയങ്ങളുൾപ്പെടെ അടിസ്ഥാന സയന്സുകളിലെ പ്രോഗ്രാമുകളെല്ലാം പ്രധാനം തന്നെയാണ്. പക്ഷെ എല്ലാ പുതിയ ബിരുദതല കൊഴ്സുകളും ബഹുവിഷയ സമീക്ഷയിലായിരിക്കണം.

അടിസ്ഥാന സയൻസുകളുടെ വിശേഷാവഗാഹ ശാഖകളിലോ സയൻസ്-ടെക് വിഷയാന്തര വിഷയങ്ങളിലോ ബിരുദപഠന പ്രോഗ്രാം അഭികാമ്യമല്ല.

ഉപഡിസിപ്ലിനുകളായ ബയോകെമിസ്ട്രി ബയോടെക്നോളാജി മൈക്രോബയോളജി തുടങ്ങിയവയിലൊന്നിലും ബിരുദ പഠന പ്രോഗ്രാം പ്രോത്സാഹിപ്പിക്കരുത്. കാരണം അവയുടെ പഠനത്തിനവശ്യം വേണ്ടതു ബന്ധപ്പെട്ട അടിസ്ഥാന ഡിസിപ്ലിനുകളിലുറച്ച ജ്ഞാനമാണ്.

എട്ടു സെമസ്റ്ററുകളിലായി നടത്തുന്ന ഓണേഴ്സു പോലുള്ള എല്ലാ ബിരുദ പഠനങ്ങ ളും രണ്ടോ മൂന്നോ അടിസ്ഥാന സയൻസുകളെ സംയോജിപ്പിച്ചുകൊണ്ടുള്ളതാവണം (ഡബിളും ട്രിപ്പിളും മേജറായുള്ളവ).

ഫിസിക്സ് കെമിസ്ട്രി ബയോളജി തുടങ്ങിയവയിലെ പതിവു ബിരുദ പ്രോഗ്രാമുക ളെല്ലാം ഗണിതശാസ്ത്രവും ചേർത്തുള്ള ഇൻറഗ്രെയ്റ്റഡ് സയൻസസ് പ്രോഗ്രാമാക്കി മാറ്റണം. അതോടൊപ്പം അടിസ്ഥാന ഭൌമശാസ്ത്രവും പാരിസ്ഥിതിക ശാസ്ത്രവും പഠിക്കണം. ഇൻറഗ്രെയ്റ്റഡ് BS/BSc ഓണേഴ്സു പ്രോഗ്രാം ഈവിധം നടത്താവുന്നതാണ്.

യു.ജി.സി അനുവദിക്കുന്നുണ്ടെങ്കിലും ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റു/ഡിപ്ലോമാ പ്രോഗ്രാമുകളൊന്നും ഏതു പരീക്ഷാ പദ്ധതിയിലുള്ളവയായാലും സർവ്വകലാശാ ലകളിലഭികാമ്യമല്ല. കമ്മിറ്റി നിർബ്ബന്ധിക്കുന്നതു സർവ്വകലാശാലയുടെ ആഗോള കല്പിത ലക്ഷ്യമായ നവീന ജ്ഞാനോല്പ്പാദനവും പ്രസാരണവുമാണ് പ്രാധാന്യ ത്തോടെ കാണേണ്ടതെന്നാണ്. തൊഴിലധിഷ്ഠിതമെന്ന ലേബലിലോ തൊഴിലു സാദ്ധ്യതയുള്ളതെന്നവകാശപ്പെടുന്നതോ ആയ ബിരുദാനന്തര ഡിപ്ലോമാ പ്രോഗ്രാമുകള്ക്കെല്ലാം അക്കാദമിക നിലവാരം ഇനിയും ക്ഷയിപ്പിക്കാനേ കഴിയൂ. തൊഴിലിനു കൊള്ളാത്തവരുടെ എണ്ണം കൂട്ടാനും.

ഉയർന്നുവരുന്ന വിശേഷാവഗാഹ മേഖലകളിലെ സർവ്വകലാശാലതല അക്കാദമിക് പ്രോഗ്രാമുകളെല്ലാം തന്നെ പി.എച്ച്.ഡിയുടെ ഭാഗമായിരിക്കണം. അല്ലാതെ ബിരുദാനന്തര ഡിപ്ലോമാ പ്രോഗ്രാമുകളുടെ രൂപത്തിലാവരുത്.

സയൻസ്-ടെക് മേഖലകളിലേതിലായാലും സർവ്വകലാശാലയും വ്യവസായശാലയും പരസ്പര സഹകരണത്തിലൂടെ തൊഴിലധിഷ്ഠിത അക്കാദമിക് പ്രോഗ്രാം നടത്തുമ്പോഴതു നാലു

സെമസ്റ്ററിലായുള്ള ബിരുദാനന്തര ബിരുദ പദ്ധതിയായോ പി.എച്ച്.ഡി യുടെ ഭാഗമായോ മാത്രമേ ആകാവൂ.

ഉയർന്നുവരുന്ന വിജ്ഞാനമേഖലകളെ തിരഞ്ഞെടുക്കും മുമ്പ് എഡുക്കേഷന്റെ അന്താരാഷ്ട്ര സ്റ്റാൻഡേർഡ് ക്ലാസ്സിഫിക്കേഷനും (ISCE) തൊഴിലുകളുടെ അന്താരാഷ്ട്ര സ്റ്റാൻഡേർഡ് ക്ലാസ്സിഫിക്കേഷനും (ISCO) മനസ്സിലുണ്ടാവണം.

അത്തരം ഉയർന്നുവരുന്ന പി.എച്ച്.ഡി/പോസ്റ്റ്ഡോക് പഠന മേഖലകളൊരുപാടു ണ്ട്. ജെനോമിക്സ് സ്ട്രക്ച്ചറലും ഫങ്ഷണലും ഓട്ടോമേറ്റഡ് മെത്തേഡ്സും മൈക്രോ ആറെ ടെക്നോളജിയും എക്സ്-റെ ക്രിസ്റ്റ ലോഗ്രഫിയും ഹൈഫീൽഡ് NMR സ്പെക്ട്രോസ്കോപ്പിയും ബയോഫാർമക്കോളജിയും ബയൊഇൻഫർമാറ്റിക്സും അ ഗ്രോബയോടെക്നോളജിയും സ്പീഷീസിന്റെ DNA ബാർകോഡിങ്ങും വ്യാവസാ യിക ബയോടെക്നോളജിയും പാരിസ്ഥിതിക ബയോടെക്നോളജിയും മെഡി-ബയോടെക്നോളജിയും സിന്തറ്റിക് ബയോഎഞ്ചിനീയറിങ്ങും മെഡി-എഞ്ചിനീ യറിങ്ങും ഇമേജിംഗ് ടെക്നോളജിയും മോളിക്കുലാറെഞ്ചിനീയറിങ്ങും നാനോ ടെക്നോളജിയും ഗ്രാഫീനെഞ്ചിനീയറിങ്ങും റോബോട്ടിക്സും ആർട്ടിഫിഷ്യലിന്റലി ജൻസും അസ്ട്രോഫിസിക്സും ഉദാഹരണങ്ങളാണ്.

അഡ്വാൻസ്ഡ് സയൻസിന്റെയും ടെക്നോളജിയുടെയും മണ്ഡലം ഉൾക്കൊള്ളുന്ന പല സംയോജനങ്ങളെക്കുറിച്ചും ചിന്തിക്കാം. നാച്ചുറൽസയൻസും പരിസ്ഥിതിയും, മറ്റീരിയൽസയൻസും കെമിസ്ട്രിയും, ഡവലപ്പുമെൻറ് ഇക്കണോമിക്സും ഇക്ക്യിറ്റിയും, ഇൻഡസ്ട്രിയലിന്റെ ഫണ്ടമെൻറൽസ്, ഇൻഫർമാറ്റിക്സും എനർജിയും, റന്യുവബി ളെനർജിയും കൺസർവേഷനും, ഇംപാക്ട് ഫിസിക്സും നോൺക്ലാസിക്കൽ മെക്കാ നിക്സും ഉദാഹരണങ്ങളാണ്..

സയൻസുകള്ക്കും എഞ്ചിനീയറിങ്ങിനും കുറുകെ സർവ്വകലാശാലകൾക്കു ഉയർന്ന ഗുണനിലവാരമുള്ള ഗവേഷണം പിന്തുടരാനാവണം. സിംബയോട്ടിക് സയൻസുകളിലും അഡ്വാൻസ്ഡ് നാച്ചുറൽസയൻസിലും അതിന്റെ പ്രായോഗിക സാങ്കേതിക വിദ്യയിലുമായിരിക്കണം ഗവേഷണം. അതു സുസ്ഥിരവികസനവും പരിസ്ഥിതി സംരക്ഷണവും പോഷിപ്പിക്കുന്നതുമാവണം. സായൻസിക സാങ്കേതിക മേഖല കളും സാമൂഹ്യശാസ്ത്ര മേഖലകളും ഉദാരകലകളും

മാനവികവിഷയങ്ങളും ചേരുവകളാക്കി ഈ രീതിയിലുള്ള ധാരാളം ഗവേഷണ വിഷയങ്ങൾക്കു സാദ്ധ്യതയുണ്ട്.

വികസനവും ബദലു സാങ്കേതികവിദ്യയും, സാമൂഹ്യ അടിസ്ഥാന സെ കര്യങ്ങളും പരിസ്ഥിതിയും, പരിസ്ഥിതി വിലയിരുത്തലും സുസ്ഥിരവികസനവും, വികസന പ്രത്യഘാതമായ കാലാവസ്ഥ വ്യതിയാനവും കാലാവസ്ഥാ നീതിയും, കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന ദുരന്തങ്ങളും ദുരന്തനിവാരണവും, പാരിസ്ഥിതിക എഞ്ചിനീയറിങ്ങും പുനർജ്ജനിയും, സുസ്ഥിര എഞ്ചിനീയറിങ്ങും അതിജീവനശേ ഷിയുള്ള കേട്ടിടനിർമ്മാണവും പോലുള്ള സംയോജിതങ്ങളും പരീക്ഷിക്കാവുന്ന താണ്.

സർവ്വകലാശാലകളെല്ലാം സാമൂഹ്യാവശ്യം നിറവേറ്റുന്ന മുൻനിര ഗവേഷണം പ്രോ ത്സാഹിപ്പിക്കണം. അതു നാച്ചുറൽസയൻസിലും അതിന്റെ പ്രായോഗിക സാങ്കേതി കവിദ്യയിലും സമഗ്രമായ അറിവു വികസിപ്പിച്ചുകൊണ്ടുള്ള

സുസ്ഥിരവികസനം സാദ്ധ്യമാക്കുന്ന പുതിയ സയൻസ്-ടെക് മേഖലകളാവിഷ്ക രിച്ചും പ്രായോഗിക പഠനങ്ങളിലൂന്നിയും ഈ വഴിക്കു സർവ്വകലാശാലകള്ക്കു വള രെയധികം ചെയ്യാനാവും. നരവഷശാസ്ത്രം ക്രോസ്ഡിസിപ്ലിനറി സംയോജന ങ്ങൾക്കൊക്കെയും ലോഹത്തിന് അലോയിയെന്നപോലെ ശക്തി പകരുന്ന നല്ല മൂലകമാണ്.

നരവംശശാസ്ത്രത്തിനു ഏതു ഉദാരകലാവിഷയങ്ങളുമായും മാനവിക വിഷയങ്ങളുമായും സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായും കൂടിച്ചേരാനാവും. ഭാഷയുടെയും ഭാഷാ ശാസ്ത്രത്തിന്റെയും സാമൂഹ്യമുന്നേറ്റങ്ങളുടെയും സാമൂഹ്യനേതൃത്വത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും കമ്മ്യൂണിറ്റി മെഡിസിന്റെയും പോതുജനരോഗ്യത്തിന്റെയും മന:ശാസ്ത്രത്തിന്റെയും നേഴ്സിങ്ങിന്റെയും സാമൂഹ്യപ്രവർത്തനത്തിന്റെയും പ്രായമാ വുന്നവരുടെയും യുവജന പ്രതിസന്ധിയുടെയും വികസനത്തിന്റെയും ബിസിനസ് മാനേജുമെന്റിന്റെയും വ്യവസായത്തിന്റെയും ദുർബ്ബല ജനവിഭാഗത്തിന്റെയും ദുരന്ത നിവാരണത്തിന്റെയും ലിംഗവിവേചനത്തിന്റെയും സ്ത്രീ ശാക്തീകരണത്തിന്റെയുമെല്ലാം നരവംശശാസ്ത്രം ഉദാഹരണങ്ങളായി പറയാം. ഇവയെല്ലാം തന്നെ പ്രയോഗ നരവംശ ശാസ്ത്രമാണ്.

സാമ്പത്തികശാസ്ത്രത്തെ സാമൂഹ്യശാസ്ത്രങ്ങളിലേതുമായും ബന്ധിപ്പിക്കാവുന്ന താണ്. തദ്ദേശ വിഭവങ്ങളുടെ വിലയിരുത്തലും ഭൂപടനിർമ്മാണവും, തദ്ദേശ സമ്പദ് ഭൂമി ശാസ്ത്രവും സാമൂഹ്യ സങ്കലനവും, വേഗത്തിലുള്ള നഗരവൽക്കരണ പ്രശ്നങ്ങളും പാരമ്പര്യ സംരക്ഷണവും, ഭൌതികസംസ്കൃതിയും സംരക്ഷണരീതികളും സംയോ ജനങ്ങളുടെ ഏതാനും ഉദാഹരണങ്ങളാണ്.

ഉയർന്നുവരുന്ന വിജ്ഞാന മേഖലകളിലെ എല്ലാ അക്കാദമിക പ്രോഗ്രാമുകളും ഫലപ്രാപ്തി വിദ്യാഭ്യാസ (OBE) പ്രകാരം നന്നായി നിരൂപിച്ച കോഴ്സ് ഫലപ്രാ പ്തിയുടെയും ജ്ഞാന വർഗ്ഗങ്ങളുടെയും (KC) ഗ്രാഹ്യ തലങ്ങളുടെയും (CL) കാര്യ ത്തിലേറെ ശ്രദ്ധേയമായിരിക്കണം. ജ്ഞാന വർഗ്ഗങ്ങളും (KC) ഗ്രാഹ്യ തലങ്ങളും (CL) സിലബസിലെ ഓരോ മോഡ്യൂളുമായും ബന്ധിപ്പിച്ചിരിക്കണം.

## വിദ്യാർത്ഥികളുടെ സാമൂഹ്യ സുരക്ഷിതത്വം

പഠനത്തോടൊപ്പം സമ്പാദനവും എന്ന സാമൂഹ്യ പ്രാധാന്യമുള്ള സ്കീം (EWYL) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വിജയകരമായി നടപ്പിലാക്കുണം.

സർവ്വകലാശാലകളും കോളേജുകളും വിദ്യാർത്ഥികൾക്കു ഏതു തൊഴിലിലും മാന്യതയും ആഭിമുഖ്യവും വളരുന്നതുന്നതിനും കഠിനാദ്ധ്വാന മൂല്യം ബോദ്ധ്യപ്പെടുന്നതിനുമുള്ള സാഹചര്യമൊരുക്കണം. EWYL സ്കീമിലൂടെയുള്ള പരിചയം അവർക്കു ചില നിപുണി നേടുന്നതിനും തൊഴിൽശേഷി കൂട്ടുന്നതിനും കഴിവുകളെ ശക്തിപ്പെടുത്തുന്നതിനും ഭാവിയിലൊരു തൊഴിലേറ്റെടുക്കാനുള്ള സന്നദ്ധത കൈവരിക്കുന്ന തിനും സഹായിക്കും.

സർവ്വകലാശാലകളും കോളേജുകളും ഈ പദ്ധതി വിദ്യാർത്ഥികൾക്ക് ആകർഷക മാക്കുന്നതിന് അതിന്റെ നടത്തിപ്പ് അയവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമു ള്ളതാക്കണം.

വിദ്യാർത്ഥികൾക്കു തൊഴിൽശേഷി കൈവരിക്കുന്നതിനു വേണ്ട പരിശീലന പ്രധാനമായ കോഴ്സുകളുണ്ടാക്കുന്നതിനും അവയിലൂടെ പഠനത്തോടൊപ്പം അവർക്കു താൽക്കാലിക തൊഴിലേറ്റെടുത്തു വരുമാനമുണ്ടാക്കാനുള്ള കഴിവു നേടുന്നതിനും സ്ഥാപനങ്ങളെല്ലാം അരുയോജ്യ സാഹചര്യമൊരുക്കണം.

അക്കാദമിക ഗുണനിലവാരത്തെ ബാധിക്കുംവിധം പാഠ്യപദ്ധതികളിലേക്കു വ്യവസായങ്ങളുടെ സ്വാധീനം കടക്കാതിരിക്കുന്നതിനും വിദ്യാർത്ഥികളുടെ അദ്ധ്വാന ചൂഷണം തടയുന്നതിനും സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നു വേണ്ട കരുതലുണ്ടായി രിക്കണം.

ഈ സ്കീമിന്റെ ഏറ്റവും നല്ല പ്രയോജനം ഉറപ്പുവരുത്തുന്നതിനു ഗവണ്മെൻറു പാവ പ്പെട്ട വിദ്യാർത്ഥികള്ക്കു വേണ്ട സാമ്പത്തിക സഹായം നൽകണം.

**പരീക്ഷാ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ നവീകരണം**

വിദ്യാർത്ഥികളുടെ വിവരണശേഷിയേയും ഓർമ്മശക്തിയേയും പരിശോധിക്കുന്ന രീതിയെ അമിതമായി ആശ്രയിക്കുന്ന നിലവിലെ പരീക്ഷാ സമ്പ്രദായത്തിന്റെ സ മ്പൂർണ്ണ നവീകരണ ചുമതല സർവ്വകലാശാലകളേറ്റെടുക്കണം. ശ്രദ്ധിക്കേണ്ടത് ഉയർന്ന ബോധതലങ്ങളും അപഗ്രഥനശേഷിയും ഭാഷാപാടവവും ക്രിയാത്മകത യും അളക്കുന്നതിലാണ്.

പല ഉത്തരങ്ങളിൽനിന്നു തിരഞ്ഞെടുക്കാനാവശ്യപ്പെടുന്ന രീതിയിലധിഷ്ഠിതമായ OMR സമ്പ്രദായത്തിലേക്കു മാറിയതുകൊണ്ടു പ്രയോജനമില്ല.

സാങ്കേതികവിദ്യയും ഉപകരണങ്ങളും ഫലപ്രാപ്തി വിദ്യാഭ്യാസത്തിനു കൃത്യമായി ചേരുന്നവിധം വേണ്ടത്ര പരിഷ്കാരത്തോടെ സ്വീകരിക്കേണ്ടതത്യാവശ്യമാണ്.

ബ്ലൂമിന്റെ ക്രിയാശബ്ദങ്ങളെയും കോശപദങ്ങളെയും അടി സ്ഥാനമാക്കി അറിവി ന്റെ തരവും (KCs) ബോധതലവും (CLs) തിരിച്ചറിഞ്ഞുള്ള മൂല്യനിര്ണ്ണയ രീതിക ളാവശ്യമാണ്. അപ്രകാരം അറിവിന്റെ തരവും (KCs) ബോധതലവും (CLs) അള ക്കുന്നതിനു പര്യാപ്തമായ ക്രിയാ പദങ്ങളും കോശ ശബ്ദങ്ങളും ഉപയോഗിച്ചു ചോദ്യ ങ്ങളുണ്ടാക്കാനദ്ധ്യാപകർക്കു കഴിയണം.

അറിവിന്റെ തരത്തിനും (KCs) ബോധതലത്തിനും (CLs) വ്യത്യസ്ത മൂല്യം ആരോ പിക്കേതുണ്ട്. ഓരോതലവും പ്രാപ്തമായി എന്ന് ഉത്തരങ്ങളില്നിന്നു തെളിവു ലഭിക്കണം. അതളക്കുന്നതാവണം മൂല്യനിർണ്ണയം.

ഓരോതലത്തിലും നേട്ടത്തിന്റെ തികവ് അളക്കുന്നതിനു പരീക്ഷകർക്കു കൃത്യമായ മാനദണ്ഡം ഉണ്ടായിരിക്കണം. അത്തരം

മാനദണ്ഡം അടിസ്ഥാനമാക്കിയുള്ള മൂല്യ നിർണ്ണയ സമ്പ്രദായമാണു (CRAM) വികസിപ്പിക്കേണ്ടത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒരുപുതിയ പതിവായ ഫലപ്രാപ്തി അടിസ്ഥാനമാക്കിയുള്ള മൂല്യനിർണ്ണയം സുഗമമാക്കുന്നതിനു സ്ഥാപനങ്ങളും സർക്കാരും ഘടനാപരമായി വേണ്ട എല്ലാ മാറ്റങ്ങളും കൊണ്ടുവരണം.

ചോദ്യങ്ങളെപ്പോഴും വിദ്യാർത്ഥികളെ വേറിട്ട ചിന്തയിലേക്കു നയിക്കുന്ന ശക്തിയു ള്ള വഴികാട്ടികളാണ്. ഓരോ ചോദ്യത്തിലും ചോദിക്കാനുപയോഗിച്ച വാക്കുകളൊരാന്തരിക ചട്ടക്കൂട് അഥവാ കാഴ്ചപ്പാടു സൃഷ്ടിക്കുന്നു. ചോദ്യങ്ങളെല്ലാം ഉദ്ദിഷ്ട പഠനഫലം ആവശ്യപ്പെടുന്നവയായിരിക്കണം. അവ വസ്തുതകളെ ഓർത്തെടുക്കാനോ ഒരാശയം ചിത്രീകരിക്കാനോ അറിവു പ്രകടിപ്പിക്കാനോ സിദ്ധാന്തം പ്രയോഗിക്കാനോ വിലയിരുത്താനോ വിമർശിക്കാനോ പരിഷ്കരിക്കാനോ തള്ളിക്കളയാനോ ബദലു നിർദ്ദേശിക്കാനോ ആവാം.

വസ്തുതകളോര്ക്കലായാലും ആശയം മനസ്സിലാക്കലായാലും ക്രിയാക്രമം പ്രായോ ഗിക്കലായാലും ആത്മപ്രകാശനമായാലും ഒരുവ്യവസ്ഥയോ ഘടനയോ തിരിച്ചറി യലായാലും അതിന്റെ ഘടകതല അപഗ്രഥനമായാലും വിലയിരുത്തലായാലും ഘ ടകങ്ങളെ സാദ്ധ്യമായ മറ്റു ഘടനകളിലേക്കു പുനർഘടിപ്പിക്കലായാലും പുതിയ ഘ ടന നിർമ്മിക്കലായാലും ചോദ്യങ്ങളെല്ലാം വിദ്യാർത്ഥികളോടു അവരുടെ കഴിവുകളോരോന്നും അവതരിപ്പിക്കാനാവശ്യപ്പെടണം.

കൊഴ്സുകളുടെയും പ്രോഗ്രാമുകളുടെയും ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടോ എന്നു പരീക്ഷിക്കുന്നവയാവണം ചോദ്യങ്ങളെല്ലാം.

പരിശോധിക്കാനുദ്ദേശിക്കുന്ന ബോധതലങ്ങളുടെ അടിസ്ഥാനത്തിലാണു ചോദ്യ ങ്ങളുടെ ഭാരവും ഗ്രെയിഡും നിശ്ചയിക്കേണ്ടത്. വലിയ വെല്ലുവിളിയാവുന്ന ബോധതലം അളക്കുന്ന ചോദ്യത്തിനായിരിക്കണം ഏറ്റവും ഉയർന്ന ഗ്രെയിഡുനിശ്ചയി ക്കേണ്ടത്.

ചോദ്യങ്ങളുടെ ഘടനയും രീതിയും സയന്റിഫിക്കായിരിക്കണം. സയന്റിഫിക് രീതി ചോദ്യങ്ങളെ ബോധനതലങ്ങള്ക്കനുസ്യതമായി ആറു ഗ്രൂപ്പുകളായി തരംതിരിക്കലാണ്. ഓർമ്മ (R) ഗ്രഹണം (U) പ്രയോഗം (Ap)

അപഗ്രഥനം (An) മൂല്യനിർണ്ണയം (E) സൃഷ്ടി (C) എന്നിവയോ അവ ചെറുവയാക്കിയുള്ള മൂന്നു സംയോജിതങ്ങളോ R+U, Ap+An, and E+C ആവാം.

ബിരുദതല പരീക്ഷക്കു ചെയ്യാവുന്നത് ആറു ഗ്രൂപ്പുകളിലായി അഥവാ മൂന്നു സംയോ ജിതങ്ങളിലായി മാർക്ക്/ഗ്രെയിഡ് പോയിന്റ്സ് വിഭജിക്കുകയാണ്. അത് A,B,C, D,E&F അഥവാ A,B&C എന്നു ക്രമപ്പെടുത്താം. ഏറ്റവും താഴ്ന്ന മാർക്ക്/ഗ്രെയിഡ് തൊട്ടു ആരോഹണ ക്രമം പാലിക്കുകയാണു സയന്റിഫിക് രീതി. ഉദാഹരണം:: 5%+10%+15%+20%+25%+25% അഥവാ 10%+30%+60%.

ബിരുദാനന്തരതല പരീക്ഷയ്ക്കു പിന്തുടരാവുന്നതു പ്രയോഗം അപഗ്രഥനം മൂല്യ നിർണ്ണയം സൃഷ്ടി എന്നീ ഉയർന്ന ബോധനതലങ്ങളിലേക്കു മാർക്ക്/ഗ്രെയിഡ് പോയിന്റ്സ് നിജപ്പെടുത്തുകയാണ്. അതനുസരിച്ച് ചോദ്യങ്ങളെ നാലോ രണ്ടോ ഗ്രൂപ്പുകളായി വിഭാജിക്കലാണു സയന്റിഫിക് രീതി. മാർക്ക്/ഗ്രെയിഡ് പോയിന്റ്സ് 10%+20%+30%+50% അഥവാ 40%+60% എന്ന ക്രമത്തിലാവാം.

ചോദ്യങ്ങളുണ്ടാക്കുന്നത് ഇപ്രകാരം മുൻകൂട്ടി തയാറാക്കിയ മാതൃകയിലാവുന്നതു ഫലപ്രദമായിരിക്കും. മേൽപ്പറഞ്ഞ ടാക്സോണമി അനുസരിച്ചുള്ള ചോദ്യരചന സുഗമമാക്കുന്ന സോഫ്റ്റുവേറുകളിന്നു ലഭ്യമാണ്.

കേന്ദ്രീകൃത പരീക്ഷാ സമ്പ്രദായം ഉപേക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഉടനെ അതു സാദ്ധ്യമല്ലെങ്കിലിനി സർവ്വകലാശാലകളൊക്കെയും ഗുണനിലവാരവും വിശ്വാസ്യതയുമുള്ള പരീക്ഷാ നടത്തിപ്പിനായി ചെയ്യേണ്ടതു പരിഷ്കൃത സാങ്കേതി ക വിദ്യയിലധിഷ്ഠിതമായ പ്രോക്റ്റേർഡു സെന്ററു സ്ഥാപിക്കുകയാണ്.

വിദ്യാർത്ഥികളുടെ ഗ്രഹണശേഷിയും ബോധനതലങ്ങളും പലവഴിക്കും പരീക്ഷി ക്കുന്നതിനു ഇ - ഇങ്കു റൈറ്ററുപോലെ ഇന്റർനെറ്റടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പരിഷ്കൃത ഇലക്ട്രോണിക് ഉപകരങ്ങളെല്ലാം ഈ സെന്ററുകളുപയോഗിക്കണം.

ചോദ്യാവലി ഓണ്ലൈനായി വിതരണം ചെയ്യുന്നതും ഉത്തരം സ്വീകരിക്കുന്നതും ഉടനെ മൂല്യനിർണ്ണയം നടത്തുന്നതുമായ ഇ - ഇങ്കു ടാബ്ലറ്റുകളുടെ ഉപയോഗം നന്നായിരിക്കും. ഏതു സമയത്തു വേണമെങ്കിലും പരീക്ഷ (ATE) എന്ന സമ്പ്രദായം വിക സിപ്പിക്കുന്നതിനുള്ള സാദ്ധ്യത ഇതിനുണ്ട്.

ഇതിനു അയവുള്ള വിധം നിശ്ചിത കാലയളവിലേക്കു പ്രവർത്തനക്ഷമമാക്കി വെക്കാവുന്ന ഏതാനും പരീക്ഷാ ബൂത്തുകളുടെ ആവശ്യമേ ഉള്ളൂ. വിദ്യാർത്ഥികൾക്കു റെജിസട്രേഷനിലൂടെ അവരുടെ ഊഴം തിരഞ്ഞെടുത്തു പരീക്ഷക്കു വിധേയരാവാം. നിശ്ചിത സമയംകൊണ്ടു പരീക്ഷ പൂർത്തിയാക്കി മാർക്കും പരീക്ഷാഫലവും അറിഞ്ഞു ബൂത്തിൽനിന്നു പുറത്തിറങ്ങാം.

സാങ്കേതികവിദ്യയുടെ സാദ്ധ്യതകളനുസരിച്ചും വിജ്ഞാനമേഖലയിലെ ബോധനാ വശ്യം കണക്കിലെടുത്തും രഹസ്യാത്മകത ഉറപ്പുവരുത്തുന്ന പഴുതുകളില്ലാത്ത വ്യത്യ സ്ത നടപടിക്രമങ്ങളൊക്കെ സർവ്വകലാശാലകൾക്കു വികസിപ്പിക്കാവുന്നതേയു ള്ളൂ.

കോവിഡു19 പോയാലും ഇല്ലെങ്കിലും സാങ്കേതിക വിദ്യ വളർന്നുകൊണ്ടിരിക്കും. അതിനെ സമർത്ഥമായി ഉപയോഗിക്കുന്നവർക്കു മേൽക്കൈ ലഭിക്കുകയും ചെയ്യും. അല്ലാത്തവരുടെ ഗതി എലിസബത്ത് കൂബ്ലർ-റോസ് (Kubler-Ross) പറഞ്ഞപോ ലെ ആളുകളാദ്യം നിഷേധിക്കും പിന്നെ ഭയപ്പെടും തുടർന്നു വിലപേശും നിരാശരാവും ഒടുവിലെല്ലാം അംഗീകരിക്കും. അപ്പോഴേക്കും അവരേറെ പിന്തള്ളപ്പെട്ടു കഴി ഞ്ഞിരിക്കും.

## നടപടികളുടെ ആസൂത്രണം

**സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഐ.ടി സംബന്ധമായ അടിസ്ഥാന സൌകര്യങ്ങളുടെ സർവ്വെ**

കെ.എസ്.എച്.ഇ.സി. അതിന്റെ അഖിലകേരള ഉന്നത വിദ്യാഭ്യാസ സർവ്വെ യൂണിറ്റു വഴി സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഐ.ടി സംബന്ധ മായ അടിസ്ഥാന സെ[illegible]കര്യങ്ങളുടെ സർവ്വെ നടപടികളാരംഭിച്ചിട്ടുണ്ട്. പോർട്ടല ടിസ്ഥാനമാക്കിയുള്ള ഈ സർവ്വെ ഹാർഡ്‌വെയറിന്റെയും സോഫ്റ്റുവെയറിന്റെയും നെറ്റുവർക്ക് ഉപകരണത്തിന്റെയും കണക്ടിവിറ്റിയുടെയും യഥാർത്ഥ അവസ്ഥ വിലയിരുത്തുന്നതിനുവേണ്ടിയാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന ഡിജിറ്റലസമത്വത്തിന്റെ സ്വഭാവവും വ്യാപ്തിയും സംബന്ധിച്ചുള്ള മൂർത്തമായ വിവരം കെ.എസ്. എച്.ഇ.സി ശേഖരിക്കണം.

ഡിജിറ്റലസമത്വം നികത്താനുള്ള പോംവഴിക ളുടെനയപരമായ ശുപാർശ നൽകുന്നതിനും ഇങ്ങനെ സമാഹരിക്കുന്ന കാര്യവിവരം സഹായകമായിരിക്കും.
എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാനസൌ കര്യങ്ങളുടെ ഒരുബെഞ്ചുമാർക്ക് തയ്യാറാക്കലും ഇതി ലുൾപ്പെടും. നിർദ്ദിഷ്ട കെ-ഫോണ് പ്രോജക്ടിന്റെ സന്ദർഭത്തിലീ സർവ്വേ കേരളാ ഗവണ്മെന്റിനു സുപ്രധാന വിവരങ്ങളെത്തിച്ചുകൊടുക്കും.

**ഹ്രസ്വകാല നടപടി I**

1. **സിലബസ് പൂർത്തീകരണം**: സർവ്വകലാശാലാ വകുപ്പുകൾക്കും അഫിലിയേറ്റഡ് കൊളേജുകൾക്കും നടപ്പുവര്ഷത്തെ അക്കാദമിക നടപടിയാസൂത്രണം. അടച്ചുപൂട്ടലുകാരണം തടസ്സപ്പെട്ട പ്രോഗ്രാമുകളുടെ സിലബസ്സ് ഓണ്ലൈനു വഴിയോ ഓഫുലൈനു വഴിയോ രണ്ടിന്റെയും സങ്കരം വഴിയോ ഒരുനിശ്ചിത കാലയളവിനകത്തു പൂർത്തീകരിക്കുന്നതിനു ഓരോസർവ്വകലാശാലയും നടപടി സ്വീകരിക്കണം. ഈ സാഹചര്യം നേരിടുന്നതിനുവേണ്ട അടിസ്ഥാനസൌ കര്യങ്ങളുള്ളതു കൊണ്ട് സംസ്ഥാനത്തെ സർവ്വകലാശാലാവകുപ്പുകളെല്ലാം സജ്ജമാണ്. ധാരാളം വിദ്യാർത്ഥികളുള്ള എന്നാലടിസ്ഥാനസൌ കര്യം വേണ്ടത്ര ഇല്ലാത്ത അഫിലിയേറ്റഡ് കോളേജുകളുടെ സൌ കര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനു ഭരണകൂടമോ മറ്റേതെങ്കിലും ഫണ്ടിങ് ഏജൻസിയോ സഹായം ലഭ്യമാക്കണം.

**2. പരീക്ഷാ നടത്തിപ്പ്: തിയറി**

പൂർത്തീകരിച്ചിട്ടില്ലാത്ത സെമസ്റ്ററു പരീക്ഷകളെത്രയും വേഗം ഓരോസർവ്വകലാശാ ലയും ഷെഡ്യൂളു ചെയ്യുകയും അടുത്ത സെമസ്റ്ററിലെ അദ്ധ്യാപന-അദ്ധ്യയന പ്രക്രിയ നിശ്ചിത സിലബസ്സുപ്രകാരം മുമ്പോട്ടുപോവുന്നുവെന്നുറപ്പു വരുത്തുകയും വേണം.

**3. പരീക്ഷാ നടത്തിപ്പ്: പ്രാക്ടിക്കലുപേക്ഷിക്കണം**

സെമസ്റ്ററവസാനം എക്സ്റ്റേണലായി നടത്തുന്ന പ്രാക്ടിക്കലുകളുടെ പരീ ക്ഷ ആവശ്യമില്ലെന്നു തീരുമാനിക്കണം. പകരം വിദ്യാർത്ഥികളുടെ പരിശീലന വേളയിലെ പ്രക്ടിക്കലുകളുടെ റെക്കോഡുനോക്കി ശരാശരിയെടുത്തു ബന്ധപ്പെട്ട വിഷയങ്ങളിലെ തുടർച്ചയായ വിലയിരുത്തലിന്റെ ഭാഗമായി അർഹമായ മാർക്കോ ഗ്രെയ്ഡോ അതാതു സ്ഥാപനത്തിലെ അദ്ധ്യാപകർക്കുതന്നെ നിശ്ചയിക്കാമെന്ന

തീരുമാനം സർവ്വകലാശാല കൈക്കൊള്ളുന്നതു ഉചിതമായിരിക്കും. ആവശ്യമായ ലാബ് പർഫോമൻസിന്റെ രേക്കൊടില്ലാത്ത സ്ഥാപനങ്ങൾക്കു ശാരീരിക അകലം പാലിച്ചുകൊണ്ടു പരീക്ഷാ നടത്തിപ്പിനുള്ള തീരുമാനം ആവശ്യമാണ്.

**4. കൈകൊണ്ടു ഫാൾസ് നമ്പരിടുന്ന സമ്പ്രദായത്തിനു പകരം ബാർകോ ഡഡ് ഉത്തരക്കടലാസുകളേർപ്പെടുത്തണം**

സി.ബി.സി.എസ്.എസ് ബിരുദ തലത്തിലും സി.എസ്.എസ് ബിരുദാനന്തര തലത്തിലും നടപ്പിലാക്കിയ സമയം തൊട്ട് ഭൂരിഭാഗം സർവ്വകലാശാലകളും ബാർകോഡഡ് ഉത്തരക്കടലാസുകളാണുപയോഗിച്ചുവരുന്നത്. ഇതു പരീക്ഷാനടത്തിപ്പിലും മൂല്യനിർണ്ണയത്തിലും പൂർവ്വാധികം സുരക്ഷിതത്വവും രഹസ്യാത്മകതയും ഉറപ്പാക്കിയിട്ടുണ്ട്. മാത്രമല്ല പരീക്ഷാ ഹാളിലെ ദുർന്നടപടി പരമാവധി ചുരുക്കുന്നതിനും സഹായകമായിട്ടു ഉണ്ട്. എല്ലാസർവ്വകലാശാലകളും ബാർകോഡഡ് ഉത്തരക്കടലാസു സമ്പ്രദായത്തിലേക്കു മാറണം.

**5. ഓൺ ലൈനായി ചോദ്യാവലി വിതരണം**

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും സ്വന്തമായി ഡിജിറ്റലായി ചോദ്യാവ ലി അഫിലിയേറ്റഡ് കോളേജുകളിലേക്ക് അയച്ചുകൊടുക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഉണ്ടായിരിക്കണം. .ചില സർവ്വകലാശാലകളിലിതു വികസിപ്പിച്ചു കഴിഞ്ഞിട്ടു ണ്ട്. അതു ബാക്കി സർവ്വകലാശാലകൾക്കും എളുപ്പം സ്വീകരിക്കാവുന്നതേയുള്ളൂ. ഈ സെ കര്യങ്ങളെല്ലാം ഓരോ സ്ഥാപനത്തിനും സ്വന്തമായി ഉണ്ടാവണം. ഒന്നും ബാഹ്യസ്രോതസ്സുകളെ ആശ്രയിച്ചാവരുത്.

**6. കേന്ദ്രീകൃത കാമ്പ് സമ്പ്രദായത്തിനു പകരം വീട്ടിലിരുന്നുള്ള മൂല്യനിർണ്ണ യം**

ഇന്നത്തെ നിലയ്ക്കു കേന്ദ്രീകൃത മൂല്യനിർണ്ണയ കാമ്പ് പ്രായോഗികമല്ല. അതു കൊണ്ടു ആവശ്യമായ സർവ്വകലാശാലാതല മേൽനോട്ടത്തോടെ വീട്ടിലിരുന്നുള്ള മൂല്യനിർണ്ണയം പിന്തുടരണം.

**II. ദീർഘകാല നടപടി**

കോവിഡാനന്തര വിദ്യാഭ്യാസാന്തരീക്ഷം കോവിഡിനു മുമ്പുള്ളതിൽനിന്നു അടിസ്ഥാനപരമായിത്തന്നെ വിഭിന്നമായിരിക്കും. എന്നിരുന്നാലും നമ്മുടെ അടിസ്ഥാന ലക്ഷ്യം നിലനില്ക്കും അതായതു നീതി തുല്യ പ്രവേശനാവസരം ഉന്നതവിദ്യാഭ്യാ സത്തിന്റെ ഗുണനിലവാരം നിലനിർത്തിക്കൊണ്ടുള്ള സാർവ്വലൌ കികവൽക്കരണം. പരമ്പരാഗത ക്ലാസുമുറി സങ്കേതം എന്നും പ്രസക്തമായിരിക്കും. കാരണം ഓൺലൈനദ്ധ്യയനം വ്യാപകമായ തോതിലായാൽപ്പോലും യതാർത്ഥ രീതിക്കു ബദലാവില്ല. സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഉള്ള അടിസ്ഥാന സൌകര്യങ്ങള്ക്കും മാനവവിഭവശേഷിക്കും തുല്യമായി ഓണ്ലൈനിനു പ്രവർത്തിക്കുക അസാദ്ധ്യമാണ്. എന്നിരുന്നാലും ഓൺ ലൈനദ്ധ്യയനം പോഷകമായി പ്രയോജന പ്പെടുന്ന തെങ്ങനെയെന്നു അദ്ധ്യേതാക്കളെ നേരിട്ടു ബോദ്ധ്യപ്പെടുത്തുന്നതിനു സഹായിക്കും. അതുകൊണ്ടു കെ.എസ്.എച്ച്.ഇ.സി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡിജിറ്റലടിസ്ഥാന സൌകര്യങ്ങളുടെ ലഭ്യതയെപ്പറ്റി വിശദമായ പഠനത്തെ അടിസ്ഥാനമാക്കി വിലയിരുത്തേണ്ടതാണ്. അതനുസരിച്ചു ഉന്നതവിദ്യാഭ്യാ സ സ്ഥാപനങ്ങൾക്കു ഡി.പി.ആറു തയ്യാറാക്കി MHRDക്കോ UGCക്കോ സംസ്ഥാന സർക്കാരിനോ സമർപ്പിച്ചു നയപരമോ ധനപരമോ സൌകര്യ സംബന്ധമോ ആയ സഹായം തേടാവുന്നതാണ്.

**III. അദ്ധ്യാപക പരിശീലനം:**

എല്ലാ അദ്ധ്യാപകർക്കും ഇ-അദ്ധ്യാപന വസ്തുക്കളു തയ്യാറാക്കുന്നതിലും എത്തിക്കുന്നതിലും ഒരുനിശ്ചിത സമയത്തിനകം പരിശീലനം പൂർത്തിയാക്കണം. ഇതിനു ഉന്നത വിദ്യാഭ്യാസ കൌൺസിലിന്റെ വൻതോതിലുള്ള പരിശീലന പരിപാടികളുടനെ ഓൺ ലൈനായി ആരംഭിക്കേണ്ടതുണ്ട്.

**IV. സങ്കര പാഠ്യപദ്ധതി**

ഇ-അദ്ധ്യാപന അദ്ധ്യയന മൂല്യനിർണ്ണയ തന്ത്രങ്ങളോടൊപ്പം ഇ-ഉള്ളടക്കവും ചേർത്തു എല്ലാ പ്രോഗ്രാമുകളുടെയും പാഠ്യപദ്ധതി പരിഷ്കരിക്കണം. എല്ലാ സർവ്വകലാശാലകളും ഈ കൃത്യം ഒരുനിശ്ചിത സമയത്തിനകം പൂർത്തിയാക്കണം. ഓൺ ലൈനായുള്ള അദ്ധ്യാപന അദ്ധ്യയന മൂല്യനിർണ്ണയ കൃത്യങ്ങളെ ല്ലാം ഗുണനിലവാരം നിലനിർത്തുന്നുവെന്ന് ഉറപ്പു വരുത്തണം. അതിനു പ്രസ്തുത കൃത്യങ്ങളുടെ മാനദണ്ഡങ്ങളിലെന്തൊക്കെ

മാറ്റങ്ങളാണു വരുത്തേണ്ടതെന്നു നിശ്ചയിക്കാനായി കെ.എസ്.എച്ച്.ഇ.സി ഒരുപഠനം നടത്തണം.

**V. വിദ്യാഭ്യാസ മൾട്ടിമീഡിയ കേന്ദ്രം**

യു.ജി.സിയുടെ അന്തർസർവ്വകലാശാലാ കേന്ദ്രങ്ങളിലൊന്നായ കൺസോർഷ്യം ഫോർ എഡ്യുക്കേഷണൽ റിസർച്ച് സെന്ററിനു കീഴിലുള്ള 22 വിദ്യാഭ്യാസ മൾട്ടിമഡിയ കേന്ദ്ര (EMRC) ങ്ങളിലൊന്നു കാലിക്കറ്റ് സർവ്വകലാശാലയിലാണ്. CEC ഉന്നത വിദ്യാഭ്യാസാവശ്യങ്ങൾക്കായി ടെലിവിഷനും ഉയർന്നു വരുന്ന മറ്റനുയോജ്യ വിവരസാങ്കേതികവിദ്യ (ICT) പ്രയോജനപ്പെടുത്തുന്നതിനു സർവ്വകലാശാലകളെ സഹായിക്കാനുദ്ദേശിച്ചുള്ളതാണ്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് അവയുടെ മൂക്ക് കോഴ്സുകളും ഇ–ഉള്ളടക്കം ഇ–ടിവി ഉള്ളടക്കനിർമ്മാണം തുടങ്ങിയവയ്ക്കും കാലിക്കറ്റ് സർവ്വകലാശാലയുടെ EMRC യെ ആശ്രയിക്കാവുന്നതാണ്.

**VI. സംസ്ഥാനതല ശേഖരം**

EMRC ഒരു സംസ്ഥാനതലക്കുപുറമെ എല്ലാ സർവ്വകലാശാലകള്ക്കുമായി ഓൺ ലൈനദ്ധ്യയന സാമഗ്രികളുടെ ഒരുസംസ്ഥാനതല ശേഖരം കെ.എസ്.ഇ.എച്ച്. എസിന്റെ ആഭിമുഖ്യത്തിലാരംഭിക്കാവുന്നതാണ്. അദ്ധ്യാപനസാമഗ്രികളെ ഡിജിറ്റ ലൈസു ചെയ്തു സൂക്ഷിക്കാനും അടിസ്ഥാന സാങ്കേതിക സജ്ജീകരണം ഉറപ്പാ ക്കാനും അദ്ധ്യാപന സങ്കേതങ്ങളും ഇ-ഉള്ളടക്ക നിർമ്മാണ പരിശീലന സെ കര്യവും എല്ലാ സർവ്വകലാശാലകള്ക്കും ലഭ്യമാക്കുന്നതിനും അതുപകരിക്കും.

**VII.സംസ്ഥാനതല കൺസോർഷ്യം**

ഉന്നതവിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്.എച്ച്.ഇ. സി കേന്ദ്രമാക്കി സർവ്വകലാശാലകളുടെ പങ്കാളിത്തത്തോടെ ഇ-ജേർണലുകൾക്കും മറ്റുഗവേഷണ പ്രസിദ്ധീകരണങ്ങൾക്കും ഒരുസംസ്ഥാനതല കൺസോർഷ്യം സൃഷ്ടിക്കാനുള്ള നടപടികളെല്ലാം എത്രയും വേഗം പൂർത്തീകരിച്ചു പ്രവർത്തനക്ഷമാമാക്കണം.

**VIII. പ്രത്യേക ധനസഹായ പദ്ധതി**

അടച്ചുപൂട്ടലിന്റെ സാഹചര്യം സർവ്വകലാ ശാലകളിൽനിന്നുള്ള ആന്തരിക വറുമാനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. അതു കൊണ്ടു സർവ്വകലാശാലകൾക്കു പ്രത്യേക ധനസഹായം ആവശ്യ മാണ്. അതിനുവേണ്ട തുക നിശ്ചയിക്കുന്നതിനും അക്കാദമികാവശ്യങ്ങളനുസരിച്ചു സർവ്വകലാശാലകൾക്കു നൽകുന്നതിനും പുതിയൊരു സ്കീം തയാറാക്കണം.

## IX. വെറുതെയോ സഹായനിരക്കിലോ ഓൺലൈനടിസ്ഥാനസൌകര്യം

വേണ്ടത്ര സാമ്പത്തിക ശേഷിയില്ലാത്ത വിദ്യാർത്ഥികൾക്കു ഓൺലൈന ദ്ധ്യയന പ്രവേശനം സുഗമമാക്കണം. അദ്ധ്യയനത്തനു വേണ്ട ഉപകരണ ങ്ങളായ സെൽഫോണും ഇന്ററർനെറ്റും ടെലിവിഷനും ലാപ്ടോപ്പും വെറുതെയോ സഹായവിലയ്ക്കോ ലഭ്യമാക്കുകയും വേണം. മഹാത്മാഗാന്ധി സർവ്വകലാശാല വിദ്യാർത്ഥികളുടെ സങ്കടനിവാരണത്തിനായി ഉണ്ടാക്കിയ ഹെൽപ്പ്ലൈനും സർവ്വ കലാശാലയുടെ അന്തർസർവ്വകലാശാലാ ഡിസെബിലിറ്റി പഠനകേന്ദ്രം നടത്തിയ ശ്രമവും ഇതിനു നല്ല ഉദാഹരണമാണ്.

## X. പെൺകുട്ടികളുടെ അടിസ്ഥാന സൗകര്യവികസനം

പെൺകുട്ടികൾക്കായി എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും വേണ്ടത്ര അടിസ്ഥാന സെ കര്യങ്ങളില്ലെന്ന പരാതിയുണ്ട്. കെ.എസ്.എച്ച്.ഇ.സി ഒരു സർവ്വേ നടത്തി യഥാർത്ഥ സാഹചര്യം വിലയിരുത്തണം. ആവശ്യമായ ഹോസ്റ്റ ലുകളും ആരോഗ്യ പരിചരണവും ഓൺ ലൈനദ്ധ്യയന സെ കര്യവും സജ്ജമാ ക്കുന്നതിനു പ്രത്യേക ശ്രദ്ധ വേണമെന്നു സ്ഥാപനങ്ങളെ ഉപദേശി ക്കണം.

## XI. ശ്രദ്ധപതിയേണ്ട പുതിയ പഠന മണ്ഡലം

കോവിഡ്19 പകർച്ചവ്യാധി ഉന്നത വിദ്യാഭ്യാസ പഠനവിഷയങ്ങളിലും പാഠ്യ പദ്ധതിയിലും ഒരുവഴിത്തിരിവുണ്ടാക്കിയിരിക്കുന്നു. സർവ്വകലാശാലകളിലും കോളേജുകളിലും പകർച്ചവ്യാധിയും ആരോഗ്യവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ബഹു വിഷയസമീപനം പുലർത്തുന്ന പുതിയ അദ്ധ്യാപന അദ്ധ്യയന ഗവേഷണ വിഷയ ങ്ങളു പലതും ശ്രദ്ധ കൈവരിച്ചിട്ടുണ്ട്.

i) ആരോഗ്യ കാർഷിക സർവ്വകലാശാലകളുൾപ്പെടെ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും സായൻസിക സാങ്കേതിക മാനേജുമെന്റ് മേഖലകളി ലെല്ലാം വ്യാവസായിക

സെ൭ഹൃദപരമായ ക്രോസ് ഡിസിപ്ലിനറി ഏകോപിത ബിരുദാനന്തര ഗവേഷണ പ്രോഗ്രാമുകളാരംഭിക്കാവുന്നതാണ്. കണ്ണൂർ സർവ്വകലാശാലയ്ക്കു നരവംശശാസ്ത്രം കേന്ദ്രഘടകമാക്കി മറ്റുപല ക്രോസ് ഡിസിപ്ലി നറിപ്രോഗ്രാമുകളെപ്പറ്റിയും ആലോചിക്കാം

ii) കണ്ണൂർ സർവ്വകലാശാലയ്ക്കു കാലിക്കറ്റ് സർവ്വകലാശാലയുമായും ആരോഗ്യ സർവ്വകലാശാലായുമായും സഹകരിച്ചു ബയോടെക്നോളജിയും ബയോകെ മിഷ്ട്രിയും കേന്ദ്രഘടകമാക്കി മറ്റുപല ക്രോസ് ഡിസിപ്ലിനറി പ്രോഗ്രാമുകളെ പ്പറ്റിയും ആലോചിക്കാം

iii) കാലിക്കറ്റ് സർവ്വകലാശാലയ്ക്കു ഫാൾക്കനെപ്പറ്റി പഠനം നടത്തുന്ന കേന്ദ്രവും പശ്ചിമേഷ്യാ പഠന കേന്ദ്രവും സഹകരിച്ചുള്ള ക്രോസ് ഡിസിപ്ലിനറി പ്രോഗ്രാമുകളെപ്പറ്റി ആലോചിക്കാം.

iv) കുസാറ്റും എംജിയും സഹകരിച്ചു ഐപിആരിലും അന്താരാഷ്ട്ര ബന്ധങ്ങളിലും നാനോടെക്നോളജിയിലും വ്യവസായ സെ൭ഹൃദ പരമായ ക്രോസ്ഡി സിപ്ലിനറി പ്രോഗ്രാമുകളാരംഭിക്കാവുന്നതാണ്.

v) എംജിയു അതിന്റെ KN രാജ് കേന്ദ്ര സംസ്ഥാന ബന്ധ പഠന കേന്ദ്രം സ്റ്റാറ്റ്യൂട്ടറി സെന്ററാക്കി മാറ്റി ആവശ്യത്തിനു വിദഗ്ദ്ധരെ നിയമിക്കുകയും അവിടെ സാമ്പത്തിക ശാസ്ത്രം കേന്ദ്രഘടകമാക്കിയുള്ള ക്രോസ്ഡി സിപ്ലിനറി പ്രോ ഗ്രാമുകളാരംഭിക്കുകായും വേണം.

## XII. ലിംഗനീതിക്കായുള്ള പാഠ പുസ്തക പരിശോധന

മെഡിസിന്റെയും എഞ്ചിനിയറിങ്ങിന്റെയും സൈക്യാട്രിയുടെയും നിയമത്തിൻറെയും പാഠപുസ്തകങ്ങളിലെ സാങ്കേതികവും അല്ലാത്തതുമായ പദപ്രയോഗങ്ങളധികവും കാലഹരണപ്പെട്ടതും ലിംഗനീതി ഉറപ്പാക്കുന്ന പുതിയ ആക്ടുകൾക്കു നിരക്കാത്ത തുമാണെന്ന ആക്ഷേപമുണ്ട്. അവ പരിഹരിക്കുന്നതിനായി പാഠപുസ്തക പരി ശോധനയും നയോപദേശവും ആവശ്യമാണ്. ഇതിനായി കെ.എസ്.എച്ച്.ഇ.സി വിദഗ്ദ്ധരുടെ സമ്മേളനം വിളിച്ചുകൂട്ടി നിയമപരമായ പരിഷ്കരണം വേണ്ട പദാവലി തയാറാക്കുകയും മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരുസമഗ്രരേഖ നായരൂപീകരണത്തിനായി സർക്കാരിനു സമർപ്പിക്കുകയും വേണം.

### XIII. പരീക്ഷാ സമ്പ്രദായ നവീകരണം

സര്വ്വകലാശാലകളിലെ പരീക്ഷാ സമ്പ്രദായം ഒരുവിദഗ്ദ്ധ സമിതിയെ നിശ്ചയിച്ചു സമ്പൂർണ്ണ നവീകരണത്തിനു വിധേയമാക്കണം. ഇതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ അടിയന്തര നടപടികലാവശ്യമാണ്.

* * *